2020 October | Vol 42 | No:09 | ₹10

# വനിതാബോധിനി

രൂപാന്തരപ്പെടുത്തുന്ന ദൈവിക സന്ദേശം



## കുടുംബം ദൈവദാനം

നന്മയുടെ വഴിയിൽ 89 വർഷം പിന്നിട്ട്, സഭയുടെ കർമ്മപാതയ്ക്ക് ശക്തി പകർന്ന് സേവികാസംഘത്തിന്റെ രക്ഷാധികാരിയായി ഉപദേശവും ഉദ്ബോധനവും നൽകുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ നവതിയോടനുബന്ധിച്ച് ജൂൺ 27 – ാം തീയതി ആയിരം വൃക്ഷത്തൈകൾ നടണമെന്നകേന്ദ്ര സേവികാസംഘത്തിന്റെ ആഹ്വാനം മണ്ണിന് പച്ചപ്പായും മനസ്സിന് പ്രസരിപ്പായും ഏറ്റെടുത്ത ശാഖാ സേവികാസംഘാംഗങ്ങൾ....


Marakulam


Nikarupuram Hermon


Aranmula St. Thomas



Chathenkery St. Pauls


Thelliyoor Salem Valakuzhy


Palankara Horeb


Raipur


Gandhidham


Mallappally Sehiyon


Tatibandh St. Johns


Anaprampal


Mookkuthala Salem


Chalickal Immanuel


Kurupuzha


Inchakkadu Bethel


Moothedam Ebenezer


Delhi Jerusalem


Udaipur, Rajasthan


Maramon Mar Thoma



Akamkudy Bethel

# വനിതാബോധിനി

2020 October | Vol 42 | No.09

Motivated solely by the Gospel, Vanitha Bodhini aims to nurture, encourage and equip women to faithfully and fully use their God-given gifts to glorify God

## ഉള്ളടക്കം

04 സേവികാസംഘം അദ്ധ്യക്ഷനിൽ നിന്നും....

06 എഡിറ്റോറിയൽ

07 ജനറൽ സെക്രട്ടറിയുടെ കത്ത്...

09 ആധുനിക കുടുംബം നേരിടുന്ന....

11 Let's FEAR together with a.....

12 പ്രബുദ്ധ കേരളം കിരാത സംസ്കാരം

13 The Biblical Perspective of Family

15 കുടുംബം-ദൈവിക പദ്ധതിയുടെ പൂർത്തീകരണം

17 Family- A Divinely Inspired....

19 കുടുംബം ദൈവത്തിന്റെ ദാനം

21 മാറ്റത്തിനു വഴികാണിക്കുന്നവർ

22 കവിത: നന്മ മരങ്ങളെ നമിക്കാം

23 ഇൻഡ്യൻ ക്രൈസ്തവ ചരിത്രം പരമ്പര

25 ബൈബിൾ ക്വിസ്

26 ബലാത്സംഗ സംഭവങ്ങളും....

27 പ്രതിദിനധ്യാനം

**ചിന്താവിഷയം**

2020 നവംബർ

**കുഞ്ഞുങ്ങൾ ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞവർ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ

**പ്രൊഫ. ഡോ. അച്ചാമ്മ മാത്യു**

മാനേജിംഗ് എഡിറ്റർ

**മിസ്സസ് കുസുമം തോമസ്**

എഡിറ്റേഴ്സ്

**രാജം റെയ്ചൽ മാത്യു**
**സുമ ജോർജ്ജ്**
**മറിയാമ്മ വർക്കി റ്റി.കെ.**
**വത്സമ്മ മാമച്ചൻ**
**സാറാമ്മ ഈപ്പൻ**


Cover Design:
Mr. Biju T. Mathew
Immanuel MTC, Houston, USA

Bank Details
Vanitha Bodhini
A/c No. 10290100127799
Federal Bank, Thiruvalla
IFSC: FDRL0001029

Editor, Vanithabodhini,
Manjadi P.O., Thiruvalla -689 105
Ph: 0469-2630434, 9446869576
E-mail: vanithabodhini@gmail.com

Vanithabodhini Subscription Plans
Lifetime (15 years): Rs. 1500/-
Annual: Rs. 150, Abroad: Rs: 1500/ year
(incl. Postal Charges)

# സേവികാസംഘം അദ്ധ്യക്ഷനിൽ നിന്നും.....



കർത്താവിൽ പ്രിയ അമ്മമാരേ, സഹോദരിമാരേ,

**വ**നിതാ ബോധിനിയുടെ ഒക്ടോബർ ലക്കം മുഖ്യ ചിന്താവിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത് 'കുടുംബം ദൈവദാനം' എന്നതാണല്ലോ. ദൈവത്തിന്റെ ദാനങ്ങളിൽ ഏറ്റവും വിലയേറിയ ഒന്നാണ് കുടുംബം. മനുഷ്യന്റെ ഭാവനയിൽ ഉദിച്ചുവന്ന സംവിധാനമല്ല കുടുംബം, പിന്നെയോ ദൈവത്തിന്റെ സ്വപ്നങ്ങളിൽ ഉദിച്ചു വന്ന ഒരു ദർശനമാണ് കുടുംബം. ആദ്യം ആ കുടുംബം രൂപകൽപ്പന ചെയ്തത് ദൈവം തന്നെയാണ്. ആദാമിന് തക്ക തുണയെ കണ്ടെത്തിയത് ദൈവം തന്നെയാണ്. ആദമും ഹവ്വായും ഒരു കുടുംബമായി ജീവിച്ചു തുടങ്ങിയപ്പോൾ അവരുടെ കുടുംബത്തിന്റെ സന്തോഷം ദൈവത്തോടുള്ള ബന്ധത്തിലായിരുന്നു അവർ കണ്ടെത്തിയത്. എന്നാൽ പാപത്തിന്റെ പ്രലോഭനങ്ങൾക്ക് അവർ വിധേയരായപ്പോൾ പരസ്പരം അകലുന്നവരും ദൈവത്തിൽ നിന്ന് അകലുന്നവരുമായി തീരുന്ന കാഴ്ചയാണ് ഏദൻ തോട്ടത്തിൽ നാം കാണുന്നത്. ഏദൻതോട്ടത്തിൽ ഉദിച്ചുയർന്ന സന്തുഷ്ട കുടുംബദർശനം ആദിമാതാപിതാക്കൾ ദൈവത്തിൽ നിന്നും അകന്നതോടുകൂടി നഷ്ടപ്പെടുത്തിക്കളയുമ്പോൾ ആ കുടുംബദർശനം തകർക്കപ്പെടുകയായിരുന്നു. ദൈവം ദാനമായി നൽകിയ കുടുംബത്തിന്റെ മൂല്യം തിരിച്ചറിയാൻ കഴിയാതെ പോയതാണ് ആദിമാതാപിതാക്കൾക്കു പറ്റിയ പരാജയം.

ദൈവം ദാനം നൽകുമ്പോൾ ആ ദാനത്തിലൂടെ ദൈവം തന്റെ ലക്ഷ്യം ലോകത്തെ അറിയിക്കുകയാണ് ചെയ്യുന്നത്. ഓരോ കുടുംബവും ഭൂമിയിലെ ഒരു സ്വർഗമായിരിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. സ്വർഗം എന്നു പറഞ്ഞാൽ ദൈവം വസിക്കുന്ന ഇടവും ദൈവത്തിന്റെ ഹിതം നിറവേറപ്പെടുന്ന ഇടവുമായിരിക്കണം. ആ കുടുംബം സമൂഹത്തിൽ ദൈവരാജ്യത്തിന്റെ അടിസ്ഥാനഘടകമായി വർത്തിക്കണം എന്നും ദൈവം ആഗ്രഹിക്കുന്നുണ്ട്. വിശുദ്ധിയുടെ പരിമളം തൂകുന്ന ഇടമായിരിക്കണം ഓരോ കുടുംബവും. ഒരു കുടുംബം വസിക്കുന്ന ഭവനം ഒരു ദൈവാലയമായി മാറണം. ആ ഭവനത്തിൽ നിന്ന് കുടുംബം എന്ന വലിയ ദാനത്തെ നൽകിയ ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കണം. കുടുംബപ്രാർത്ഥനയിലൂടെ ദൈവം പറയുന്നതു കേൾക്കുകയും ദൈവത്തോടു പങ്കു വെയ്ക്കാനുള്ളതു പങ്കു വെയ്ക്കുകയും വേണം.

"ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും' എന്നു യോശുവാ പറയുമ്പോൾ ആ കുടുംബം ഭൂമിയിലെ ഒരു ആരാധനാലയമായി മാറുകയാണ്. വാഗ്ദത്ത നാട്ടിലേക്കു ഇസ്രായേൽ ജനത പ്രവേശിക്കുമ്പോൾ ഇതുവരെ നടത്തിയ ദൈവത്തെ മറന്ന് കനാനിലെ ദേവന്മാരെ സേവിക്കുവാനുള്ള ഒരു പ്രലോഭനം ഇസ്രായേൽ ജനതയ്ക്കുണ്ടായിരുന്നു. തങ്ങൾക്കു ലഭിച്ചതെല്ലാം ദൈവത്തിന്റെ ദാനമെന്നു തിരിച്ചറിഞ്ഞ യോശുവ ഇത്തരം പ്രലോഭനങ്ങൾക്കു കീഴ്പ്പെടാതെ തന്റെ തീരുമാനം പ്രഖ്യാപിക്കുന്നതായിട്ടാണ് നാം കാണുന്നത്. ശേഖേമിൽ വെച്ച് യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു എന്നു പറഞ്ഞുകൊണ്ട് ദൈവത്തിന്റെ അരുളപ്പാട് ജനത്തെ യോശുവാ അറിയിക്കുന്ന സംഭവം എല്ലാം ദൈവത്തിന്റെ ദാനമത്രേ ആകുന്നു എന്നു തിരിച്ചറിയാൻ പ്രേരിപ്പിക്കുന്നതാണ്. ദൈവത്തിന്റെ അരുളപ്പാട് വ്യക്തമായി അവതരിപ്പിച്ചതിനുശേഷമാണ് യോശുവ തന്റെ നിലപാട് എന്തെന്നു ജനത്തെ അറിയിച്ചത് – "നിന്റെ വാളുകൊണ്ടല്ല, നിന്റെ വില്ലുകൊണ്ടും അല്ല. നിങ്ങൾ പ്രയത്നം

ചെയ്യാത്ത ദേശവും നിങ്ങൾ പണിയാത്ത പട്ടണങ്ങളും ഞാൻ നിങ്ങൾക്കു തന്നു. നിങ്ങൾ അവയിൽ പാർക്കുന്നു; നിങ്ങൾ നട്ടിട്ടില്ലാത്ത മുന്തിരിത്തോട്ടങ്ങളും ഒലിവുതോട്ടങ്ങളും നിങ്ങൾക്കു അനുഭവമായിരിക്കുന്നു. ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ട് അവനെ പരമാർത്ഥതയോടും വിശ്വസ്തതയോടും കൂടെ സേവിപ്പിൻ. നിങ്ങളുടെ പിതാക്കന്മാർ നദിക്കക്കരെയും മിസ്രയീമിലും വെച്ച് സേവിച്ച ദേവന്മാരെ ഉപേക്ഷിക്കയും യഹോവയെ തന്നെ സേവിക്കുകയും ചെയ്വിൻ. യഹോവയെ സേവിക്കുന്നത് നന്നല്ലെന്ന് നിങ്ങൾക്കു തോന്നുന്നെങ്കിൽ നദിക്കക്കരെ വെച്ച് നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തു വരുന്ന ദേശത്തിലെ അമോര്യരുടെ ദേവന്മാരെയോ ആരെ സേവിക്കും എന്ന് ഇന്ന് തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും". (യോശു. 24:13-15). ദാനം നൽകിയവനെ ഉപേക്ഷിച്ച് അന്യദൈവങ്ങളുടെ പിറകെ പോകരുത് എന്ന സന്ദേശമാണ് തന്റെ സാക്ഷ്യത്തിലൂടെ യോശുവാ തന്റെ ജനതയ്ക്കു നൽകിയത്. വന്ന വഴികളെ ഓർമ്മിപ്പിച്ച യോശുവായുടെ ആ മാതൃക ഇന്ന് ഓരോ കുടുംബത്തിലും നടക്കേണ്ടതാണ്.

ദൈവം തങ്ങൾക്കു ദാനമായി നൽകിയ മക്കളോട് ദൈവം തങ്ങളെ നടത്തിയ വഴികളെക്കുറിച്ച് ഇന്ന് മാതാപിതാക്കൾ എത്രമാത്രം പറഞ്ഞുകൊടുക്കുന്നുണ്ട് എന്ന് ആത്മപരിശോധന നടത്തേണ്ട കാലഘട്ടമാണിത്. യോശുവാ ദൈവം നടത്തിയ വഴികളെക്കുറിച്ച് ഓർമ്മിപ്പിച്ചപ്പോൾ യിസ്രായേൽ ജനതയ്ക്കു വിവേകം ഉദിച്ചു എന്ന യാഥാർത്ഥ്യം നാം മറക്കരുത്. "അതിന്നു ജനം ഉത്തരം പറഞ്ഞതു: യഹോവയെ ഉപേക്ഷിച്ചു അന്യദൈവങ്ങളെ സേവിപ്പാൻ ഞങ്ങൾക്കു സംഗതി വരരുതേ. ഞങ്ങളെയും ഞങ്ങളുടെ പിതാക്കന്മാരെയും അടിമവീടായ മിസ്രയീം ദേശത്തുനിന്നു പുറപ്പെടുവിച്ചു ഞങ്ങൾ കാൺകെ ആ വലിയ അടയാളങ്ങൾ പ്രവർത്തിക്കയും ഞങ്ങൾ നടന്ന എല്ലാവഴിയിലും ഞങ്ങൾ കടന്നുപോന്ന സകലജാതികളുടെ ഇടയിലും ഞങ്ങളെ രക്ഷിക്കയും ചെയ്തവൻ ഞങ്ങളുടെ ദൈവമായ യഹോവ തന്നേയല്ലോ. ദേശത്തു പാർത്തിരുന്ന അമോര്യർ മുതലായ സകലജാതികളെയും യഹോവ ഞങ്ങളുടെ മുമ്പിൽനിന്നു നീക്കിക്കളഞ്ഞു; ആകയാൽ ഞങ്ങളും യഹോവയെ സേവിക്കും; അവനല്ലോ ഞങ്ങളുടെ ദൈവം. യോശുവ ജനത്തോടു പറഞ്ഞതു: നിങ്ങൾക്കു യഹോവയെ സേവിപ്പാൻ കഴിയുന്നതല്ല; അവൻ പരിശുദ്ധദൈവം; അവൻ തീക്ഷ്ണതയുള്ള ദൈവം; അവൻ നിങ്ങളുടെ അതിക്രമങ്ങളെയും പാപങ്ങളെയും ക്ഷമിക്കയില്ല. നിങ്ങൾ യഹോവയെ ഉപേക്ഷിച്ചു അന്യദൈവങ്ങളെ സേവിച്ചാൽ മുമ്പെ നിങ്ങൾക്കു നന്മചെയ്തതുപോലെ അവൻ തിരിഞ്ഞു നിങ്ങൾക്കു തിന്മചെയ്തു നിങ്ങളെ സംഹരിക്കും. ജനം യോശുവയോടു: അല്ല, ഞങ്ങൾ യഹോവയെത്തന്നേ സേവിക്കും എന്നു പറഞ്ഞു. യോശുവ ജനത്തോടു: യഹോവയെ സേവിക്കേണ്ടതിന്നു നിങ്ങൾ അവനെ തിരഞ്ഞെടുത്തിരിക്കുന്നു എന്നതിന്നു നിങ്ങൾ തന്നേ സാക്ഷികൾ എന്നു പറഞ്ഞു. അതേ, ഞങ്ങൾ തന്നേ സാക്ഷികൾ എന്നു അവർ പറഞ്ഞു" (യോശുവ 24:16-22). ഓരോ കുടുംബത്തിനും തലമുറകളിലേക്ക് ഇപ്രകാരം വിശ്വാസ സാക്ഷ്യം പകരുവാനുള്ള ഉത്തരവാദിത്വമുണ്ട്.

ദൈവം ഭൂമിക്കു നൽകിയ ഏറ്റവും വലിയ ദാനം തന്റെ പുത്രൻ തന്നെയാണ്. എന്നാൽ ദൈവം തന്റെ പുത്രനെ വളർത്താൻ ഏൽപ്പിച്ചത് ഒരു കുടുംബത്തെയായിരുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ ദൈവം കുടുംബത്തിനു നൽകിയ പദവി എത്ര വലുതായിരുന്നു എന്നു മനസ്സിലാക്കാൻ കഴിയും. നാളത്തെ ലോകത്തെയും സഭയെയും കെട്ടുപണിയേണ്ട കുഞ്ഞുങ്ങളെ ദൈവം ഇന്നും ഏൽപിക്കുന്നത് ഓരോ കുടുംബത്തെയുമാണ്. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്. ഈ തിരിച്ചറിവോടുകൂടി ദൈവത്തിന്റെ ദാനത്തെ ഉൾക്കൊള്ളുവാൻ ഓരോ കുടുംബത്തെയും ദൈവം ശക്തീകരിക്കട്ടെ.

**ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ**

അടൂർ
08.09.2020



# എഡിറ്റോറിയൽ

ദൈവീകപദ്ധതിയാണ് കുടുംബം. സ്വർഗ്ഗത്തിലെ കൂട്ടായ്മയുടെ ഭൂമിയിലെ അനുകരണമാണത്. ദൈവരാജ്യത്തിന്റെ ഒരു ചെറിയ പതിപ്പാണ് കുടുംബം.

ഇത്തരം ചെറിയ പതിപ്പുകളുടെ കൂട്ടമാണ് സഭ.

ദൈവത്താൽ സ്ഥാപിതമായ ഒരു വ്യവസ്ഥിതിയാണ് കുടുംബം. വി.വേദപുസ്തകത്തിൽ സൃഷ്ടിയുടെ വിവരണത്തിൽ ദൈവം മനുഷ്യനേയും എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചതിനു ശേഷവും ഏദൻതോട്ടത്തിൽ മനുഷ്യൻ ഏകനായിരിക്കുന്നതു കണ്ട് അവന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും മാംസത്തിൽ നിന്നു മാംസവും ആയ സ്ത്രീയെ - ഹവ്വയെ സൃഷ്ടിച്ചു. അങ്ങനെ ദൈവത്താൽ പണിയപ്പെട്ട സുന്ദരമായ സംവിധാനമാണ് കുടുംബം. അതുകൊണ്ട് കുടുംബം എന്ന വ്യവസ്ഥിതിയിൽ ദൈവത്തിന്റെ ക്രിയാത്മകമായ ഇടപെടൽ ഉണ്ട്. അത് ദൈവ നിയമിതവും ദൈവ കേന്ദ്രീകൃതവുമായ സമൂഹമാണ്. കുടുംബവും വീടും തമ്മിൽ വ്യത്യാസമുണ്ട്. നാലുചുമരുകൾക്കുള്ളിൽ നിന്നും കൂടുമ്പോൾ ഇമ്പമുള്ള ഇടത്തിലേക്ക് കുടുംബം വ്യത്യാസപ്പെടുന്നു. ഒരുമിച്ചു താമസിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും ആരാധിക്കുന്നതിനും ഉള്ള ഇടമാണിത്. രക്തബന്ധങ്ങളുടെ ഇടമാണിത്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടാനും ഉള്ള മനുഷ്യന്റെ അടിസ്ഥാന ആവശ്യം നിറവേറ്റപ്പെടുന്ന സ്ഥലം കൂടിയാണിത്. അത് ദൈവത്തിന്റെ ദാനമാണ്.

വിശുദ്ധ വേദപുസ്തകം കുടുംബത്തിന് വലിയ പ്രാധാന്യം നൽകുന്നുണ്ട്. സമൂഹത്തിന്റെ പ്രാഥമിക യൂണിറ്റ് കുടുംബമാണ് വ്യക്തിയല്ല. കുടുംബത്തിൽ നിന്നും അന്യമായ ഒരു അസ്തിത്വം വ്യക്തിക്കില്ല. പലതരം കുടുംബങ്ങളെ വി.വേദപുസ്തകത്തിൽ നാം കാണുന്നുണ്ട്. സ്വയം കേന്ദ്രീകൃതമായ കുടുംബങ്ങളും ദൈവ കേന്ദ്രീകൃതമായ കുടുംബങ്ങളും ഉണ്ടതിൽ.

എന്നാൽ ദൈവിക സാന്നിദ്ധ്യമുള്ള കുടുംബങ്ങൾക്ക് മാത്രമേ വിജയിക്കുവാൻ ആയുള്ളൂ എന്ന് നാം മനസ്സിലാക്കുന്നുണ്ട്. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും എന്ന് യോശുവയുടെ കുടുംബവും, നസ്രത്തിലെ യേശു ഉൾപ്പെട്ട ജോസഫിന്റേയും മറിയയുടേയും കുടുംബവും ബെഥാന്യയിലെ മാർത്തയുടേയും മറിയയുടേയും കുടുംബവും ഒക്കെ ഇതിനുദാഹരണമാണ്. പരസ്പരം മനസ്സിലാക്കുന്ന, സ്നേഹിക്കുന്ന, കരുതുന്ന മക്കളും മാതാപിതാക്കളും ഉള്ള കുടുംബങ്ങളിൽ നിന്നു മാത്രമേ നല്ല സമൂഹത്തെ കരുപിടിപ്പിക്കാനാവൂ. അത്തരം കുടുംബങ്ങളിൽ നിന്നു മാത്രമേ മാനസികാരോഗ്യമുള്ള തലമുറകൾ ഉണ്ടാകൂ. ഛിദ്ര കുടുംബത്തിന്റെ സന്തതികൾക്ക് സമൂഹത്തിൽ വിപത്തുകൾ മാത്രമേ പാകുവാൻ ആകുകയുള്ളൂ. ഇത് അനുദിനം നമ്മുടെ ചുറ്റുപാടുകളിൽ നാം കണ്ടുകൊണ്ടിരിക്കുകയാണ്. കോവിഡ് പോസിറ്റീവായ പെൺകുട്ടിയ്ക്ക് സംരക്ഷണവും കരുതലും കിട്ടേണ്ട ഇടത്ത് ആംബുലൻസിൽ പീഡിപ്പിച്ച നീച സംഭവം ആ യുവതിയുടെ ജീവിതത്തോടുള്ള ഏറ്റവും കടുത്ത ക്രൂരതയും അപമാനവുമാണ്.

മാനവ സമൂഹം ഇന്ന് അടിമുടി മാറിയിരിക്കുകയാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ മികവുകളും സമ്പത്തും ഒക്കെ ലോകരാഷ്ട്രങ്ങളെ ശ്രദ്ധേയമാക്കുമ്പോൾ കൊറോണ വൈറസ് പോലെയുള്ള സൂക്ഷ്മ ജീവികൾ മനുഷ്യന്റെ പുറംപൂച്ചുകൾക്കു മുമ്പിൽ ചോദ്യചിഹ്നമായി നിൽക്കുന്നു.

അതിലോലുപതയുടെ സുഖങ്ങൾ തേടിപ്പോയവർ ഇന്ന് തിരികെ വീടിനുള്ളിലേക്ക് കയറി ഇരിക്കുകയാണ്. പരസ്പരം കാണുന്നതിനും കേൾക്കുന്നതിനും പറയുന്നതിനുമുള്ള ഇടങ്ങളായി നമ്മുടെ വീടുകൾക്ക് പുതിയ രൂപം വന്നിരിക്കുന്നു. മനുഷ്യന്റെ നിസ്സാരതയെപ്പറ്റി നാം വീണ്ടും വീണ്ടും ചിന്തിക്കുന്നു. സമയം നമുക്ക് തക്കത്തിൽ വിനിയോഗിക്കാം. നമ്മുടെ ഭവനങ്ങൾ ദൈവ കേന്ദ്രീകൃത ഇടങ്ങളായി രൂപാന്തരപ്പെടുത്താം. പരസ്പര സ്നേഹത്തിലും ദൈവത്തോടുള്ള വിധേയത്വത്തിലും നമുക്കു മുന്നേറാം. ഭവനത്തിൽ നിന്നും ഭവനത്തിനു വെളിയിലേക്ക് ദൈവ സ്നേഹത്തിന്റെ സ്വാധീനം പകരാം. സഹജീവികളെ കരുതുക വഴി ദൈവിക സൃഷ്ടികളെ നമുക്ക് പരിപാലിക്കാം. നമ്മുടെ കുടുംബങ്ങളെ നമുക്ക് ഭൂമിയിലെ സ്വർഗ്ഗങ്ങൾ ആക്കി മാറ്റാം.

**പ്രൊഫ. ഡോ. അച്ചാമ്മ മാത്യു**
achammakurian56@gmail.com



# ജനറൽ സെക്രട്ടറിയുടെ കത്ത്

**കർത്താവിൽ പ്രിയ സഹോദരിമാരേ,**

**ക്രിസ്തുയേശുവിൽ സ്നേഹവന്ദനം,**

**ഈ** വർഷത്തെ സേവികാസംഘവാരവും സേവികാസംഘദിനവും കോവിഡ്-19 വരുത്തിയ പുതിയ ക്രമത്തിലും വിധത്തിലുമാണ് നാം ആചരിച്ചത്. സെപ്റ്റംബർ 7-13 വരെ സേവികാസംഘവാരമായും സെപ്റ്റംബർ 13 സേവികാസംഘദിനമായും വേർതിരിച്ചിരിക്കുകയായിരുന്നുവല്ലോ. 13-ാം തീയതി ഞായറാഴ്ച റാന്നി മാർത്തോമ്മാ സെന്ററിൽ സേവികാസംഘദിന ശുശ്രൂഷ നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ തിയോഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ശുശ്രൂഷയിൽ സേവികാസംഘം ചുമതലക്കാർക്കും പങ്കെടുക്കുവാൻ അവസരം ലഭിച്ചു. ശുശ്രൂഷ അനുഗ്രഹകരമായിരുന്നു. ശുശ്രൂഷയ്ക്കു നേതൃത്വം നൽകിയ അഭിവന്ദ്യ സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനിയോടും അനുവാദം നൽകിയ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയോടും സേവികാസംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൌലോസ് എപ്പിസ്കോപ്പാ തിരുമേനിയോടുമുള്ള പ്രത്യേകം നന്ദി അറിയിക്കുന്നു. നേതൃത്വം നൽകിയ പട്ടക്കാരോടും ആരാധനയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ച എല്ലാവരോടും, ലോകമെമ്പാടുനിന്നും ആരാധനയിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. നമുക്കൊരുമിച്ച് ആരാധിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ വെർച്വൽ പ്ളാറ്റ്ഫോമിലൂടെയാണെങ്കിലും ദൈവം കൃപ ചെയ്തല്ലോ.

സെപ്റ്റംബർ 11-ാം തീയതി വെള്ളിയാഴ്ച അടൂർ ഹെർമോൻ അരമനയിൽ സേവികാസംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൌലോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ നേതൃത്വത്തിൽ സേവികാസംഘദിന ശുശ്രൂഷ നടത്തപ്പെട്ടു. ശുശ്രൂഷയ്ക്കു നേതൃത്വം നൽകിയ അഭിവന്ദ്യ തിരുമേനിയോടും പട്ടക്കാരോടും പങ്കെടുത്ത എല്ലാവരോടുമുള്ള പ്രത്യേക നന്ദി അറിയിക്കുന്നു.

സേവികാസംഘവാരത്തിലും സംഘദിനത്തിലും അനേകം ശാഖകളിലും സെന്ററുകളിലും റിട്രീറ്റും, മീറ്റിംഗുകളും ആരാധനകളും പ്രാർത്ഥനകളും നടത്തിയല്ലോ. ചില മീറ്റിംഗുകളിൽ സംബന്ധിക്കുവാൻ സാധിച്ചതിൽ സന്തോഷമുണ്ട്. സേവികാസംഘത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന ബ്രോഷറും സേവികാസംഘദിന ആരാധനയും ഇംഗ്ലീഷിലും മലയാളത്തിലും വെബ്സൈറ്റിലൂടെയും വനിതാബോധിനിയിലൂടെയും നൽകിയിരുന്നല്ലോ. അതൊക്കെ ഉപയോഗിച്ച് ആരാധനയും മീറ്റിംഗുകളും ഒക്കെ ഭംഗിയായി ക്രമീകരിച്ചവരോടും പങ്കെടുത്തവരോടുമുള്ള നന്ദി അറിയിക്കുന്നു.

ചെന്നൈ-ബാംഗ്ലൂർ, കോട്ടയം-കൊച്ചി, കുന്നംകുളം-മലബാർ, മുംബൈ, നോർത്ത് അമേരിക്ക & യൂറോപ്പ്, റാന്നി-നിലയ്ക്കൽ തുടങ്ങിയ ഭദ്രാസനങ്ങളിൽ ക്രമീകരിച്ച മീറ്റിംഗുകളിൽ പങ്കെടുക്കുവാൻ സാധിച്ചു. അഭിവന്ദ്യ തിരുമേനിമാരോടും പട്ടക്കാരോടും ചുമതലക്കാരോടും അംഗങ്ങൾ എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

സൗദിയിലുള്ള 11 കോൺഗ്രിഗേഷനുകളിലെ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് ആദ്യമായി സൗദി മാർത്തോമ്മാ വിമൻസ് കോൺഫ്രൻസ് (SMWC-One day Retreat) റിയാദ് മാർത്തോമ്മാ കോൺഗ്രിഗേഷനിലെ സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ 2020 സെപ്റ്റംബർ 18-ാം തീയതി വെള്ളിയാഴ്ച 11.30ന് നടത്തപ്പെട്ടു. മാർത്തോമ്മാ സുവിശേഷ സേവികാസംഘം പ്രസിഡന്റ് തിരുമേനി ഉദ്ഘാടനം ചെയ്തു. സേവികാസംഘത്തിന്റെ കേന്ദ്ര ചുമതലക്കാർ മീറ്റിംഗിൽ സംബന്ധിച്ചു നേതൃത്വം നൽകി. 300 ആളുകൾ സംബന്ധിച്ച മീറ്റിംഗ് വളരെ അനുഗ്രഹപ്രദമായിരുന്നു. തുടർന്നുള്ള വർഷങ്ങളിലും ഓരോ കോൺഗ്രിഗേഷന്റെ ആഭിമുഖ്യത്തിൽ സൗദി മാർത്തോമ്മാ വിമൻസ് കോൺഫ്രൻസ് നടത്തുന്നതിനുള്ള താല്പര്യം അവർ അറിയിച്ചു. എല്ലാവർക്കും വളരെ സന്തോഷവും അനുഗ്രഹവും പകർന്ന അനുഭവമായിരുന്നു. ക്രമീകൃതമായി ഒരു മീറ്റിംഗ് സംഘടിപ്പിച്ച റിയാദ് മാർത്തോമ്മാ കോൺഗ്രിഗേഷൻ സേവികാസംഘം സെക്രട്ടറി ശ്രീമതി മഞ്ജു അനീഷിനേയും മറ്റു ചുമതലക്കാരേയും റിയാദ് മാർത്തോമ്മാ കോൺഗ്രിഗേഷൻ പ്രസിഡന്റ് ശ്രീ. സിജി ജോർജ്ജ് ചെറിയാനേയും സെക്രട്ടറി ശ്രീ. റിജോ റോയി ജോർജ്ജിനേയും 11 കോൺഗ്രിഗേഷൻ ചുമതലക്കാരേയും അംഗങ്ങളേയും പ്രത്യേകം അഭിനന്ദിക്കുന്നു.

സേവികാസംഘത്തിന്റെ ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാനും സഭയി

ലെ സ്ത്രീകളുടെ ആദ്ധ്യാത്മികമായ ശക്തീകരണത്തിനും പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും വേദപഠനത്തിനുമായി വർഷംതോറും സെപ്റ്റംബർ മാസം ഒരാഴ്ച സേവികാ സംഘവാരമായും സെപ്റ്റംബർ 2-ാം ഞായർ സംഘദിന മായും ആചരിക്കുന്ന പതിവുണ്ട്. അങ്ങനെ ഈ വർഷ ത്തെ സേവികാസംഘവാരത്തിലും സംഘദിനത്തിലും വ്യാപരിച്ച ദൈവകൃപയ്ക്ക് സ്തോത്രം ചെയ്യുന്നു. അതിനു വേണ്ടി പ്രയത്നിച്ച, പ്രാർത്ഥിച്ച എല്ലാവരേയും ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. അഭിവന്ദ്യ തിരുമേനിമാ രോടും പട്ടക്കാരോടും ബസ്ക്യാമമ്മാരോടും സുവിശേഷക രോടും സേവികാസംഘ ചുമതലക്കാരോടും എല്ലാ അംഗ ങ്ങളോടുമുള്ള പ്രത്യേകം നന്ദി അറിയിക്കുന്നു.

കുടുംബം ദൈവദാനം. സമൂഹത്തിലെ ചെറിയ ഘടകമാണു കുടുംബം. ഏദനിൽ ദൈവമാണ് മനുഷ്യനെ കുടുംബമായി ചേർത്തത്. ക്രിസ്തീയ കുടുംബത്തിന്റെ സവിശേഷതകൾ 128-ാം സങ്കീർത്തനത്തിലും, സദൃശ്യ വാക്യം 30-ാം അദ്ധ്യായത്തിലും നമുക്ക് വായിക്കാം. മാതാ പിതാക്കൾ, മക്കൾ, ഭാര്യ, ഭർത്താവ്, സഹോദരങ്ങൾ, കുടുംബാംഗങ്ങൾ എല്ലാവരും സ്നേഹമായി ദൈവബന്ധ ത്തിൽ ജീവിക്കണമെന്ന് അനേക വേദഭാഗങ്ങൾ വെളി വാക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബ ത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധി യിൽ മുട്ടുകുത്താം (എഫെ.5:22-6:9).

കുടുംബത്തിലുള്ള എല്ലാവരേയും ശുശ്രൂഷിക്കുന്ന അനുഭവം, പരസ്പരം കരുതുന്ന, സ്നേഹിക്കുന്ന അനുഭവ മാണ് കുടുംബത്തിന്റെ സവിശേഷത.

ദൈവബോധത്തോടുകൂടിയുള്ള ക്രിസ്തീയ കുടുംബ ജീവിതം വളരെ വിലപ്പെട്ടതാണ്. പലകാര്യങ്ങൾ നാം പഠിക്കുന്നതും പഠിച്ചതു പലതും തിരുത്തുന്നതും പ്രയോഗ ത്തിൽ വരുത്തുന്നതും കുടുംബത്തിലാണ്. ഇവിടെയാണ് നാം മെനയപ്പെടുന്നതും രൂപാന്തരപ്പെടുന്നതും.

കുടുംബത്തിനുള്ള സ്ഥാനം യേശുക്രിസ്തുവിന്റെ ജീവിതത്തിൽ വ്യക്തമാണ്. കാനാവിലെ കല്യാണവിരു ന്നിൽ ക്ഷണിക്കപ്പെട്ട യേശു അവിടെ എത്തി. അവിടെ ഉണ്ടായ കുറവ് പരിഹരിച്ച് അതിലൂടെ തന്റെ മഹത്വം വെളിപ്പെടുത്തി. ലാസർ മരിച്ചപ്പോൾ ആ ഭവനത്തിൽ സഹോദരിമാരുടെ ദുഃഖത്തിൽ പങ്കുചേർന്നു. ലാസറിനെ ജീവിപ്പിച്ചു നൽകി. കുടുംബത്തിലൂടെ വളരെ ദൗത്യം നിർവ്വഹിക്കേണ്ടതാണ്. ഈ ലോകത്തിൽ ജീവിക്കുന്ന യേശുക്രിസ്തുവിനെ ഉയർത്തിക്കാട്ടുക.

വയോജനങ്ങൾ നമ്മുടെ കൃത്യ നിർവ്വഹണത്തിന്റെ ലക്ഷ്യമായിത്തീരേണ്ട കാലമാണിത്. വയോജനങ്ങൾ, കുടുംബത്തിനും, സമൂഹത്തിനും ആവശ്യമുള്ളവർ ആ ണെന്നുള്ള ചിന്ത അവരിൽ വളർത്തിയെടുക്കാൻ കഴിയ ണം. 'Take care of the old for they have taken care of you when you were young'. വാർദ്ധക്യത്തിൽ ഇരിക്കു ന്നവരെ കരുതണം. കാരണം നമ്മൾ കുഞ്ഞുങ്ങളായിരു ന്നപ്പോൾ അവർ നമ്മെ കരുതിയിരുന്നവരാണ്. സന്ദർശനം അനുവദനീയമല്ലാത്തതിനാൽ Phone Call ചെയ്യണം, പ്രാർ ത്ഥിക്കണം. വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കണം. വയോജനങ്ങളും അവർക്കു നൽകാവുന്ന ആലോചന കളും പ്രോത്സാഹനങ്ങളും പ്രാർത്ഥനകളും മറ്റുള്ളവർക്കു നൽകി ജീവിതം ഫലദായകമാക്കാം.

കുടുംബത്തിന്റെ സുസ്ഥിതിക്ക് ആശയവിനിമയം ഫലപ്രദമാകുന്നതിനും ദൈവത്തോടുള്ള ബന്ധം ദൃഢ മാക്കുന്നതിനും വ്യക്തികൾ തമ്മിലുള്ള ബന്ധം അരക്കിട്ടു റപ്പിക്കുന്നതിനും കുടുംബ പ്രാർത്ഥന ആവശ്യമാണ്. സാഹസികതയും ചുറുചുറുക്കും കർമ്മശേഷിയും ഊർ ജ്ജസ്വലതയും നിറഞ്ഞു നിൽക്കുന്ന കാലയളവാണ് യൗവ്വനം. ആയിരിക്കുന്ന അവസ്ഥയെക്കുറിച്ചും ആകേണ്ട അവസ്ഥയെക്കുറിച്ചും ശരിയായ അവബോധമുള്ളവരാ യിരിക്കണം. ഇന്നത്തെ സാഹചര്യങ്ങളിൽ പ്രശ്നങ്ങളെ സധൈര്യം നേരിടുവാനുള്ള മനക്കരുത്ത് ആർജ്ജിക്കു വാൻ ദൈവവുമായും മാതാപിതാക്കൾ, അദ്ധ്യാപകർ, സഹപാഠികൾ, സുഹൃത്തുക്കൾ, ആത്മീയ ഗുരുക്കന്മാർ എല്ലാവരുമായി ഉറ്റബന്ധം സ്ഥാപിക്കാൻ ഇടയാകണം.

സെന്റ് അഗസ്റ്റിൻ എന്ന വിശുദ്ധനെ ദാനം ചെയ്തത് മാതാവായ മോനിക്കയുടെ പ്രാർത്ഥനയും കണ്ണീരുമാണ്. സൂസന്ന വെസ്ലിയുടെ സമർപ്പണവും ഭക്തിയുമാണ് പ്രസി ദ്ധനായ ജോൺ വെസ്ലിയെ സഭാചരിത്രത്തിന് സംഭാവന ചെയ്തത്. ദൈവം നൽകിയ ദാനമാണ് മക്കൾ. മാതാപിതാ ക്കൾ മാതൃകയാകണം. ക്രിസ്തുവിനോടു കൂടെ വീടു പണിയുവാൻ ശ്രമിച്ചാൽ നമ്മുടെ കുടുംബങ്ങൾ മാതൃകാ കുടുംബങ്ങളായിത്തീരും.

'അതിഥിദേവോ ഭവഃ' എന്നു ഉരുവിട്ട സംസ്കാരമാണ് ഭാരതസംസ്കാരം. പരസ്പരം ഉൾക്കൊള്ളാനും ആദരി ക്കാനും അവർക്കുണ്ടായിരുന്ന നിസ്വാർത്ഥ മനോഭാവം കൊണ്ടാണ് എലീശബെത്തിന്റേയും മറിയയുടേയും സംഗമം നിസ്തുല സ്നേഹസംഗമമായി മാറിയത്. ദൈവം 'എൽറോയി'. എന്നെ കാണുന്ന ദൈവം, കേൾക്കുന്ന ദൈവം, കൂടെയിരിക്കുന്ന ദൈവം. പരിശുദ്ധാത്മാവിന്റെ ദാനമായ ശുഭ്രഹൃദയം ലഭ്യമാകേണ്ടതിന് പരിശുദ്ധാത്മ നിറവിനായി പ്രാർത്ഥിക്കാം.

സ്നേഹാശംസകളോടെ,

**മിനി ജോയ്സ് തോമസ് കൊച്ചമ്മ**

# ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികളും പരിഹാരങ്ങളും

ട്രീസാ ജോൺ തോപ്പിൽ
ജെറുശലേം മാർത്തോമ്മാ ചർച്ച്, വല്യയന്തി

**ആമുഖം**

ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ സൃഷ്ടിച്ചത് ഭാര്യാ ഭർത്താക്കന്മാരായും സൃഷ്ടി പ്രക്രിയയുടെ പിൻഗാമികളായും പാഴും ശൂന്യവുമായിരുന്ന പ്രപഞ്ചത്തിന് ഊടും പാവും പകർന്ന് അതിനെ പരിരക്ഷിക്കുവാനായിട്ടാണല്ലോ ആദാമിനേയും ഹവ്വായേയും ഏദൻതോട്ടത്തിൽ ആക്കിയതായി വേദപുസ്തകം പറയുന്നത്. വി.മത്തായി. 19:6ൽ പറയുന്ന പ്രകാരം ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ട ഒരു കുടുംബം എന്ന നിലയിൽ വേർപിരിക്കാനാവാത്ത ഒരു ബന്ധമാണ് ദാമ്പത്യ ജീവിതം. എന്നാൽ വിവാഹ രജിസ്റ്ററിലിട്ട കൈയ്യൊപ്പ് ഉണങ്ങും മുമ്പ് പിരിയുന്നതിനെക്കുറിച്ചും പിരിക്കുന്നതിനെക്കുറിച്ചും ആലോചിക്കുകയും തുടർന്ന് വിവാഹമോചനങ്ങളിലൂടെ കടന്നുപോകുന്ന കുടുംബങ്ങളുടെ കദനകഥകൾ ഇന്ന് നിത്യസംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

**പരസ്പര പൂരകങ്ങളാകേണ്ട ദമ്പതികൾ**

വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ ജനിച്ചു വളർന്നവർ വിവാഹബന്ധത്തിലൂടെ ഭാര്യാഭർത്താക്കന്മാരായി തീരുന്നു. ആൺ-പെൺ എന്ന പദങ്ങൾ ഭാഷാസാഹിത്യത്തിൽ വിപരീതങ്ങളാണ്. എന്നാൽ ദൈവ ദൃഷ്ടിയിൽ വൈരുദ്ധ്യങ്ങളല്ല, പരസ്പര പൂരകങ്ങളാണ്. “തക്ക തുണ” എന്ന പരാമർശം അർത്ഥമാക്കുന്നത് അതാണ്. ഭർത്താവിൽ കുറവുള്ളവ ഭാര്യയിലും ഭാര്യയിൽ കുറവുള്ളവ ഭർത്താവിലും ഉണ്ട് എന്ന ഉറപ്പു വരുത്തിയിട്ടാണ് ദൈവം അവരെ യോജിപ്പിച്ചിരിക്കുന്നത്. ഈ സത്യം തിരിച്ചറിയാതെ, തന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും പൂവണിയില്ല എന്ന ചിന്തയോടെ ആകുലതയിലും ആശങ്കയിലുംപെട്ട് വിവാഹ ജീവിതമേ വേണ്ടായിരുന്നു, എന്റെ സങ്കല്പത്തിലെ തുണ ഇതല്ല, ഞാൻ ചതിക്കപ്പെട്ടു എന്നു പറഞ്ഞ് ജീവിതം തള്ളി നീക്കുന്ന ദമ്പതികൾ അനവധിയാണ്. പരസ്പര പൂരകങ്ങളാകേണ്ടവർ പോർ വിളിച്ചു ജീവിക്കുന്നത് നിത്യസംഭവങ്ങളാണ്. വ്യത്യസ്ത അഭിരുചികളും സ്വപ്നങ്ങളും ഉള്ളവരാണ് പങ്കാളികൾ - അബ്രഹാമും സാറായും യാക്കോബും റാഹേലും ജോസഫും മേരിയും പരസ്പര ബഹുമാനത്തോടെയും ആദരവോടെയും ജീവിച്ചതുകൊണ്ടാണ് അവർ ഇന്നും അനുഗ്രഹിക്കപ്പെട്ടവരും ആദരിക്കപ്പെട്ടവരും ആയിരിക്കുന്നത്.

**പരസ്പരം ആദരിക്കപ്പെടേണ്ട ദമ്പതികൾ**

അതുകൊണ്ട് പുരുഷൻ തന്റെ പിതാവിനേയും മാതാവിനേയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും. അവർ ഏകദേഹമായി തീരും (ഉല്പത്തി 2:24). സ്ത്രീ തന്റെ പിതാവിനേയും മാതാവിനേയും വിട്ടുപിരിഞ്ഞാണ് ഭർത്തൃഗൃഹത്തിലേക്ക് വരുന്നത്. എന്നാൽ പുരുഷൻ തന്റെ മാതാപിതാക്കളൊപ്പം താമസിക്കുന്ന അവസ്ഥയാണ് കൂടുതൽ ഉണ്ടാവുക. ഇവിടെ ‘വിട്ടുപിരിയൽ’ യഥായോഗ്യം നടക്കുന്നില്ല എങ്കിൽ ബന്ധങ്ങൾ തകരും എന്നത് നിസ്സംശയം പറയാം. അന്യഭവനത്തിൽ നിന്നു വന്ന പെൺകുട്ടിയെ ബഹുമാനിക്കാനും ഭവനത്തിലെ അംഗമായി കരുതുവാനും ഭർത്താവിന്റെ വീട്ടിലുള്ള എല്ലാവർക്കും കഴിയണം. അപ്രകാരം മാറ്റം ഉൾക്കൊള്ളാൻ പെൺകുട്ടിയും തയ്യാറാകണം. ജീവിത പങ്കാളി തന്റേത് മാത്രമാണെന്നുള്ള ചിന്തയോടെ ഇടപെടുന്നതോടൊപ്പം വീട്ടിലെ സഹോദരങ്ങളേയും മാതാപിതാക്കളേയും ശത്രുക്കളായി കണ്ട് അകറ്റി നിർത്തുകയും സ്വാർത്ഥതയോടുകൂടി ഇടപെടുകയും ചെയ്യുന്നതുമൂലം കുടുംബബന്ധങ്ങൾ തകർന്നു പോകുന്നതായി കാണാം. പങ്കാളിയുടെ മാതാപിതാക്കളെ ശുശ്രൂഷിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടത് കടമയാണെന്ന ചിന്ത മറക്കാതിരിക്കുക. വൈധവ്യം അനുഭവിക്കുന്നവർക്ക് പരമാവധി സംരക്ഷണം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

പങ്കാളിയുടെ പരാതിപ്രകാരം മാതാപിതാക്കളെ ചോദ്യം ചെയ്യുക, മാതാപിതാക്കളുടെ പരാതിപ്രകാരം പങ്കാളിയെ ചോദ്യം ചെയ്യുക എന്നിവ എരിതീയിൽ എണ്ണ ഒഴിക്കാനേ ഉപകരിക്കുകയുള്ളൂ. പ്രശ്നങ്ങൾ രമ്യതയോടെ പരിഹരിച്ചാൽ കുടുംബത്തിൽ സമാധാനം ഉണ്ടാകും. പരസ്പരമുള്ള കുറ്റപ്പെടുത്തലുകൾ, പരാതികൾ ഒഴിവാക്കി പങ്കാളിയുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കുക. ഒഴിവ് സമയങ്ങളിൽ പങ്കാളിക്കൊപ്പം സമയം ചെലവഴിക്കുക. സ്നേഹം ഉള്ളിൽ മാത്രം വെയ്ക്കാതെ പ്രകടിപ്പിക്കുക. കൂട്ടുകാരെപ്പോലെ തമാശകൾ പറയാൻ അവസരം നൽകുക. പങ്കാളിയുടെ തൊഴിലിന്റെ സ്വഭാവം മനസ്സിലാക്കി സഹായിയായി വർത്തിക്കുക. വ്യക്തി സ്വാതന്ത്ര്യം നൽകി ബഹുമാനിക്കുക. അതിലൂടെ പങ്കാളികൾ തമ്മിലുള്ള മാനസിക അടുപ്പം വർദ്ധിക്കുവാൻ ഇടയാക്കും.

**പ്രതിസന്ധികളെ കൃപയോടെ നേരിടേണ്ട കുടുംബം**

പുരുഷൻ ബ്രഡ് വിന്നറും സ്ത്രീ ബ്രഡ് മെയ്ക്കറും ആയിരുന്ന കാലം ഉണ്ടായിരുന്നു. ഇന്ന് പുരുഷനോടൊപ്പം അതിനേക്കാളുപരി വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉയർച്ച നേടിയവരാണ് ആധുനിക സ്ത്രീകൾ. സമൂഹത്തിൽ ഉണ്ടായ മാറ്റം മനസ്സിലാക്കി സ്ത്രീ വെറും

ബ്രെഡ് മേക്കർ മാത്രമാണെന്ന ധാരണ വെച്ചു പുലർത്തിയാൽ കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകും എന്നതിൽ സംശയമില്ല.

കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടായാൽ അത് കൃപയോടെ പരിഹരിക്കുവാൻ ദമ്പതികൾക്ക് കഴിയണം. സമൂഹിക മാധ്യമങ്ങളുടെ അമിത ഉപയോഗം മൂലം പങ്കാളിക്ക് നൽകേണ്ട സമയം ചുരുങ്ങുകയും മനസ്സു കൊണ്ട് അകൽച്ച ഉണ്ടാകുവാനും ഇടയാകും. പങ്കാളികൾക്ക് ഇടയിലുള്ള സംശയം ബന്ധങ്ങളിൽ വിള്ളൽ വരുത്തുന്ന മറ്റൊരു വിപത്താണ്. ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടായാൽ പങ്കാളികൾ തമ്മിൽ തുറന്നു സംസാരിക്കാനുള്ള അവസരം ഉണ്ടാക്കുക. സ്നേഹത്തിന്റെ പുതുമ നഷ്ടപ്പെടാതെ സൂക്ഷിക്കുക. പങ്കാളിയുടെ ശാരീരികവും മാനസികവുമായ ആവശ്യങ്ങൾ 1. സ്നേഹം, 2. കരുതൽ, 3. അംഗീകാരം, 4. പിന്തുണ. പരമാവധി നിറവേറ്റിക്കൊടുക്കുവാൻ ശ്രമിക്കുക.

അല്ല എങ്കിൽ പങ്കിടൽ മറ്റ് സുഹൃത്തുക്കളുമായും മദ്യം, മയക്കുമരുന്ന്, നിരാശ എന്നിവയ്ക്ക് അടിമയായും പങ്കാളികൾ മാറ്റപ്പെടാം. അതുപോലെ പങ്കാളിയെ ധനത്തിന്റെ സ്രോതസ്സായി കാണാതിരിക്കുക. പണത്തിന്റെ മാനദണ്ഡം നോക്കി പങ്കാളിയെ തിരഞ്ഞെടുക്കുവാൻ ശ്രമിക്കാതിരിക്കുക. ധനത്തിന് പ്രാധാന്യം നൽകുന്നതുമൂലം പങ്കാളികൾക്കിടയിൽ കൊലപാതകങ്ങൾ വർദ്ധിക്കുന്നു. കൊല്ലം അഞ്ചലിൽ പാമ്പു കടിയേറ്റു മരിച്ച യുവതിയുടെ വാർത്ത ഇതിനുദാഹരണമാണ്. വിശുദ്ധ പൌലോസ് പറയുന്നതുപോലെ വിവാഹം എല്ലാവരാലും ബഹുമാനിക്കപ്പെടട്ടെ. വിവാഹിതരുടെ കിടക്ക നിർമ്മലമായിരിക്കട്ടെ എന്ന വാക്യത്തിന്റെ പ്രസക്തി കുടുംബ ജീവിതത്തിൽ എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണ് എന്നത് ചൂണ്ടിക്കാണിക്കുന്നു.

### തലമുറകളുടെ പാഠശാലകൾ ആകേണ്ട ഭവനം

ഒരു മകനെ സന്യാസിയും, തോന്നിയവാസിയും ആക്കാൻ ഒരു സ്ത്രീക്ക്, കുടുംബത്തിന് കഴിയും. മാതാവിന്റെ പ്രാർത്ഥനയും സ്നേഹവും കൊണ്ട് ലോക പ്രശസ്തരായിത്തീർന്ന ഏബ്രഹാം ലിങ്കണും സെന്റ് അഗസ്റ്റിനും അതുപോലെ പിതാവിന്റെ ക്രൂരമായ ശിക്ഷാ നടപടി കൊണ്ട് ക്രൂരനായ നേതാവായി തീർന്ന ഹിറ്റ്ലറും ഇതിന്റെ ഉദാഹരണങ്ങളാണ്.

കുട്ടികൾക്ക് കുടുംബത്തിൽ നിന്നു തന്നെ സ്വാതന്ത്ര്യം, ധാർമ്മികത, മൂല്യബോധം എന്നിവ നല്കുക. ഗുരുക്കന്മാരേയും വൃദ്ധജനങ്ങളേയും ആദരിക്കുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക. ദയ, കരുണ, ക്ഷമ, കരുതൽ എന്നീ നല്ല ശീലങ്ങൾ ചെറുപ്പത്തിലേ വളർത്തിക്കൊണ്ടു വരിക. മാതാപിതാക്കൾ കുട്ടികളുടെ ഉത്തമ സുഹൃത്തുക്കളായി വർത്തിക്കണം. ജീവിതത്തിൽ എന്തു പ്രതിസന്ധി, പരാജയം നേരിട്ടാലും ഞങ്ങൾ കൂടെയുണ്ട് എന്നുള്ള ആത്മധൈര്യവും, പ്രത്യാശയും നൽകണം. എങ്കിൽ മാത്രമേ ജീവിതത്തിൽ തളർന്നു വീഴാതെ മുന്നോട്ട് പോകുവാൻ സാധിക്കൂ. ഭവനങ്ങളിൽ ആൺപെൺ വ്യത്യാസമില്ലാതെ കുട്ടികളെ കുക്കിംഗ്, ഡ്രൈവിംഗ്, ശിശു പരിപാലനം എന്നിവ പരിശീലിപ്പിക്കണം.

നസ്രത്തിൽ ക്രിസ്തു തന്റെ കുടുംബത്തോടും മാതാപിതാക്കളോടും കർത്തവ്യം നിറവേറ്റുകയും യൗവ്വനത്തിന്റെ പ്രലോഭനങ്ങളിൽ വീണുപോകാതെ ദൈവിക കല്പനകൾക്കു കീഴ്പെട്ട് ജീവിച്ച നല്ല മാതൃക നമ്മുടെ കുഞ്ഞുങ്ങൾക്ക് മാതൃകയാകട്ടെ. പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും വേദപഠനത്തിനും പ്രാധാന്യം നൽകുന്ന പാഠശാലകളായി തീരട്ടെ ഓരോ ഭവനങ്ങളും.

### കോവിഡ്-19നെ അച്ചടക്കത്തോടെ നേരിടേണ്ട കുടുംബം

സാങ്കേതികവിദ്യ വർദ്ധിക്കുന്നതോടൊപ്പം അതുണ്ടാക്കുന്ന ദോഷങ്ങളും അനവധിയാണ്. കോവിഡ്-19 എന്ന മഹാമാരിയെ ഈ ഭൂലോകത്തുനിന്ന് തുടച്ചു മാറ്റുവാൻ കുടുംബമായി, വ്യക്തികളായി നാം ജാഗ്രത പാലിക്കേണ്ടത് ആവശ്യമാണ്. ദൈവം ആദാമിനും ഹവ്വായ്ക്കും ആദ്യം നൽകിയ ദൗത്യം പ്രകൃതിയെ അഥവാ തോട്ടം സംരക്ഷിക്കുക എന്ന കടമയാണ്. അതുപോലെ പ്രകൃതിയെ സംരക്ഷിക്കേണ്ട കടമ നമുക്കുണ്ട്. ദൈവം ആഗ്രഹിക്കുന്ന രീതിയിൽ പ്രകൃതിയെ പരിപാലിക്കുമ്പോൾ പ്രകൃതിയിലെ ഭക്ഷണം, വായു, ജലം എന്നിവ മനുഷ്യരുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുകയും അതുവഴി മഹാമാരികളെ അതിജീവിക്കാനുമുള്ള കഴിവും ലഭിക്കും. പ്രകൃതിയിലേക്കുള്ള മടങ്ങിവരവ് തലമുറകളുടെ ആവശ്യമാണ്.

ലോക്ഡൗൺ കാലം പരസ്പരം സ്നേഹിക്കുവാനും പങ്കുവെയ്ക്കുവാനും മനസ്സിലാക്കുവാനുമുള്ള അവസരങ്ങളായി ഉപയോഗിക്കുക. വൃദ്ധജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും പ്രത്യേക കരുതൽ നൽകുക. കൊറോണ കാലത്ത് ഉണ്ടാകുന്ന ടെൻഷൻ, ആകുലത, നിരാശ, ഏകാന്തത എന്നിവ ഒഴിവാക്കാൻ സ്നേഹിതരോടും, മറ്റു കുടുംബാംഗങ്ങളോടും ടെലിഫോണിൽ സംസാരിക്കുക. സോഷ്യൽ മീഡിയയിലൂടെ സൗഹൃദ കൂട്ടായ്മകളിലും, പ്രാർത്ഥനകളിലും പങ്കുചേരാൻ ശ്രമിക്കുക. സ്ത്രീകൾക്ക് അടുക്കളയിൽ ജോലിഭാരം വർദ്ധിച്ച കാലം കൂടിയാണിത് എന്നു മനസ്സിലാക്കി പരസ്പരം സഹായിക്കുകയും കരുതുകയും ചെയ്യുക. നന്മ ചെയ്യുവാനും സഹജീവികൾക്ക് വേണ്ടി ഒരുമനപ്പെട്ട് പ്രാർത്ഥിക്കുവാനും സമയം കണ്ടെത്തുക.

ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനപ്പെട്ട കുടുംബാംഗങ്ങളായി തീരട്ടെ നമ്മുടെ ഓരോ ഭവനങ്ങളും. പരസ്പര പൂരകങ്ങളായി സ്നേഹിക്കുവാനും കരുതുവാനും തലമുറകൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനും അതിലൂടെ ദൈവേഷ്ടം നിറവേറ്റപ്പെടുവാനും കുടുംബങ്ങളെ ദൈവം ശക്തീകരിക്കട്ടെ. ❖

# Let's FEAR together with a Spiritual Protocol

**Sneha Jacob**
Immanuel Marthoma Church, Borivali, Mumbai

As our world constantly keeps reminding all of us to make significant changes in our way of thinking and acting in response to the COVID-19, there is no doubt that we also often hear things like

"This isn't fair/I don't know if I can do it /What if I cannot / It's getting too much for me to handle / If I cannot handle it, should I even do it"?.

Perhaps we can relate to these thoughts and feelings in our current life and there is an intense amount of fear that each of us might be going through and you might be also hearing others telling you to - 'Stop the fear /do not have fear'. However, let's look at fear with a different perspective and hopefully by the end, let's hope that we never forget this word.

**F - Face it Together**

Each member of the family bonds and relates to each other through love, conflict, healthy arguments and most importantly through PRAYER. It's how you develop as a person and as a family. Whether it's an unexpected illness, financial difficulties, poor network for online school /work, increased load of household work, it's important that each of these challenges be faced together. Reach out to your family members , and try not to assume that they should be able to understand and hear your thoughts without communicating.

**E- Explore**

Try to explore the possibilities and the negatives of the outcomes of the challenges that you might be facing, through discussion as a family and it can be useful to explore and identify the challenges that need to be addressed currently and to also let go of certain mind - blocks which may not have connection with reality.

Most often, some mind blocks can be like - "There is nothing I can do / I will not be able to manage/ how will we do it?" These questions can sometimes become so powerful that we start believing it.

**A- Acceptance**

Accept that some amount of fear and anxiety is normal. There is a possibility that some of us might be experiencing stress and anxiety for the first time because of the pandemic and that's completely understandable. Any kind of uncertainty brings about a certain amount of fear and this can also motivate you to be prepared about challenges with the appropriate information. But remember, while staying updated is helpful, too much information can be toxic for your mind and health. Limit the sources you are reading/listening to and make sure to check the credibility.

**R - Rise and remember your Coping Skills**

Most of the time, in any kind of stressful situations, we tend to overestimate our problems and underestimate our coping resources. It's normal, yet a very unhealthy practice. Remind yourself of the challenges that you have overcome so gracefully in the past and make sure that you say -"God is bigger than all our problems and fears"

Let me end, by saying that even though our world health care leaders have told us to follow certain health protocols, let's not forget to follow the spiritual protocols which is equally mandatory and that is-

"Taking it one day at a time" with "His mercies new every morning" ❖

# പ്രബുദ്ധ കേരളം കിരാത സംസ്കാരം

ആൻസി എഡിസൺ MSW Counselling
St.Thomas Mar Thoma Church Parsonage
Kozhencherry, 91+9495239044

വൈവിധ്യമാർന്ന സംസ്കാരങ്ങളുടെ നാടാണ് കേരളം. വ്യത്യസ്ത മതങ്ങളും, പ്രാദേശിക സംസ്കൃതികളും, ഭാഷാഭേദങ്ങളും, ജനവിഭാഗങ്ങളും കൂടിച്ചേർന്നുണ്ടാകുന്ന വൈവിധ്യാത്മകമായ സമഗ്രതയാണ് കേരള സംസ്കാരം. പച്ചപ്പ് നിറഞ്ഞ പുഞ്ചപ്പാടങ്ങളും, കുതിച്ചൊഴുകുന്ന കാട്ടരുവികളും, പുഴകളും, കേരളത്തിന്റെ മാത്രം പ്രത്യേകതകളാണ്. സാക്ഷരത, ആരോഗ്യം, കുടുംബാസൂത്രണം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്നതാണ്. വിദ്യാഭ്യാസം, സാമ്പത്തികം, രാഷ്ട്രീയം, തൊഴിൽ, കുടുംബം തുടങ്ങിയവയിൽ സ്ത്രീകൾ നേടിയ മുന്നേറ്റത്തിന്റെ ചരിത്രങ്ങൾ അനവധിയാണ്. എന്നാൽ കണ്ണിന് കുളിർമയും, മനസ്സിന് സംതൃപ്തിയും തരുന്ന വശ്യസുന്ദരമായ കേരളം ഇന്ന് മൂല്യശോഷണത്തിന്റെ ഭാഗമായി നശിച്ചു കൊണ്ടിരിക്കുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കൂടിവരികയാണ്. ബാല ലൈംഗിക പീഡനങ്ങൾ മുതൽ വൃദ്ധസദനത്തിൽ 85 വയസ്സുവരെയുള്ള സ്ത്രീകൾ പീഡിപ്പിക്കപ്പെട്ട വാർത്തകൾ നിരന്തരം നാം കേൾക്കുകയും കാണുകയും ചെയ്യുന്നു. വിഷം വമിക്കുന്ന മനസ്സുള്ള ഒരാൾക്കൊപ്പം ജീവിച്ച് ഒടുവിൽ സ്വന്തം ജീവൻ തന്നെ നൽകേണ്ടിവന്ന ഉത്ര എന്ന പെൺകുട്ടി ഓരോ അച്ഛനമ്മമാർക്കും ഒരു ഓർമ്മപ്പെടുത്തലാണ്. കേരളത്തിലെ പല വീടുകളിലും ഇനിയും ഒരുപാട് 'ഉത്ര'മാർ എല്ലാം സഹിച്ചും നീറി, നീറി ജീവിച്ചിരിക്കുന്നു എന്നുള്ളത് മറ്റൊരു സത്യമാണ്. കോവിഡ് പോസിറ്റീവ് ആയിരുന്ന പെൺകുട്ടിയെ ആംബുലൻസിൽ നിഷ്ഠൂരമായി പീഡിപ്പിച്ച സംഭവം മനസ്സാക്ഷിയെ മരവിപ്പിക്കുന്ന ഒന്നാണ് കാലങ്ങളോളം പ്രണയിച്ച ശേഷം വിവാഹത്തിൽ നിന്നും വരൻ പിൻവാങ്ങിയതുമായി ബന്ധപ്പെട്ട് ആത്മഹത്യ ചെയ്യേണ്ടി വന്ന റംസിയും മറ്റൊരു ഉദാഹരണമാണ്. ചില നഷ്ടങ്ങൾ നികത്താൻ കഴിയാത്തതാണ്. അത് ഒരിക്കലും നമ്മെ വിട്ടു പോവുകയില്ല. കുട്ടികളെ സംഘം ചേർന്ന് പീഡിപ്പിക്കുന്നു, നഗ്നചിത്രങ്ങൾ പകർത്തി ശാരീരികമായും മാനസികമായും ചൂഷണത്തിന് വിധേയരാക്കുന്നു (Emotional Blackmailing). വീട്ടിനുള്ളിൽ പോലും സുരക്ഷിതമല്ലാത്ത അവസ്ഥ.

നിയമങ്ങളില്ലാത്ത സമൂഹത്തിൽ അല്ല നാം ജീവിക്കുന്നത്. പലപ്പോഴും പീഡനത്തെതുടർന്ന് കൊല്ലപ്പെടുമ്പോഴോ, അല്ലെങ്കിൽ പീഡനത്തിനിരയായ ശേഷമോ മാത്രമാണ് സ്ത്രീക്കു നേരെയുള്ള അതിക്രമങ്ങൾ വാർത്തയാകുന്നത്. മാസങ്ങൾ നീണ്ട പ്രതിഷേധ പ്രകടനങ്ങൾക്കു ശേഷം മറ്റൊരു പ്രധാന സംഭവം വാർത്തയാകുമ്പോൾ ഇത് കെട്ടടങ്ങുകയും ചെയ്യും. ഇന്ന് പ്രതികരണങ്ങൾ വളരെ കുറവാണ്. കാരണം അടക്കവും ഒതുക്കവും ഉള്ളവരായിരിക്കണം പെൺകുട്ടികൾ എന്ന പഴയ തലമുറയുടെ കാഴ്ചപ്പാട് ചൂഷണത്തിന് വിധേയരാകുന്ന പല സ്ത്രീകളേയും പ്രതികരിക്കുന്നതിൽ നിന്ന് പിറകോട്ട് വലിക്കുന്നു. ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം 'ക്ഷമ' എന്നത് അത്യന്താപേക്ഷിതമാണ്. അത് അവൾക്ക് ഒരു അലങ്കാരമാണ്, എന്ന് കരുതി അവൾ പ്രതികരിക്കേണ്ട സമയത്ത്, പ്രതികരിക്കേണ്ട രീതിയിൽ, പ്രതികരിച്ചിട്ടില്ലെങ്കിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണം വർദ്ധിക്കുക തന്നെ ചെയ്യും.

ചൂഷണത്തിന് വിധേയരാകുന്ന സ്ത്രീകളേയും, കുട്ടികളേയും ശരിയായ രീതിയിൽ മനസ്സിലാക്കുവാനും കുറ്റപ്പെടുത്താതെ അവരെ കേൾക്കുവാനുള്ള ഹൃദയവിശാലത നമുക്ക് ഉണ്ടാകണം. ഏതൊരു തരത്തിലുള്ള ചൂഷണത്തേയും എതിർക്കുവാനുള്ള ധൈര്യം കുട്ടികളിൽ ആർജ്ജിച്ചെടുക്കുക. അതിന് ഭവനത്തിൽ തന്നെ അവരോടൊപ്പം സമയം ചെലവഴിക്കുവാനും, അവരെ കേൾക്കുവാനും മാതാപിതാക്കൾ തയ്യാറാകണം. അതിലൂടെ കുട്ടികളിൽ ആത്മവിശ്വാസം കൈവരിക്കുവാൻ സാധിക്കും. ഭരണഘടനയിൽ പറയുന്ന എല്ലാ നീതികളും സ്ത്രീകൾക്ക് ലഭിക്കുന്നുണ്ടോ എന്ന് നാം ഉറപ്പു വരുത്തണം. സ്ത്രീ ഒരു ബാധ്യതയല്ല, ഒരു ഭാഗ്യമാണ്. സ്ത്രീ ആരാലും ആക്രമിക്കപ്പെടേണ്ടവളല്ല; ആരുടെയും കാരുണ്യത്താൽ ജീവിക്കേണ്ടവളുമല്ല. ഒരു സ്ത്രീയുടെ ശക്തി അവളുടെ സ്നേഹമാണ്. അതൊരു ദൗർബല്യമായി മറ്റുള്ളവർ കരുതരുത്. സ്ത്രീയും പ്രകൃതിയും ഒന്നാണ്. ഇവ രണ്ടിനെയും നശിപ്പിക്കുന്ന ഈ കാലഘട്ടത്തെ നമുക്ക് അതിജീവിക്കാം. നമ്മുടെ മനസ്സ് ഭയരഹിതമായിരിക്കണം. ഒറ്റപ്പെട്ടുപോയാലും, ഒറ്റപ്പെട്ടു ജീവിക്കാനുള്ള കരുത്ത് നമുക്ക് ഉണ്ടാകണം. **നഷ്ടപ്പെട്ടതിനേക്കാൾ മെച്ചപ്പെട്ട ഒരു ലോകം നമുക്ക് നേടിയെടുക്കാം. സമത്വ സുന്ദര കേരളം അതാകട്ടെ നമ്മുടെ സ്വപ്നം.**

തുടരും



# THE BIBLICAL PERSPECTIVE OF FAMILY

**Ciby Mathew**
Urban India Ministries, Bangalore

In the current situation where the world is severely affected by the pandemic we see that people are rallying around their families, one of the things that the pandemic has helped us see the priorities that each one has and how, what really matters has taken precedence over other things. And certainly, many have found family to be their safe place in this terrible crisis. Following are a few aspects that I want to list in this short article as Family (couple with or without children) was ordained by God….

**1. To Eliminate Loneliness by Experiencing His Committed Love and Sharing It with One Another**

Family is a significant institution that God had established, and it began with the institution of Marriage as a God ordained relationship which is both sacred and precious. A relationship which is mysterious and a union which is like no other. Two will become one ,but this Oneness is not an automatic event at the marriage but a process which takes a lifetime of becoming one. To understand the Designer's design and plan it is particularly important to know that two people,i.e.. one man and one woman commit themselves to love and be loved in a permanent covenantal relationship. God wants us to be committed, and his expectation of love is not only when it is convenient to love the person we marry, but to keep choosing love even in every difficult and adverse situation, because that is how He chose to love us even to the point of sacrificing His life for us.

In Genesis2: 18, we see that the Lord God said, "it is not good for the man to be alone" and He creates a woman and brings her to the man and then declares the covenant statement, in verse 24 of the same chapter, "For this reason a man shall leave His father and mother and be united to His wife and the two will become one flesh" The loneliness of man was something that the Lord identified as being the reason for him to bring Eve into Adam's life. So one of the purposes of God establishing family was to remove loneliness. We also see in Psalm 68: 6 that God sets the lonely in families. Familial relationships were to be the core of human relationship, where intimate love can be experienced and expressed in appropriate ways.

**2. To Radiate the Image of The Creator by Imbibing his Character.**

In Gen1:26 we read that the Lord created them male and female in His image. What does Image imply here? The image of God implies his character, His attributes and His very nature. The more time we as individuals and as a family spend in His presence, the more we would be able to radiate His image. When Galatians 5:22 talks about the fruit of the Spirit which is love, joy, peace, patience, kindness, goodness, faithfulness, gentleness and self- control we see that the list can be best practiced in the context of the family as this is where we display our true nature. To be daily refined in our inner self gives us the grace to live out faith within the home, which in turn primes us to be able to witness effectively outside the home as well. In Ephesians 3:14 we read about the apostle Paul interceding for families and he says how every family in heaven and on earth have derived their name from the Father above. Family is God's workmanship to fully display the characteristics of the Godhead family and glorify God through their very existence.

**3.To Procreate a Missional Leg**acy by Teaching and Training Children in Faith.

The environment in which children were given and gifted to the family is beautifully brought out in Psalm127:3, "Children are a heritage from the Lord, offspring a reward from Him". God enabled us to become co-creators with him in the process of having children. We are meant to be stewards of the children He entrusts to us and raise them up to practice authentic faith. This was meant to be a place where children could see faith lived out on a day to day basis. As authentic faith is always contagious. God had a grand purpose in designing the home as the best disciple-making center.

Today somehow the faith formation responsibilities are completely given to the church instead of parents taking on the responsibility of teaching and training children in the precepts of God. In Deuteronomy chapter 6:4-20, we see that parents are commanded to love God, know His commands first in their own hearts and then be instrumental in teaching their children both formally and informally, and there is room for questions as well. Parents are instructed to be able to raise up appropriate signboards which are pointers to God through all the experiences that they go through in their lifetime, so that their children do not lose their way but may make it safe home to their Father in Heaven.

In conclusion, family was established by God to reflect His love and character and to raise a godly generation that would in-turn continue to do the same to fulfil His missional purpose in this world. ❖

**MATRIMONIAL**

Marthomite parents invite proposal for their son 29/171 M.D from parents of God fearing, Marthomite, C.S.I, Evangelical girls who have completed MBBS or pursuing MD/MS.

**Mob: 6238039815, 9436350572**



Advt.




# കുടുംബം– ദൈവിക പദ്ധതിയുടെ പൂർത്തീകരണം

**ഡോ. മിനി ജോൺ**
ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജ്, തിരുവല്ല

വഴിയാത്രയ്ക്കിടയിൽ കാണുന്ന ചില വീടുകളുടെ വലുപ്പവും പുറംമോടിയും പലപ്പോഴും നമ്മളെ അത്ഭുതപ്പെടുത്തുന്നു. എത്ര മനോഹരമായ വീട്. എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ രമ്യഹർമ്മ്യം. വിശാലമായ മുറ്റം, മനോഹരമായ പൂന്തോട്ടം. നിരത്തിലിറങ്ങിയിട്ടുള്ള ഏറ്റവും പുതിയ കാറ്. ഇവയെല്ലാം കണ്ട് ഉള്ളിലുള്ളവരെപ്പറ്റി തെല്ലരൊസൂയയോടെ നമ്മൾ ചിന്തിക്കുന്നു, 'എത്ര ഭാഗ്യവാന്മാർ', ജനിക്കുന്നെങ്കിൽ ഇത്തരം ഭവനത്തിൽ ജനിക്കണം, കുടുംബത്തെപ്പറ്റിയുള്ള സാധാരണക്കാരന്റെ കാഴ്ചപ്പാടുകൾ ഇപ്രകാരമാണ്. പലപ്പോഴും അതിനുള്ളിലെ മനുഷ്യജീവിതങ്ങളുടെ മോടിയെപ്പറ്റി നാം വളരെ കുറച്ചു മാത്രമേ ചിന്തിക്കാറുള്ളൂ. പിന്നീടെപ്പോഴോ മറ്റൊരു വഴിയാത്രയിൽ മുമ്പു കണ്ട വീടിന്റെ ആന്തരിക ജീർണ്ണതയെപ്പറ്റി മറ്റാരോ പറഞ്ഞു കേൾക്കുമ്പോൾ നമ്മളറിയാതെ പറഞ്ഞു പോരുന്നു "ദൈവമേ എന്തുപറ്റി ഈ വീടിന്".

മനുഷ്യൻ ഏകനായിരിക്കുന്നത് നല്ലതല്ല എന്ന ദൈവിക ചിന്തയുടെ പൂർത്തീകരണമാണ് കുടുംബം. മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പും വളർച്ചയും എല്ലാം കുടുംബവുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടേയും സമൂഹത്തിന്റേയും അടിസ്ഥാനഘടകമാണ് കുടുംബം. ദൈവത്തെ ഭയപ്പെടുന്ന ഒരു കുടുംബത്തിൽ അവൻ വസിക്കും. കർത്താവിന് വെറുപ്പായ അശുദ്ധ വഴികളിൽ നിന്ന് ഒഴിഞ്ഞിരിക്കുന്ന ഭവനത്തെ കർത്താവ് ഇഷ്ടപ്പെടുന്നു. നാം പ്രതിബദ്ധതയോടെ ജീവിതം നയിക്കുകയും വിശുദ്ധരായി നമ്മെത്തന്നെ സൂക്ഷിക്കുകയും ചെയ്താൽ ദൈവം നമ്മിൽ പ്രസാദിക്കും. നമ്മുടെ കുടുംബം മുഴുവനും ദൈവനാമ മഹത്വത്തിനായി വിശുദ്ധിയിൽ പണിയപ്പെടും. നമ്മുടെ കുടുംബത്തെക്കുറിച്ചും അതിന്റെ നിലനിൽപ്പിനെക്കുറിച്ചും വളരെ കൃത്യമായ പദ്ധതികൾ ദൈവത്തിനുണ്ട്.

കോവിഡ് 19 എന്ന പകർച്ചവ്യാധി മനുഷ്യരെ വളരെ നിരാശരും മനസ്സിടിഞ്ഞവരുമാക്കി തീർത്തിരിക്കുന്നു. എന്നാൽ ദൈവഭക്തിയുള്ളവർ സമാധാനത്തോടെ ജീവിതം നയിക്കുന്നു. കാരണം നാം രോഗശയ്യയിലായിരിക്കുന്നതോ ദാരിദ്ര്യമനുഭവിക്കുന്നതോ കാണുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം ഈയ്യോബിനെപ്പോലെ നമ്മുടെ ആവശ്യങ്ങളിൽ ദൈവത്തെ ആശ്രയിക്കുമെങ്കിൽ സകല ബുദ്ധിയേയും കവിയുന്ന ദൈവിക സമാധാനത്താൽ ദൈവം നമ്മെ അനുഗ്രഹിക്കും. തന്നെ ഭയപ്പെട്ട് തന്റെ വഴികളിൽ നടക്കുന്നവരുടെമേൽ ദൈവത്തിന്റെ ദൃഷ്ടികൾ ഉണ്ടായിരിക്കും. അതിനാൽ നിരാശയിൽ ആരും ഭയപ്പെടേണ്ടതില്ല. ഏതു പ്രതികൂല സാഹചര്യത്തിലും അവരുടെ സ്നേഹവും ഭക്തിയും നിമിത്തം ദൈവം സമൃദ്ധമായി അവരെ അനുഗ്രഹിക്കും. യേശുക്രിസ്തുവിൽ അടിസ്ഥാനപ്പെടുവാൻ ആഗ്രഹിക്കുന്ന കുടുംബം ചില കാര്യങ്ങൾ ക്രമീകരിക്കേണ്ടതാണ്.

### 1. സ്നേഹത്തിൽ ഏകോപനം

സ്നേഹത്തിലധിഷ്ഠിതമായ ഏകോപനത്തിലാണ് കുടുംബത്തിന്റെ നിലനിൽപ്പ്, "ഒരുവനേക്കാൾ ഇരുവർ ഏറെ നല്ലത് അവർക്ക് തങ്ങളുടെ പ്രയത്നത്താൽ നല്ല പ്രതിഫലം കിട്ടുന്നു. വീണാൽ ഒരുവൻ മറ്റൊരുവനെ എഴുന്നേല്പിക്കും. ഏകാകി വീണാലോ അവനെ എഴുന്നേല്പിക്കാൻ ആരുമില്ലായ്മകൊണ്ട് അവന് അയ്യോ കഷ്ടം (സഭാ.4:9–10).

വ്യത്യസ്ത അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ ബന്ധങ്ങളും പരസ്പര സ്നേഹവുമാണ് ഏറ്റവും കൂടുതൽ താങ്ങി നിർത്തുന്നത്. അത് കുടുംബത്തിനകത്തായാലും പുറത്തായാലും. അതുകൊണ്ട് നാം ദൈവസ്നേഹത്തിൽ അന്യോന്യം സ്നേഹിക്കുമെങ്കിൽ ദൈവത്തിന്റെ സ്നേഹം നമ്മിൽ പൂർണ്ണമാകും. ഭാര്യ ഭർത്താവിനെ സ്നേഹിക്കുക. കുഞ്ഞുങ്ങൾ മാതാപിതാക്കളെ സ്നേഹിക്കുക, യുവാക്കൾ തങ്ങളുടെ മുതിർന്നവരേയും ദൈവദാസന്മാരേയും സ്നേഹിക്കുക. ഇവയെല്ലാം സ്നേഹത്തിന്റെ പ്രവർത്തികളാണ്. ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുമ്പോൾ മാത്രമേ കുടുംബാംഗങ്ങളെ നമുക്കു സ്നേഹിപ്പാൻ കഴിയുകയുള്ളൂ. കുടുംബം ഭൂമിയിലെ സ്വർഗ്ഗമാകണമെങ്കിൽ അവിടെ ബന്ധങ്ങളുടെ ഊഷ്മളത ഉണ്ടാകണം. ക്രിസ്തു കേന്ദ്രീകൃതമായ ഒരു കുടുംബത്തിൽ മാത്രമേ ഇത്തരം ബന്ധങ്ങൾ നിലനിൽക്കുകയുള്ളൂ.

**2. ഹൃദയത്തെ സ്പർശിക്കുന്ന കുടുംബ നേതൃത്വം**

കുടുംബം എപ്രകാരമായിരിക്കണമെന്നതിന്റെ ഭാവിദൃശ്യം സൃഷ്ടിച്ചെടുത്ത് കുടുംബാംഗങ്ങളെല്ലാവരേയും അതിലേക്ക് പ്രചോദിപ്പിക്കുവാൻ നേതൃത്വത്തിനും കഴിയണം. കുഞ്ഞങ്ങൾക്ക് വേണ്ട നേതൃത്വം നൽകാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അവർക്ക് വേണ്ടത് മാതൃകയാണ്. ജീവിതമാതൃകയുടെ നിയന്ത്രണമേറ്റെടുക്കുവാനുള്ള ഉത്തരവാദിത്വം നമുക്കോരോരുത്തർക്കുമുണ്ട്. ഹൃദയത്തെ സ്പർശിക്കുന്ന നേതൃത്വമുണ്ടാകുമ്പോഴാണ് ഭവനത്തിൽ ബന്ധങ്ങൾ ദൃഢമാകുന്നത്. ഉത്കൃഷ്ടമായതിലേക്ക് കുടുംബത്തെ മുഴുവനും സമർപ്പിക്കണമെങ്കിൽ നമ്മളോരോരുത്തരും അത് തന്നെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തണം. പുതുതലമുറയിലുള്ളവർ നിരന്തരമായ സമ്മർദ്ദങ്ങളുടെ പിടിയിലാണ്. കുടുംബത്തിന് ഏറ്റവും മികച്ചത് നല്കാനായി കഠിനമായി അദ്ധ്വാനിക്കുന്നു. അവസാനം ക്ഷീണിതരായി തളർന്ന് സന്ധ്യയ്ക്ക് വീടുകളിലേക്ക് ചേക്കേറുന്നു. ഹൃദയത്തെ സ്പർശിക്കുന്ന സ്നേഹത്തിലൂടെ മാത്രമേ ഇത്തരം വൈതരണികളെ തരണം ചെയ്യാൻ കഴിയൂ. സമയമാണ് നിങ്ങളുടെ മക്കൾക്ക്/ഭാര്യയ്ക്ക്/ഭർത്താവിന്/ മാതാപിതാക്കൾക്ക് കൊടുക്കാവുന്നതിൽ വച്ചേറ്റവും വലിയ സമ്മാനം. നിങ്ങളവരെ സ്നേഹിക്കുന്നുണ്ടെന്നും അവരെ പരിഗണിക്കുന്നുവെന്നും അവരെ ബോദ്ധ്യപ്പെടുത്തുന്നത് നിങ്ങൾ അവരോടൊപ്പമായിരിക്കുമ്പോഴാണ്.

**3. വൈവിധ്യങ്ങളെ അംഗീകരിക്കുക**

കുടുംബത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമാണ് വൈവിധ്യങ്ങളെ അംഗീകരിക്കുക എന്നത്. കുടുംബത്തിലെല്ലാവരും ഒരേപോലെ ചിന്തിക്കണം എന്നില്ല. തലമുറകളുടെ വ്യത്യാസം ചിന്തകളിലും പ്രവർത്തനങ്ങളിലും ലക്ഷ്യങ്ങളിലും എല്ലാം ഉണ്ടാകും. അഭിപ്രായങ്ങളെ അതേപടി അംഗീകരിക്കുന്നതിനു പകരം നാം അവയെ വിലമതിക്കുന്നു എന്ന് പരസ്പരം മനസ്സിലാക്കിക്കണം. അതിലൂടെ ഏകോപനത്തിലേക്ക് എത്തിച്ചേരാൻ കഴിയും. വേറിട്ട ചിന്തകളെ എതിർക്കരുത്, തമസ്കരിക്കരുത്, ഉൾക്കൊള്ളണം, വിലമതിക്കണം, അംഗീകരിക്കണം.

**4. മാനുഷിക നിമിഷങ്ങൾ**

സന്തോഷവും ക്രിയാത്മകയും പ്രചോദനവും നമ്മുടെ ഭവനങ്ങളിലുണ്ടാകണമെങ്കിൽ അവിടെ മാനുഷിക നിമിഷങ്ങൾ അനിവാര്യമാണ്. എല്ലാവരുമൊന്നിച്ച് തുറന്നും ഗാഢമായും ബന്ധപ്പെടുന്ന സന്തോഷകരമായ സവിശേഷ നിമിഷങ്ങളാണ് മാനുഷിക നിമിഷങ്ങൾ. കുടുംബാംഗങ്ങളോട് സ്നേഹവും അനുകമ്പയും കാണിക്കാനുള്ള അവസരങ്ങളുടെ ചെറുജാലകങ്ങളാണ് അവ. നമ്മുടെ തിരിക്കുകളാൽ അത്തരം സാഹചര്യങ്ങൾ പലപ്പോഴും നാം തിരിച്ചറിയുന്നില്ല.

കുടുംബത്തിലെ അംഗങ്ങൾക്ക് കർത്താവ് നൽകുന്ന വിശ്വാസമാണ് അവരെ ധൈര്യപ്പെടുത്തുന്നത്. നമ്മൾ പ്രാർത്ഥനയിലും വേദപുസ്തകവായനയിലും കർത്താവിനോടു കൂടെ ചെലവഴിക്കുന്ന നിമിഷങ്ങൾ നമ്മുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ നൽകുന്നവയാണ്. പതിവായുള്ള തിരുവചന ധ്യാനത്തിലൂടെ ജ്ഞാനവും വിവേകവും അതിലൂടെ ആത്മീയ അഭിവൃദ്ധിയും പ്രാപിക്കുവാൻ ഇടയാകുന്നു.

യോഹന്നാന്റെ സുവിശേഷം 13-ാം അദ്ധ്യായം വിരുന്നു മേശയ്ക്കു ചുറ്റും ഒരുമിച്ചു കൂടുന്ന ഒരു കുടുംബത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. വിരുന്നുമേശയിൽ നിന്ന് വർത്തമാന കുടുംബങ്ങൾ ഒരുപാട് ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. കുടുംബ ജീവിതത്തിന്റെ ആന്തരിക സൗന്ദര്യത്തെ അണിയിച്ചൊരുക്കുന്ന കുറെമുത്തുകൾ. അവയെ തെളിമയോടെ കണ്ടെടുക്കാനും ജീവിതത്തിലും കുടുംബത്തിലും സ്വാംശീകരിക്കുവാനും നമുക്കു കഴിയണം. കുടുംബ പ്രാർത്ഥനകളെ മാറ്റി നിർത്തുന്ന ടി.വിയും മനുഷ്യരെ ഒറ്റയാക്കുന്ന മൊബൈൽ ഫോണുകളും ഒന്നിച്ചിരിക്കുവാൻ സമയം കൊടുക്കാത്ത ബിസിനസ്സ് തിരക്കുകളും വ്യക്തിബന്ധങ്ങൾക്ക് ഉലച്ചിൽ സൃഷ്ടിക്കുന്ന ദൂരസ്ഥലങ്ങളിലെ ജോലിയുമൊക്കെ കുടുംബത്തിന്റെ ശിഥിലീകരണ ശക്തികളാണ്. ഇവയൊന്നും പൂർണ്ണമായി ഒഴിവാക്കാൻ കഴിയാത്ത ഈ കാലഘട്ടത്തിൽ ക്രിസ്തുകേന്ദ്രീകൃതമായ കുടുംബത്തിനു മാത്രമേ നിലനിൽപ്പുള്ളൂ. ദൈവത്തിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്തുകൊണ്ട് ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുന്ന ഭവനത്തെ ദൈവം സമാധാനത്താലും സന്തോഷത്താലും നിറയ്ക്കും. ❖




# FAMILY- "A DIVINELY INSPIRED MASTERPIECE"

**Elenza Jacob**
St John's Marthoma Church, Hounslow
United Kingdom

## INTRODUCTION

Family is God's design. But we live in a fallen world which has taken ownership of the concept of family and redesigned it to suit their tastes and selfish agendas. The consequence of tampering with God's plan for family, is that it eventually leads to a regretful end far removed from God's original intent. God's intent, is that a family under God, will be blessed and be a blessing thereby glorifying God. Within God's model, a family is able to grow in their intimacy with God, allowing faith to be expressed as love not only between family members but beyond our family spheres.

Family thus is a divinely inspired masterpiece that God as the creator invites us to experience from a divine perspective as opposed to the fabricated or mediocre versions of a fallen humanity.

## FAMILIES AND VARIETIES

when we mention family, our immediate impression is a unit consisting of married couples or parents and their children. However, our vision must expand beyond this stereotype as one model cannot fit all. There are single parent families, elderly living on their own, unmarried adults, divorcees, refugees, orphans,homeless, the variety is endless. Psalms 68:6 says that God puts the lonely in families. This verse is a glaring reminder that God's heart is for people to live and thrive within the framework of family even if it's not biological. The Church itself is a family under God.

We need to look to the Bible as the authoritative source to help us establish foundations and boundaries to enable Family as per God's way. Isaiah 60:18 says that we will call our 'walls salvation and our gates praise.' This is a promise that God gave Israel when violence and dysfunction was rife in their land. It can also be applied to our families however dire our situation, as God is the only one who can infuse hope and enable praise instead of despair.

## PERFECT FAMILIES -A MYTH/ ROLE OF SIN/REDEMPTION PLAN

Looking at Biblical families, it becomes apparent that a perfect family did not exist and if we are honest, a perfect family does not exist in this world. It can bring about a mixed response of surprise and relief. What caused this and how are we to have a template around which we can model our own family values?

The Bible explains that all people are marred by sin. Strife in relationships is an expression of our inherent sin nature. However, the Bible also shows us that God, because of His love for us did not leave us in our sinful state but chose to deliver

us from sin and restored our relationship with him. It is only through our restored relationship with God that we experience the ongoing inner transformation which is key to healing hurts and bridging gaps in relationships.

Sometimes our godly commitment towards family can feel like a one sided affair. The Bible makes it clear that we will be accountable to God for our actions and it's important to guard our hearts so that we are not led to sin by the careless actions of others in the family. Our hearts when completely surrendered to God can enable Him to act on behalf of those who wait on Him(Isaiah 64:4)

Instead of aspiring for a perfect family as a destination, it would be more apt to think of our families on a journey with God. We will never be perfected this side of heaven but we can be transformed into an ever increasing likeness of God's image for family ( 2 Corinthians 3:18) as we lean on Him for the wisdom, strength and resources to help us keep the course.

**VALLEY OF BACA**

Families will have challenges and uncertainties making us doubt God's good plan for us. Psalms 84: 6 talks about the valley of Baca which is a valley that represents weeping or burden. But when we trust God, He can transform the Baca seasons of life to a 'place of springs', an indication of life and we experience God's favour from above described as 'autumn rains.'

**BALANCE AND CHAOS**

God's plan for family can work only if He is central to it. Any other emphasis will tip the balance and cause chaos. Proverbs 16:11 says that God is delighted when things are in balance and He desires for us to experience the joy of a balanced life. Regular family prayer, if not in place is a good first step. But build on it till it becomes our altar and legacy to pass on to the next generation.

Today's generation of families are encumbered with the demands of work and the pursuit of academic and professional accomplishments. Excellence and perfection are further imposed expectations. These are not necessarily bad but when they override our lives to the point that we are only able to give our rushed and negligible time to God and family, we become easy targets for Satan, who patiently waits to take advantage of our unguarded and preoccupied selves.

**GODLY ORDER**

When God designed families, He also put in place a structure which can enable order, purpose and fulfilment. Even the Holy Trinity has an order with Father, Son and Holy Spirit working together and yet the Father loves the Son, the Son submits to the Father and the Holy Spirit glorifies the Son .

In married couples, having an order means the husband has godly authority and this means he is to love his wife in a sacrificial way as Christ loved the church (Ephesians 5:25). He has the responsibility to intercede for his family so that each member under his authority grow in their God given potential. The wife in turn lovingly responds to this order out of reverence for God and submits to her husband's love for her as the Church submits to Christ(Ephesians 5:24) The Bible says in 1 Timothy 2:1 to pray for those in authority. The wife needs to pray for her husband so that he is enabled to carry out His God given responsibility in family. Both have equal worth as they are made in the image of God and are coworkers in God's kingdom.

**WORTHY INVESTMENT**

Today we invest into many areas of our lives:professional, leisure, property or personal maintenance. Our families and marriages also need investment by regular checks and support. It will greatly enrich our relationships and in turn we are enabled to reach out to others in need.

There are many Christian organisations that exist to support families. I would encourage you to prayerfully consider browsing through their resources and establishing connections with them.

Below are links to family and marriage websites that I can recommend

- urbanindia.org(India- email is info@-urbanindia.org and Phone number is +91 9945238999)
- www.parivarinternational.org (USA- email is info@Parivarinternational.org)
- familylifegodsway.org(UK- has free resources to download, print) ❖



# കുടുംബം ദൈവത്തിന്റെ ദാനം (2 രാജ.4:1 –7)

**ലിസ ജോൺ**, കടമ്മനിട്ട

സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ദൈവിക ഉടമ്പടി ബന്ധമാണ് കുടുംബം. ഒരു മുപ്പിരി ചരടുപോലെ ഭാര്യ- ഭർതൃ-ദൈവം ഈ മൂന്നു കാര്യങ്ങളും ഇഴചേർന്ന് ഒരു ക്രിസ്തീയ കുടുംബം സംജാതമാകുന്നു. വ്യത്യസ്ത തലങ്ങളിൽ സാഹചര്യങ്ങളിൽ കുടുംബങ്ങളിൽ ജനിച്ചു വളർന്ന സ്ത്രീയും പുരുഷനും വിശുദ്ധ വിവാഹ കൂദാശയിലൂടെ ഒന്നായി തീരുമ്പോൾ വലിയവനായ സൃഷ്ടാവായ ദൈവം പ്രതീക്ഷിക്കുന്ന ജീവിതം നയിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ജീവിത പ്രതിസന്ധികളിലും പരിമിതികളിലും പരസ്പരം പങ്കുവെയ്ക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ഒന്നും മറച്ചു വയ്ക്കാതെ സത്യസന്ധമായി ജീവിക്കുന്നതിനും മൂന്നാമതിൽ ഒന്നാമതായി ദൈവത്തെ സ്വീകരിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യണം.

ഉദ്ധരിക്കപ്പെട്ട വേദഭാഗത്തു നിന്നും ചില ചിന്തകൾ പങ്കുവെയ്ക്കാം. 1. പ്രതിസന്ധികളിൽ പതറാതെ ദൈവമുഖത്തേക്ക് നോക്കുക. 2. പരസ്പരം പഴിചാരാതെ നന്മ കണ്ടെത്തുവാൻ ശ്രമിക്കുക. 3. ജീവിതത്തിൽ പങ്കാളിയുമായി ഒരു Intimacy ഉണ്ടായിരിക്കുക. 4. സത്യസന്ധത അല്ലെങ്കിൽ transparency ഉണ്ടായിരിക്കുക. 5. സമസൃഷ്ടികളുമായി നല്ല ബന്ധം ഉണ്ടായിരിക്കുക. 6.എല്ലാ മഹത്വവും ദൈവത്തിന് മാത്രം കൊടുക്കുക.

**1. പ്രതിസന്ധികളിൽ പതറാതെ ദൈവമുഖത്തേക്ക് നോക്കുക**

മേൽ ഉദ്ധരിക്കപ്പെട്ട വേദഭാഗം ദൈവഭക്തനായ ഒരു മനുഷ്യന്റെ ഭവനത്തിൽ ഉണ്ടായ സംഭവമാണ്. അവിടെ ഒരു ഭാര്യ, സ്ത്രീ അവളുടെ പ്രശ്നത്തിന് ആരുടെ അടുക്കലേക്കാണ് ഓടിച്ചെല്ലുന്നത്? ഏലീശാ പ്രവാചകന്റെ അടുത്ത് (4:1a) നിലവിളിയോടെ ചെല്ലുന്നു. ഇന്നത്തെ ഈ കൊറോണ വൈറസ് നമ്മെയും ലേകജനതയെ മുഴുവനും ആശങ്കയിലാഴ്ത്തിയിരിക്കുന്നു. ഈ വലിയ വിപത്തിൽ നിന്നും നമ്മുടെ ദൈവത്തിനു മാത്രമേ, നമ്മെ രക്ഷിക്കാൻ കഴിയൂ. നമ്മുടെ സഹജീവികൾക്കു വേണ്ടി നമുക്കു ദൈവസന്നിധിയിൽ അഭയാചന ചെയ്യാം. ദൈവത്തിന് ഹിതമുള്ള സമയത്ത് ഉത്തരം നിശ്ചയമായും ലഭിക്കും.

**2. പരസ്പരം പഴിചാരാതെ നന്മ കണ്ടെത്തുവാൻ ശ്രമിക്കുക.**

“നിന്റെ ദാസൻ യഹോവ ഭക്തനായിരുന്നു എന്ന നിനക്ക് അറിയാമല്ലോ”. യഹോവ ഭക്തനായ പുരുഷൻ എങ്ങനെ അനുഗ്രഹിക്കപ്പെടും എന്ന് 128–ാം സങ്കീർത്തനം മൂന്നും നാലും വാക്യങ്ങളിൽ പറയുന്നുണ്ട്. “നിന്റെ ഭാര്യ... ഇങ്ങനെ അനുഗ്രഹിക്കപ്പെടും”. ഈ തിരിച്ചറിവ് സ്ത്രീകളായ നമുക്ക് ഓരോരുത്തർക്കും ഉണ്ടായിരിക്കണം. ഭർത്താവ് കടംവരുത്തി വച്ചിട്ട് തനിക്കോ കുഞ്ഞുങ്ങൾക്കോ ഒന്നും കരുതി വയ്ക്കാതെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. സ്വാഭാവികമായും കുറ്റപ്പെടുത്തലുകൾ, ഒറ്റപ്പെടുത്തലുകൾ ഒക്കെ ഉണ്ടാകും. എന്നാൽ കുടുംബം ദൈവിക ദാനമാണെന്ന് വിശ്വസിച്ചു ജീവിക്കുന്ന ഒരു കുടുംബം അങ്ങനെ ചെയ്യില്ല. “നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണ പൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ” (വി.മത്തായി.5:48). “നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും” (വി. മത്താ.6:14). പരസ്പരം ക്ഷമിച്ചും പൊറുത്തും ജീവിക്കാൻ ശ്രമിക്കാം. ഇവിടെ ഭാര്യ ഭർത്താവിന്റെ പോരായ്മകൾ ഒന്നും പറയാതെ നിന്റെ ദാസൻ യഹോവ ഭക്തൻ ആയി

രുന്നു എന്നാണ് പറയുന്നത്. നാം നമ്മുടെ പങ്കാളിയുടെ ഗുണങ്ങൾ പ്രകീർത്തിക്കാറുണ്ടോ എന്നു ചിന്തിക്കാം.

**3. പങ്കാളിയുമായി ഒരു വിശ്വാസ്യത ഉണ്ടായിരിക്കണം**

കുടുംബ ജീവിതം അമൂല്യമായ ഒരു ദൈവികദാനമാണ്. കുടുംബം സ്വർഗ്ഗമാക്കുവാനും നരകമാക്കുവാനും കുടുംബത്തിലെ ഒരു വ്യക്തിക്കു കഴിയും. എന്നാൽ ഭാര്യാഭർത്തൃ ബന്ധത്തിൽ നല്ല വിശ്വാസ്യത ഉണ്ടെങ്കിൽ ഏതു സാഹചര്യങ്ങളേയും പരസ്പര സ്നേഹത്തോടെയും കരുതലോടെയും മറികടക്കുവാൻ സാധിക്കും. ഓരോരുത്തരും നമ്മേക്കാൾ ശ്രേഷ്ഠർ എന്നു കരുതിയാൽ പ്രശ്നങ്ങൾ ഏറെയും ഇല്ലാതാക്കുവാൻ സാധിക്കും. മറ്റുള്ളവർ എന്തുതന്നെ പറഞ്ഞാലും നാം അതിൽ പ്രതികരിക്കരുത്. ഇതൊക്കെയും ദൈവം നമ്മുടെ ഹൃദയത്തിൽ ഉണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ.

**4. സത്യസന്ധത (transparency) ഉണ്ടായിരിക്കുക**

സ്ഫടികം പോലെയായിരിക്കണം ജീവിതം. മറച്ചുവയ്ക്കാനൊന്നും ഉണ്ടാകരുത്. “ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണം പറക വീട്ടിൽ നിനക്ക് എന്തുള്ളൂ” (4:2). എന്ന പ്രവാചകന്റെ ചോദ്യത്തിന് സത്യസന്ധമായ മറുപടി “ഒരു ഭരണി എണ്ണയല്ലാതെ അടിയന്റെ വീട്ടിൽ മറ്റൊന്നുമില്ല” സത്യസന്ധമായ ഒരു തുറന്നുകാട്ടൽ. ഇന്നു പലർക്കുമുള്ള അവസ്ഥ തുറന്നു പറയാൻ മടിയാണ്. ഇല്ലാത്തത് പലതും ഉണ്ട് എന്ന ഭാവം. ഇത് ദൈവം ദാനമായി ത്തന്ന ക്രിസ്തീയ ജീവിതത്തിന് ഭൂഷണമല്ല. പൌലൊസ് അപ്പൊസ്തലൻ പറയുന്നതുപോലെ ഒരു പത്രമായി ഞാൻ നിങ്ങളുടെ ഇടയിൽ ജീവിക്കുന്നു. ഉള്ളത് ഉള്ളതുപോലെ അറിയുന്ന നമ്മുടെ ദൈവം നമ്മെ ഒരിക്കലും കൈവെടിയില്ല. ആർഭാടങ്ങൾക്കും അനാവശ്യമായ ചെലവുകൾക്കും നാം നിന്നു കൊടുക്കരുത്. അത് നമ്മുടെ ആത്മീയ ജീവതത്തിന് ഭൂഷണമല്ല. സത്യസന്ധമായി ജീവിക്കുവാനും പ്രവൃത്തിക്കുവാനും നമുക്ക് സാധിക്കണം.

**5. സമസൃഷ്ടങ്ങളുമായി നല്ല ബന്ധം ഉണ്ടായിരിക്കണം**

“നീ ചെന്ന് നിന്റെ അയൽക്കാരോടൊക്കെയും വെറും പാത്രങ്ങൾ വാങ്ങുക” (വാ.4:3) എന്ന് പ്രവാചകൻ പറയുന്നു. അയൽപക്കങ്ങളുമായി നല്ല ബന്ധം ഇല്ല എങ്കിൽ അതിന് സാധിക്കുകയില്ല. കുഞ്ഞുങ്ങൾ അവ അനുസരിക്കുന്നു. അവർ അയൽപക്കങ്ങളിൽ പോയി പാത്രങ്ങൾ കൊണ്ടു വരുന്നു. പാത്രങ്ങൾ ചോദിച്ചാൽ തരുവാൻ തക്കബന്ധം. ദൈവസ്നേഹം പകർന്നു നൽകുന്ന സ്നേഹ ഇടങ്ങൾ ആയിരിക്കണം അയൽപക്കങ്ങൾ. പ്രവാചകൻ പറയുന്നത് അതേപോലെ അനുസരിക്കുന്ന അമ്മയും മക്കളും.

**6. എല്ലാ മഹത്വവും ദൈവത്തിനു മാത്രം**

“പിന്നെ നീയും നിന്റെ മക്കളും അകത്തുകയറി വാതിൽ അടച്ച് എണ്ണ പാത്രങ്ങളിൽ പകർന്ന് നിറഞ്ഞത് മാറ്റിവെയ്ക്കുക. പാത്രങ്ങൾ കുറവായിരിക്കരുത്” (വാ.4) എന്തിനായിരിക്കാം അങ്ങനെ പ്രവാചകൻ പറഞ്ഞത്. ഇന്നത്തെ കാലയളവിൽ ആൾ ദൈവങ്ങൾ ധാരാളം ഉണ്ടായി വരുന്നുണ്ട്. ഒന്നു പ്രാർത്ഥിച്ച് ഒരാൾ സുഖപ്പെട്ടാൽ പിന്നെ ആരാധന അവരോടാണ്. ഒരു ഭരണി എണ്ണകൊണ്ട് ഇത്രയും പാത്രങ്ങൾ നിറയുന്നതു കണ്ടാൽ അത് ഒരു അത്ഭുതമാണ്. ആളുകൾ അവരെ തേടിയെത്തും. അവൾ ഒരു ആൾദൈവമായി മാറും. ദൈവത്തിനു മഹത്വം ലഭിക്കില്ല. തന്നെയുമല്ല നമ്മുടെ ജീവിതം ദൈവം തന്ന ദാനമാണ്. അതിൽ സുഖദുഃഖങ്ങളും ഉയർച്ച താഴ്ചകളും സമ്മിശ്രമായി ഉണ്ടാകും. പ്രതിസന്ധികളിൽ ദൈവം എങ്ങനെ നടത്തുന്നു എന്ന് തലമുറകൾക്ക് പറഞ്ഞ് കാണിച്ചു മനസ്സിലാക്കിക്കൊടുക്കണം. അത് മാതാക്കളായ നമ്മുടെ കടമയാണ്. ആവർത്തനപുസ്തകം 6:7-9 “യിസ്രായേലേ കേൾക്ക....... പടിവാതിലുകളിലും എഴുതേണം” 1 ശമുവേൽ 25:32-33 വാക്യങ്ങളിൽ കാണുന്ന അബിഗയിൽ. അബീഗയിലിനെപ്പോലെ തക്കസമയത്ത് പ്രവർത്തിക്കേണ്ടതുപോലെ പ്രവർത്തിപ്പാൻ ദൈവാശ്രയമുള്ള സ്ത്രീകൾക്കു മാത്രമേ സാധിക്കൂ.

കുടുംബം ദൈവത്തിന്റെ ദാനമാണ്. കുടുംബത്തിൽ എല്ലാ വ്യക്തികൾക്കും സ്വതന്ത്രമായി അഭിപ്രായം പറയുവാൻ എല്ലാവരേയും ഒരുമിച്ചു സ്നേഹത്തിലും കരുതലിലും ഒരു കുടക്കീഴിൽ കൊണ്ടുപോകുവാൻ ആ ഭവനത്തിലെ മാതാവു വിചാരിച്ചാൽ സാധിക്കും. നമ്മുടെ കുടുംബങ്ങൾ ദൈവമാകുന്ന കേന്ദ്രബിന്ദുവിൽ ഒരുമയോടെ ജീവിപ്പാൻ ദൈവം സഹായിക്കട്ടെ. ❖

**MATRIMONIAL**

Marthomite parents invite proposals for their son Electrical Engineer (M.Tech) working in Kuwait, age 28, 167 c.m. from parents of God fearing and professionally qualified grils.

**Mob: 9446685619, 0468-2966641**



Advt.

# മാറ്റത്തിനു വഴികാണിക്കുന്നവർ

**ശോശാമ്മ മാത്യു,** സെക്കന്തരാബാദ്

സ്ത്രീകൾ മാറ്റത്തിനു വഴി ഒരുക്കുവാൻ എപ്പോഴും സന്നദ്ധരാണ്. ആ വഴി അംഗീകരിക്കാൻ തയ്യാറുള്ളവരും ഉണ്ടാകുന്നു. ഒരു വീട്ടിൽ മൂന്നു നാലു പുരുഷന്മാർ ഇരുന്ന് ശത്രുക്കളെ ചതിയിൽപ്പെടുത്താൻ ഉള്ള വഴി ആലോചിക്കുകയാണ്. അപ്പോൾ വീട്ടിലെ ഗൃഹനായിക ഇറങ്ങിവന്നു പറഞ്ഞു ഈ ശത്രുത ഒക്കെ നിർത്തി ഇനി സ്നേഹമായി മുൻപോട്ടു പോകുന്നതല്ലേ നല്ലത് എന്ന്, ഉടനെ ഗൃഹനാഥന്റെ വാക്കുകൾ കേറടി അകത്ത്, പുരുഷന്മാർ സംസാരിക്കുന്നിടത്ത് നിനക്കെന്തു കാര്യം. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല.

നമ്മുടെ പൂർവ്വ മാതാക്കൾ മാറ്റത്തിനു വഴിയൊരുക്കാൻ വളരെ കഷ്ടപ്പെട്ടു. കാണ്ടമ്മക്കൊച്ചമ്മ ചെറുപ്പത്തിലേ വിധവയായി എങ്കിലും വീട്ടിൽ ഒതുങ്ങിയിട്ടില്ല. നമുക്കറിയാം മക്കളെ ശരിയായി വളർത്തി സഭയ്ക്കും സമൂഹത്തിനും നല്ല വഴികാട്ടിയായിരുന്നു.

2 രാജാക്കന്മാർ 5-ൽ ആരം രാജാവിന്റെ സേനാപതിയായ നയമാനേപ്പറ്റി പറയുന്നു. നയമാൻ പരാക്രമശാലിയാണെങ്കിലും അവൻ കുഷ്ഠരോഗിയായിരുന്നു. അവൻ പരാക്രമശാലി, മാന്യൻ, മഹാൻ ഒക്കെയായിരുന്നു പക്ഷേ കുഷ്ഠം എന്ന മഹാരോഗം അവനെ ബാധിച്ചിരുന്നു. അവന്റെ ശാരീരികവും മാനസികവുമായ സൗഖ്യത്തിന് മാറ്റത്തിന് ഒരു പേരില്ലാത്ത ഒരടിമ പെൺകുട്ടി വേണ്ടി വന്നു. അവൾ നയമാന്റെ ഭാര്യയുടെ ശുശ്രൂഷക്കാരിയായിരുന്നു. നയമാനേ ബാധിച്ച മഹാരോഗം ആരാലും സൗഖ്യമാക്കാൻ സാധിക്കാത്തതാണ് ആ രോഗം മാറ്റാനുള്ള വഴി ഒരുക്കി ഒരു കൊച്ചു അടിമപെൺകുട്ടി കാണിക്കുന്നു.

നയമാൻ-പരാക്രമശാലി, മാന്യൻ, മഹാൻ. നയമാന് പേരുണ്ട്. സേനാപതിയാണ്, പരാക്രമശാലിയാണ്. പെൺകുട്ടി-പേരില്ല, അടിമയാണ്. ദാസ്യവേല ചെയ്യുന്നവൾ. ആരാലും അറിയപ്പെടാത്തവൾ. അവൾ നയമാന്റെ ജീവിതത്തിന്റെ പ്രധാനമാറ്റത്തിനു വഴി ഒരുക്കുന്നവൾ ആയിമാറിയതല്ല, മാറ്റങ്ങൾക്കു വഴി ഒരുക്കുവാൻ വിദ്യാഭ്യാസവും കഴിവും പേരും സ്ഥാനമാനങ്ങളും ഒന്നും ആവശ്യമില്ല. വി.വേദപുസ്തകത്തിൽ പേരുപറയപ്പെടാത്ത പലരും വഴികാട്ടികളാകുന്നുണ്ട്. യിസ്രായേലിന്റെ രക്ഷയ്ക്കുവേണ്ടി ശിംശോന്റെ ജനനത്തെക്കുറിച്ച് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് സംസാരിക്കുന്നത് മനോഹയുടെ ഭാര്യയോടാണ്. ഭാര്യയ്ക്കും പേരില്ല. യിസ്രായേലിന്റെ രക്ഷയ്ക്ക് വഴിയൊരുക്കാൻ മനോഹയുടെ ഭാര്യയ്ക്ക് ദൂതൻ രണ്ടുപ്രാവശ്യം പ്രത്യക്ഷപ്പെടുന്നു.

ദൈവത്തിന്റെ പ്രവാചകനായ ഏലിയാവിനെ പുലർത്താൻ ദൈവം നിയോഗിച്ചത് സാരേഫാത്തിലെ ഒരു വിധവയെയാണ്. അവൾക്കും പേരില്ല (1 രാജ. 17:10). ദൈവം അവളരെ നേരത്തേ അറിഞ്ഞു നേരത്തേ അവളെ തെരഞ്ഞെടുത്തു. ഡോ. അന്നമ്മ ജോർജ്ജ് കൊച്ചമ്മ വളരെയേറെ മാറ്റങ്ങൾക്കു വഴിയൊരുക്കിയ ധീരവനിതയാണ്. അന്നത്തെ നമ്മുടെ പൂർവ്വമാതാക്കളെ നമുക്കു മാതൃകയാക്കാം.

2020ലെ സേവികാസംഘദിനത്തിൽ എല്ലാവർക്കും ഭവനങ്ങളിൽ പ്രാർത്ഥിക്കാം. കഴിഞ്ഞ കാലങ്ങളിലേക്കു തിരിഞ്ഞു നോക്കാം. ആയിരിക്കുന്ന ഇടങ്ങളിൽ തന്നാൽ ആവതു ചെയ്യാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ എന്നു നമുക്കെല്ലാം ഒന്നു ചേർന്നു പ്രാർത്ഥിക്കാം. ❖

## ട്രിനിറ്റി മാർത്തോമ്മാ ഇടവക സേവികാസംഘം, ഹൂസ്റ്റൻ

### വിവാഹ സഹായനിധി വിതരണം പൂർത്തിയായി

ഹൂസ്റ്റൻ ട്രിനിറ്റി മാർത്തോമ്മാ ഇടവക സേവികാസംഘം വിവാഹനിധിയിൽ നിന്നും ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 50 നിർദ്ധനരായ യുവതികൾക്ക് 800 അമേരിക്കൻ ഡോളർ വീതം വിവാഹ സഹായം വിതരണം ചെയ്തു. 2019 ഒക്ടോബർ മാസം ഇടവകയിൽ വച്ച് നടന്ന ഭദ്രാസന സേവികാസംഘം കോൺഫറൻസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച് സുവനീറിൽ നിന്ന് ലഭിച്ച വരുമാനമാണ് പ്രസ്തുത സഹായത്തിനായി ലഭ്യമാക്കിയത്. ഈ സഹായ പദ്ധതിക്ക് ആവശ്യമായ ഒത്താശകൾ ചെയ്ത് അനുഗ്രഹിച്ച ഭദ്രാസന എപ്പിസ്കോപ്പാറൈറ്റ് റവ. ഡോ. ഐസക്ക് മാർ ഫീലക്സിനോസ് തിരുമേനിയോടും, ഭദ്രാസന സേവികാസംഘം പ്രവർത്തകരോടും ഈ ശുശ്രൂഷയ്ക്ക് ഉജ്ജ്വലമായ നേതൃത്വം നൽകിയ സേവികാസംഘം കോൺഫറൻസ് ചുമതലക്കാരോടും ട്രിനിറ്റി ഇടവക സേവികാസംഘത്തിന്റെ 2019-2020 വർഷങ്ങളിലെ പ്രവർത്തകരോടും അസിസ്റ്റന്റ് വികാരി റോഷൻ വി. മാത്യൂസിനോടുമുള്ള നന്ദി അറിയിക്കുന്നു.

**റവ. ജേക്കബ് പി. തോമസ്,** ട്രിനിറ്റി ഇടവക സേവികാസംഘം പ്രസിഡന്റ്

*കവിത*

# നന്മ മരങ്ങളെ നമിക്കാം

**സൂസൻ റ്റി. മാത്യു**
ജെറുശലേം മാർത്തോമ്മാ ചർച്ച്, വല്യയന്തി

**ക**ർമ്മഭൂമിയിൽ നിയുക്തമാം നിയോഗങ്ങൾ
ചങ്കിലേറ്റി കാതങ്ങൾ പിന്നീടവേ
അരുതെന്ന് താക്കീതുകൾ പിന്നിലുയർന്നപ്പോഴും
പശിയിന്നുൾവിളികൾ നയിച്ചീടുന്നെന്നെ
അനുദിനമീ കർമ്മവീഥിയിൽ
മഹാമാരിയിൻ ക്ഷതമേറ്റനേകർ
യവനികയ്ക്കുള്ളിൽ മറഞ്ഞീടവേ
ഒരിറ്റു ശ്വാസത്തിനായ് വെമ്പിടുന്നു,
ഒരിറ്റാശ്വാസത്തിനായ് കേഴുന്നു ചിലർ.
രോദനങ്ങൾ, തപ്തനിശ്വാസങ്ങളാണെവിടെയും
മിഴികൾ നിറഞ്ഞീടുന്നു അതിവ്യഥകളാൽ
സാന്ത്വന പരിചരണങ്ങളേതുമേ
തെല്ലാശ്വാസവുമേകുന്നില്ലീ വേദനയ്ക്ക്
വല്ലാത്തൊരേകാന്തതയിൽ ഖിന്നരായിടുന്നു ജനം
എല്ലാം കണ്ടും കേട്ടുമെൻ ഹൃദയം വല്ലാതെയുലഞ്ഞു പോയ്
ചിരിയും കരച്ചിലുമെല്ലാ ഭാവങ്ങളും
മറഞ്ഞുപോയെൻ മുഖംമൂടിയിൽ
അതുമെന്നെ തുണച്ചെന്ന് നിനച്ചു ഞാനീ യാത്രയിൽ
ആംബുലൻസിൻ സൈറണും
പ്ലാസ്റ്റിക് ഉടുപ്പിൻ കിരുകിരുപ്പും
സാനിറ്റൈസിൻ ഗന്ധവും
മൃതമാകും ശരീരങ്ങൾ വെടിപ്പിൽ
പൊതിയുമ്പോഴുണ്ടാകും വിങ്ങലും
വല്ലാതെ തളർത്തിയെന്നെയീ അടച്ചിട്ട ദിനങ്ങളിൽ
നീറിടുമകമുറിവിൻ പരിദേവനങ്ങളാണെവിടെയും
പെരുകുന്നു രോഗികൾ ലോകമാകെ
ഉറവിടമറിയാതെ വളരുന്നു വ്യാപനം
പകച്ചു നിൽക്കുന്നു സകലരുമീയനിശ്ചിതത്വത്തിൽ
സർക്കാരുമാരോഗ്യമേഖലയും നിയമപാലകരും
ഒരുമിച്ചു കൈകോർത്തു കൃത്യമായ്
ഈ മഹാമാരിയെ തടഞ്ഞീടുവാൻ
പ്രവാസി നന്മയിലൂറ്റം കൊണ്ടവർ
അകൽച്ച വച്ചവരോടീ വേളയിൽ
അതിജീവനത്തിൻ പാതയിലവർക്കൊപ്പം
നില്പാൻ ചില നന്മ മരങ്ങളുണ്ടിവിടെ
നമിക്കാം നമുക്കീ നന്മമരങ്ങളെ
കാലത്തിൻ ചരിത്രത്താളുകളിൽ
കോറിവയ്ക്കുമീദിനങ്ങൾ സുനിശ്ചയം
അനേകർ രോഗവിമുക്തരായ്
നന്ദിയോടെ മടങ്ങി തൻ കൂട്ടിലേക്ക്
മോചനത്തിന്നാശ്വാസം തിളങ്ങിടുന്നീമുഖങ്ങളിൽ
നമിക്കുന്നു ഞാൻ നന്ദിയോടെന്നീശനെ
എന്നുമെവിടെയുമെക്കാലവും
ഒട്ടും മടിച്ചിടാതോടിയെൻ ദേഹത്തിനല്പം
ശങ്ക, മനസ്സിനൊപ്പം എത്തിടുവാനായ്
തിരിച്ചറിയുന്നു ഞാൻ ആ സത്യം
വില്ലനായ് വന്നവനെന്നിലും കൃത്യമായ്
നിന്നെ തുരത്തുവാനതിജീവിക്കുവാൻ
ഉണ്ടൊരുപിടി പ്രതിരോധമെന്നിൽ ബാക്കിയായ്
അല്പകാലമോരേകാന്തവാസം അതെനി-
ക്കീശ്വരൻ തന്നൊരുപവാസമീവേളയിൽ
തവ പാദെയണയുന്നു ഞാൻ
എന്നകമൊന്നു കഴുകുവാനായ്
എന്നഹമൊന്ന് നീക്കുവാനായ്
തവപാദെയണയുന്നു ഞാൻ
അതേ അതുതന്നെയാണെന്നുപവാസം
ഇഹത്തിൽ പരനൊത്തുള്ളോരുപവാസം.

ഇന്ത്യൻ ക്രൈസ്തവ ചരിത്രം പരമ്പര–16
മാർത്തോമ്മാ സഭ ചരിത്രം–1

# മുന്നേറ്റത്തിന്റെ കാലഘട്ടം

റവ. ഡോ. ജോൺ ഫിലിപ് അട്ടത്തറയിൽ, ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ട്, കൊമ്പാടി

മാർത്തോമ്മാ സഭ റോയൽ കോർട്ടിൽ തോറ്റെങ്കിലും സുവിശേഷ വേലയെക്കുറിച്ചുള്ള ഉത്സാഹം കൊണ്ട് ചലനാത്മക സമൂഹമായിത്തീർന്നു. സഭാജനങ്ങളെ ആത്മീയമായി വളർത്തിയെടുക്കുന്നതാണ് ഭൗതീക സ്വത്തുക്കളേക്കാൾ വിലയുള്ളതെന്ന ബോധ്യം നഷ്ടങ്ങളെ അവഗണിക്കാനും വിശ്വാസത്തോടെ സഭാ സമൂഹത്തെ കെട്ടിപ്പടുക്കാനും കാരണമായി. മാർത്തോമ്മാ സഭാംഗങ്ങൾ തീത്തൂസ് ഒന്നാമന്റെ നേതൃത്വത്തിൽ ആത്മീയമായി മുന്നേറി.

പതിനാറാം മാർത്തോമ്മയായ തീത്തൂസ് രണ്ടാമന്റെ കാലത്ത് സഭയുടെ ആകമാന വളർച്ച ഉണ്ടായി. അനിവാര്യമായ പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിക്കുന്നതിന് ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു.

### കർമ്മനിരതനായ തീത്തൂസ് ദ്വിതീയൻ മാർത്തോമ്മാ (പതിനാറാം മെത്രാപ്പോലീത്ത)

തീത്തൂസ് ദ്വിതീയൻ, തീത്തൂസ് ഒന്നാമൻ 1909–ൽ കാലം ചെയ്തതോടെ 1909 നവംബർ 5–ാം തീയതി കോഴഞ്ചേരി പള്ളിയിൽ വച്ച് മെത്രാപ്പോലീത്ത ആയി. സഭയിലെ സംഘടനകൾ (സേവികാസംഘം, സന്നദ്ധ സുവിശേഷക സംഘം, യുവജനസഖ്യം), പുതിയ പള്ളികൾ, മാർത്തോമ്മാ സെമിനാരി, പുതിയ സ്കൂളുകൾ, തിരുവല്ല സെന്റ് തോമസ് ടി.ടി.ഐ. എന്നിങ്ങനെ ധാരാളം പുരോഗമനപരമായ സ്ഥാപനകൾ തുടങ്ങുന്നതിന് തീത്തൂസ് ദ്വിതീയൻ നേതൃത്വം നൽകി. തക്സാ പരിഷ്കരണം ആ കാലത്ത് നടത്തി. നിർബന്ധിത വരുമാനം നിർത്തലാക്കി. 1917–ൽ ഏബ്രഹാം മാർത്തോമ്മാ സഫ്രഗൻ മെത്രാപ്പോലീത്തായെയും 1937–ൽ യൂഹാനോൻ മാർ തിമൊഥെയോസ്, മാത്യൂസ് മാർ അത്താനാസ്യോസ് എന്നിവരേയും മേൽപട്ടക്കാരാക്കി. 1944–ൽ തീത്തൂസ് ദ്വീതീയൻ കാലം ചെയ്യുമ്പോൾ സഭയ്ക്ക് ആത്മീക കാഴ്ചപ്പാടുകളും, ഭൗതിക വളർച്ചയ്ക്കും ശക്തമായ നേതൃത്വവും കൈവരിക്കുന്നതിന് സാധിച്ചു.

### പുതിയ ലോകം വെട്ടിത്തുറന്ന ഏബ്രഹാം മാർത്തോമ്മാ (17–ാം മാർത്തോമ്മാ)

ആധുനിക വിദ്യാഭ്യാസം ലഭിച്ച് 1917–ൽ സ്ഥാനാഭിഷക്തനായ ഏബ്രഹാം മാർത്തോമ്മാ കേരളത്തിലെ ആംഗ്ലിക്കൻ, യാക്കോബായ, മാർത്തോമ്മാക്കാർക്ക് പൊതു സ്വീകാര്യനായിരുന്നു. ആധുനിക കാലത്തിലേക്ക് മാർത്തോമ്മാസഭയെ കൈപിടിച്ചുയർത്തിയ ഏബ്രഹാം മാർത്തോമ്മാ കുഞ്ഞുങ്ങളെ സഭാ ശുശ്രൂഷയ്ക്കായി പ്രോത്സാഹിപ്പിച്ചു. യുവജനങ്ങളെ ദൈവശാസ്ത്ര പരിശീലനത്തിന് ഒരുക്കി. സുവിശേഷ വേലയ്ക്കു മാർഗ്ഗദർശനം നൽകി. സഭാ സംഘടനകൾ സുവിശേഷത്തിനായിട്ടാണെന്ന ദർശനമാണ് സന്നദ്ധ സുവിശേഷക സംഘം, സുവിശേഷ സേവികാസംഘം എന്നിവയുടെ രൂപീകരണത്തിലുള്ളത്.

കാൽ നൂറ്റാണ്ട് സഫ്രഗൻ മെത്രാപ്പോലീത്തയായും (1917–1944) മൂന്നു വർഷം മെത്രാപ്പോലീത്തയായും ഏബ്രഹാം മാർത്തോമ്മാ സ്തുത്യർഹമായ സേവനം ചെയ്തു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് പിന്തുണ നൽകുകയും സി.പി. രാമസ്വാമി അയ്യരുടെ സ്വതന്ത്ര തിരുവിതാംകൂർ വാദത്തെ എതിർക്കുകയും ചെയ്തു. നീതിക്കുവേണ്ടി കഷ്ടത ഏൽക്കുവാൻ തയ്യാറായ മേൽപ്പട്ടക്കാരനായിരുന്നു.

### സാമൂഹ്യ ഇടപെടലുകളിലൂടെ ക്രിസ്തീയ സാക്ഷ്യം നിറവേറ്റിയ യൂഹാനോൻ മാർത്തോമ്മാ (18–ാം മാർത്തോമ്മാ)

1937–ൽ മേൽപ്പട്ടക്കാരായ യൂഹാനോൻ മാർ തിമൊഥെയോസ് 1947–ൽ മാർത്തോമ്മാ മെത്രാപ്പോലീത്തയായി. സഭയുടെ പൗരസ്ത്യ പാരമ്പര്യം, സാമൂഹ്യ പ്രതിബദ്ധത, എക്യുമെനിക്കൽ ബന്ധങ്ങൾ, രാഷ്ട്രീയ ഉൾക്കാഴ്ചകൾ, അനീതിക്കെതിരെയുള്ള നിലപാടുകൾ എന്നിവ ഉയർത്തിക്കാട്ടിയ അദ്ദേഹത്തിന്റെ നിലപാടുകൾ എടുത്തു പറയേണ്ടതാണ്. സത്യത്തിനു വേണ്ടി എന്ത് കഷ്ടം സഹിക്കാനും അദ്ദേഹം തയ്യാറായി. അടിയന്തിരാവസ്ഥയെ എതിർ

ത്തുകൊണ്ട് സഭയുടെ സാമൂഹ്യ ഉത്തരവാദിത്തം നിറവേറ്റി. ഭവന മില്ലാത്തവർക്കെല്ലാം ഭവനം നിർമ്മിച്ചു നൽകണമെന്നത് തിരുമേനിയുടെ ഉത്ഘടമായ ആഗ്രഹമായിരുന്നു. WCCയുടെ 1961-ലെ ഡൽഹി സമ്മേളനത്തിന് നേതൃത്വം നൽകിയ തിരുമേനി, WCC പ്രസിഡന്റായി പ്രവർത്തിച്ചു.

മാർത്തോമ്മാ സഭയുടെ ആദ്യകാല കോളേജുകളെല്ലാം (തിരുവല്ല, കോഴഞ്ചേരി, ചെങ്ങന്നൂർ) തിരുമേനിയുടെ പ്രോത്സാഹനത്തിൽ ആരംഭിച്ചതാണ്. തിരുമേനി നല്ല സൗഹൃദത്തിന് ഉടമ യായിരുന്നു. തനിക്കെതിരെ കേസ് കൊടുത്ത കെ.എൻ ദാനിയേലിനോട് വളരെ സ്നേഹത്തോടെ ഇടപെടാൻ കഴിഞ്ഞത് തിരുമേനിയുടെ അത്യപൂർവ്വമായ വ്യക്തിത്വത്തിന് തെളിവാണ്.

വിശ്വാസവും ചരിത്രവും അനുഭവങ്ങളും ഒക്കെ ചേർന്നു ധാരാളം പുസ്തകങ്ങൾ രചിക്കുന്നതിന് തിരുമേനിക്ക് കഴിഞ്ഞു. വിവാദങ്ങൾക്ക് ഇടയാക്കാവുന്ന വിഷയങ്ങൾ പ്രതിപാദിപ്പിക്കുന്നതിനും തിരുമേനി മടിച്ചില്ല. 1976 സെപ്റ്റംബർ 27-ാം തീയതി തിരുമേനി താൻ സ്നേഹിച്ച ജനത്തോട് വിടവാങ്ങി.

**പുതിയ പന്ഥാവുകൾ വെട്ടിത്തുറന്ന മാത്യൂസ് മാർ അത്താനാസ്യോസ് (1937-1973)**

കീഴില്ലം സ്കൂളിൽ അദ്ധ്യാപകനായി ആരംഭിച്ച ശുശ്രൂഷ 1937-ൽ മാത്യൂസ് മാർ അത്താനാസ്യോസ് എന്ന നാമധേയത്തിൽ മേല്പട്ടക്കാരനായതോടെ സഭയുടെ എല്ലാ മേഖലകളിലേക്കും വ്യാപിച്ചു. 1922 -ൽ 21-ാമത്തെ വയസ്സിൽ കീഴില്ലത്ത് ചെന്ന സി.റ്റി. മാത്യു കീഴില്ലം സെന്റ് തോമസ് മിഡിൽ സ്കൂൾ സ്ഥാപിക്കുന്നതിൽ പങ്കുവഹിച്ചു. പെരുമ്പാവൂർ സ്കൂളിന്റെ ആരംഭത്തിന് അദ്ധ്വാനിച്ച മാത്യു ശെമ്മാശൻ സഭയ്ക്ക് സ്കൂളുകളും ആശുപത്രികളും ഗ്രാമീണ മേഖലകളിൽ ആരംഭിക്കുന്നതിനും വളർത്തുന്നതിനും കാരണക്കാരനായി. കുടിയേറ്റത്തിന് സഭാജനങ്ങളെ സജ്ജമാക്കുകയും അവർക്ക് ദൈവാലയങ്ങൾ സ്ഥാപിച്ചും നിരന്തരം ഗ്രാമങ്ങൾ സഞ്ചരിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് അദ്ദേഹം കർമ്മനിരതനായി. കിഴക്കൻ മലയോരങ്ങളിലേക്കും മലബാറിലേക്കും കുടിയേറുന്നതിനു വേണ്ട സാഹചര്യങ്ങളൊരുക്കി. ഓടിനടന്ന് പ്രവർത്തിച്ച ആ കർമ്മയോഗി 1973 നവംബർ 30ന് കാലം ചെയ്തു.

**കൃത്യനിഷ്ഠക്കാരനായ അലക്സാണ്ടർ മാർത്തോമ്മാ (19-ാം മാർത്തോമ്മാ)**

മാർത്തോമ്മാ സഭയുടെ പൗരസ്ത്യ-നവീകരണ പാരമ്പര്യങ്ങളിൽ വേരൂന്നി ആധുനിക വിദ്യാഭ്യാസം നേടിയ മൂന്ന് വൈദികർ ഡോ. അലക്സാണ്ടർ മാർ തെയോഫിലോസ്, തോമസ് മാർ അത്താനാസ്യോസ്, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം എന്നീ പേരുകളിൽ 1953 മെയ് 23നു മേൽപ്പട്ടക്കാരായി. സഭയുടെ ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു അത്.

1953 മുതൽ 1976 വരെ വിവിധ ഭദ്രാസനങ്ങളുടെ അദ്ധ്യക്ഷനായും 1976 മുതൽ 2000 വരെ മാർത്തോമ്മാ മെത്രാപ്പോലീത്ത (19-ാം മാർത്തോമ്മാ) എന്ന നിലയിലും ഡോ. അലക്സാണ്ടർ മാർത്തോമ്മാ സഭയുടേയും സമൂഹ ത്തിന്റേയും ജീവിതത്തിൽ പതിപ്പിച്ചു. കാച്ചി ക്കുറുക്കിയ പ്രസംഗങ്ങളിലൂടെയും ലളിതമായ സന്ദേശങ്ങളിലൂടെയും ചിട്ടയായ സഭാപ്രവർത്തനങ്ങളിലൂടെയും സാമൂഹ്യ സേവന പന്ഥാവുകൾ തുറന്നു. അലക്സാണ്ടർ മെത്രാപ്പോലീത്താ സഭാസമൂഹങ്ങൾക്ക് മാതൃകയായി. മറ്റ് സഭാവിഭാഗങ്ങളോടും ഇടപെട്ടപ്പോഴും നവകരണ ദർശനം കാത്തു സൂക്ഷിക്കാൻ കഴിഞ്ഞു. ഒരു ചെടിയെ പരിചരിക്കുന്നതുപോലെ ഇടവകകളെ പരിചരിച്ചു. സ്ഥാനത്യാഗം ചെയ്ത ആദ്യത്തെ മെത്രാപ്പോലീത്തയായ അദ്ദേഹത്തിന് വലിയ മെത്രാപ്പോലീത്ത എന്ന സ്ഥാനം സഭ നൽകി.

**ഭരണനിപുണനായ തോമസ് മാർ അത്താനാസ്യോസ് (1924-1984)**

തോമസ് മാർ അത്താനാസ്യോസ് 1953 മുതൽ 1984 വരെയുള്ള തന്റെ എപ്പിസ്കോപ്പൽ കാലഘട്ടത്തിനു ദീർഘവീക്ഷണത്തോടെ, ഭരണനിപുണതയോടെ, ഉന്നതയായ, ചിന്താശേഷിയോടെ ഭദ്രാസനങ്ങളിലും സ്ഥാപനങ്ങളിലും പ്രവർത്തിച്ചു. വൈദികരെ ഉന്നത വിദ്യാഭ്യാസത്തിലേക്കു അയച്ചു. മാർത്തോമ്മാ സെമിനാരിയുടെ വളർച്ചയ്ക്ക് വഴിയൊരുക്കി. ഉന്നത ദർശനങ്ങളുള്ള തിരുമേനി മികച്ച ഒരു വൈദിക ഗണം സഭയിൽ ഉണ്ടാകുന്നതിന് പ്രോത്സാഹനം നൽകി. ചെറിയ കാര്യങ്ങൾ പോലും സൂക്ഷ്മമായി പഠിച്ച് പ്രവർത്തിക്കുന്നതായിരുന്നു തിരുമേനിയുടെ രീതി. ലോകത്തെവിടെയും പ്രസിദ്ധപ്പെടുത്തുന്ന മികച്ച ഗ്രന്ഥങ്ങൾ വാങ്ങി നല്ല ഒരു ലൈബ്രറി ഒരുക്കുന്നതിനും മാങ്ങാനത്ത് സെന്റ് അഗസ്റ്റിൻ സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിനും കാരണക്കാരനായി. വൈദികരെ സ്റ്റഡി സെന്ററിലേക്ക്

വിളിച്ചുവരുത്തി അർത്ഥവത്തായ പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും വായിക്കുന്നതിനും പഠിക്കുന്നതിനും പ്രേരിപ്പിക്കുകയും ചെയ്തു. തിരുമേനിയുടെ സ്മരണ നിലനിർത്തുന്നതിനായി തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ റിസർച്ച് ആന്റ് ഓറിയന്റേഷൻ സെന്റർ സഭ സ്ഥാപിച്ചു. ഈ സ്ഥാപനത്തിലൂടെ വൈദികരുടെ തുടർ വിദ്യാഭ്യാസം പ്രതിദിന വേദപഠനസഹായി, Everyday with the Word എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് തിരുമേനിയുടെ ഉന്നത ദർശനത്തിന്റെ തുടർച്ചയായിട്ടാണ്. 1984 നവംബർ 27ന് 70-ാം വയസ്സിൽ ലോകത്തോടു വിടപറഞ്ഞു.

**ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ (20-ാം മാർത്തോമ്മാ)**

1918 ഏപ്രിൽ 27-ന് ജനിച്ച ഫലിപ്പോസ് മാർ ക്രിസോസ്റ്റം കോളജ് വിദ്യാഭ്യാസത്തിനുശേഷം അങ്കോല ആശ്രമത്തിൽ പ്രവർത്തകരെ ആവശ്യമാണെന്ന് അറിഞ്ഞപ്പോൾ അതിന് സന്നദ്ധനായി. പി.ജെ. തോമസ് അച്ചൻ, കൊച്ചമ്മ, പി. ജോൺ തോമസ് എന്നിവരോടൊപ്പം 1940 സെപ്റ്റംബർ 28-ാം തീയതി അങ്കോലയിൽ എത്തി. ആശ്രമത്തിന് അവർ "ക്രിസ്തുമിത്ര ആശ്രമം" എന്ന് പേരിട്ടു. പാവങ്ങളോട് ഐക്യദാർഢ്യപ്പെട്ടും തദ്ദേശീയരോട് സഹകരിച്ച് സുവിശേഷം അറിയിച്ചും സുവിശേഷവേലയുടെ പുത്തൻ മാനങ്ങൾ സൃഷ്ടിക്കുന്നതിന് അവർക്ക് കഴിഞ്ഞു. 1944-ൽ വൈദികനായും 1953-ൽ മേൽപ്പട്ടക്കാരനുമായും സ്ഥാനമേറ്റ മാർ ക്രിസോസ്റ്റം സഭയിലും സമൂഹത്തിലും നിറഞ്ഞു നിന്ന വ്യക്തിത്വമായിരുന്നു. ചിരിപ്പിക്കുന്നതിലൂടെ ചിന്തിപ്പിക്കുന്ന തിരുമേനി കാലത്തിന്റെ സ്പന്ദനങ്ങളെ തിരിച്ചറിഞ്ഞ് ശ്രോതാക്കളുടെ ചിന്താശേഷി മനസ്സിലാക്കി പുത്തൻ ആശയങ്ങൾ പങ്കിടുന്നതിൽ അഗ്രഗണ്യനായി ത്തീർന്നു. 1999 മുതൽ 2008 വരെ മെത്രാപ്പോലീത്തായായും തുടർന്ന് വലിയ മെത്രാപ്പോലിത്തയായും തീർന്ന തിരുമേനി ഭാരതത്തിലെങ്ങും അറിയപ്പെട്ട മേൽപ്പട്ടക്കാരനായി. ഭാരതംപത്മഭൂഷൺ നൽകി തിരുമേനിയെ ആദരിച്ചത് മാർത്തോമ്മാ സഭയ്ക്ക് ലഭിച്ച അംഗീകാരം കൂടെയായിരുന്നു. 102 വയസ്സ് പൂർത്തിയാക്കിയ തിരുമേനി കേരളീയ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ്.

1953-ൽ വാഴിക്കപ്പെട്ട മൂന്നു മെത്രാപ്പോലീത്താമാരുടെ കാലഘട്ടം 20-ാം നൂറ്റാണ്ടിൽ ആരംഭിച്ച് 21-ാം നൂറ്റാണ്ടിലേക്ക് നീണ്ടു നിൽക്കുകയാണ്. ലോക ക്രൈസ്തവ സമൂഹങ്ങളിൽ അറിയപ്പെട്ട, ആദരിക്കപ്പെട്ട മേൽപ്പട്ട ത്രയങ്ങളായ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, തേമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ എന്നിവർ മാർത്തോമ്മാ സഭയുടെയും സഹോദരി സഭകളുടെയും ക്രിയാത്മക വളർച്ചയ്ക്ക് കാരണഭൂതരായി.

തുടരും...

## Bible Quiz-VIII

**1 കൊരി 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങൾ**

**മിസ് സാറാമ്മ ഈപ്പൻ**, വനിതാമന്ദിരം




1. കൊരിന്തു സഭ സ്ഥാപിച്ചത് ആരാണ്?
2. കൊരിന്തു സഭ നേരിട്ട പ്രശ്നം എന്തായിരുന്നു?
3. പൌലോസിന്റേയും സഹപ്രവർത്തകരുടേയും പ്രസംഗ വിഷയം എന്തായിരുന്നു?
4. ജ്ഞാനം അന്വേഷിക്കുന്നതാരാണ്?
5. പൌലോസിന്റെ പ്രസംഗം ജ്ഞാനത്തിന്റെ പ്രദർശനമല്ലായിരുന്നു. മറ്റ് എന്തിന്റേതായിരുന്നു?
6. സകലത്തേയും വിവേചിക്കുകയും ആരാലും വിവേചിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതാർ?
7. ക്രിസ്തുവിൽ ആരോടെന്നപോലെയാണ് പൌലോസ് കൊരിന്തിലെ വിശ്വാസികളോട് സംസാരിച്ചത്?
8. വിശ്വാസിയെ എന്തിനോടുപമിച്ചിരിക്കുന്നു?
9. കൊരിന്ത്യരെക്കുറിച്ച് പൌലോസ് സ്തോത്രം ചെയ്യുന്നതിനുള്ള കാരണം എന്താണ്?
10. കൊരിന്തു സഭയിലെ പ്രശ്നത്തിന് പൌലോസ് നൽകുന്ന മറുപടി (1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങളിൽ) അഞ്ചു വാചകങ്ങളിൽ കവിയാതെ എഴുതുക.

*(ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2020 നവംബർ 1)*

# ബലാത്സംഗ സംഭവങ്ങളും നമ്മുടെ പ്രതികരണങ്ങളും

ശാന്തി മത്തായി
സേക്രഡ്ഹാർട്ട് കോളേജ്, കൊച്ചി

ഓരോ ബലാത്സംഗ വാർത്ത കേൾക്കുമ്പോഴും നാം വല്ലാതെ ഞെട്ടും. അത് സംഭവിക്കുന്നത് നമ്മുടെ ചുറ്റുപാടുകളിലോ നമുക്കു പരിചയമുള്ള ആളുകൾക്കോ ആണെങ്കിൽ നാം രോഷം കൊള്ളും, ആക്രോശിക്കും, അയാളെയും അധഃപതിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തെയും ശപിക്കും. പിന്നെ പതിയെ സ്വന്തം തിരക്കുകളിലേക്കു മടങ്ങി നിശ്ശബ്ദരാകും. പുറത്തിറങ്ങിയാൽ, തനിയെ യാത്ര ചെയ്താൽ അക്രമിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്നു മനസ്സിലുറപ്പിച്ചിട്ടു സ്വന്തം വീട്ടിലെ കുട്ടികളെയും സ്ത്രീകളെയും കടുത്ത നിയന്ത്രണത്തിലാക്കും.

2020 സെപ്റ്റംബർ ഏഴിനു ആംബുലൻസ് ഡ്രൈവറായ ഒരു യുവാവ് കോവിഡു ബാധിച്ച പത്തൊൻപതുകാരിയെ ഉപദ്രവിച്ച വാർത്ത അറിഞ്ഞപ്പോഴും സമൂഹത്തിലെ പല സ്ത്രീകളും പുരുഷന്മാരും പ്രതികരിച്ചത് ഇങ്ങനെയൊക്കെത്തന്നെ അല്ലേ? ശക്തമായ പ്രതിഷേധ ശബ്ദങ്ങളുമായി എന്തെങ്കിലും പരിപാടികൾ സംഘടിപ്പിച്ച എത്ര മത സംഘടനകൾ ഇവിടെ ഉണ്ട്? എത്ര മതനേതാക്കൾ ഉണ്ട്? വളരെ ചുരുക്കമായി അങ്ങുമിങ്ങും ചില സാമൂഹ്യ പ്രവർത്തകർ ശബ്ദിച്ചാലായി, എന്തെങ്കിലും പ്രതികരണങ്ങൾ നടത്തിയാലായി. ചില അറസ്റ്റുകൾ നടക്കും, ചിലപ്പോൾ ചില നടപടികളും ഉണ്ടായാലായി.

വിദ്യാഭ്യാസവും അറിവും സാമ്പത്തിക സ്ഥിതിയും സൗകര്യങ്ങളും വർധിക്കുമ്പോൾ ബലാത്സംഗം പോലെയുള്ള നീചമായ കുറ്റകൃത്യങ്ങൾ കുറയുകയല്ലേ വേണ്ടത്? 2012 ലെ നിർഭയ സംഭവത്തിനുശേഷം നടന്ന വലിയ പ്രതിഷേധങ്ങൾ പലവിധത്തിൽ നിർണായകമായിരുന്നു. എന്നാൽ 2014 –18 കാലയളവിൽ ഒന്നേമുക്കാൽ ലക്ഷം ബലാത്സംഗങ്ങൾ ആണ് ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് എന്ന് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ (NCRB) യുടെ കണക്കുകൾ പറയുന്നു. 2020–ൽ പുറത്തു വന്ന 2018 വർഷത്തിലെ കണക്കുകൾ അനുസരിച്ചു ഓരോ 15 മിനിട്ടിലും ഈ ദാരുണമായ അതിക്രമം നടക്കുന്ന സമൂഹം ആണ് നമ്മുടേത് എന്നോർത്താൽ നമുക്ക് അഭിമാനിക്കാൻ എന്താണുള്ളത്?

ഒരു സമൂഹം എന്ന നിലയിൽ നാം പാഠം പഠിക്കേണ്ടത് ഏതു വിധത്തിലാണ്? പ്രതികരിക്കേണ്ടത് ഇങ്ങനെയാണോ? ഇങ്ങനെ പല സംശയങ്ങളോടെ ചുറ്റും നോക്കി ചിന്തിക്കുമ്പോൾ ഉയർന്നു വരുന്ന ഒരു ചോദ്യം ഉണ്ട്.

എന്തുകൊണ്ടാണ് ബലാത്സംഗം ഒരു പൊതു പ്രശ്നമായി സ്ത്രീകളുടെ ചർച്ചകളിൽ ഉയർന്നു വരാത്തത്?

1. ബലാത്സംഗത്തിനു നമ്മൾ/ സമൂഹം നൽകുന്ന വ്യക്തിപരമായ മാനം ആണ് അതിന്റെ ഒരു പ്രധാന കാരണം. രണ്ടു വ്യക്തികൾ തമ്മിലുള്ള രഹസ്യമായ കാര്യമാണിതെന്നും ഈ കാര്യം പരസ്യമായി സംസാരിക്കാൻ പോലും പാടില്ലാത്ത എന്തോ വിഷയം ആണെന്നുമുള്ള ചിന്ത ചെറുപ്പത്തിൽത്തന്നെ മനസ്സിൽ ഉറപ്പിച്ചു തരുന്ന ചുറ്റുപാടുകളിൽ ആണ് നമ്മൾ വളർന്നു വരുന്നത്.

2. ആക്രമിക്കപ്പെട്ട പെൺകുട്ടിക്ക് അവളുടെ ചാരിത്ര്യം നഷ്ടപ്പെട്ടു പോകുമെന്നും അത് അവളുടെ (അവളുടെ മാത്രം!) ഭാവിയെ, വിവാഹത്തെ ഒക്കെ ബാധിക്കുന്ന ഒരു വ്യക്തിപരമായ നഷ്ടമായിരിക്കുമെന്നും ഉള്ള മനോഭാവം നമ്മുടെ പരമ്പരാഗത ചിന്താഗതികളിൽ അന്തർലീനമായികിടക്കുന്നു.

3. ചാരിത്ര്യം നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് പെൺകുട്ടിയുടെ ആവശ്യമാണെന്ന നിലപാട്. ഇല വന്നു മുള്ളേൽ വീണാലും മുള്ളു വന്നു ഇലയിൽ വീണാലും ഇലക്കാണ് കേട് എന്ന കുപ്രസിദ്ധമായ പഴഞ്ചൊല്ല് കേൾക്കാത്ത മലയാളികൾ ഉണ്ടാവില്ല, മുള്ളിൽ ചെന്ന് വീഴാതെ നോക്കേണ്ടത് പെൺകുട്ടിയുടെ ഉത്തരവാദിത്തം ആണെന്നു കൂടി പഠിപ്പിക്കുകയാണ് ഇതിലൂടെ. പുരുഷന്റെ ലൈംഗിക കുറ്റകൃത്യങ്ങൾക്ക് പലതരം ന്യായീകരണങ്ങൾ വായ്മൊഴിയായും എഴുതപ്പെട്ടും നിലവിലുണ്ട്. അവനു ചാരിത്ര്യ പ്രശ്നങ്ങളും ബാധകമല്ല.

4. ബലാത്സംഗം ചെയ്യപ്പെടുന്നത് പെൺകുട്ടിയുടെ കുറ്റം കൊണ്ടാണ് എന്ന പ്രബലമായ മിഥ്യാധാരണ. ഒരു സ്ത്രീ പീഡന കഥ പുറത്തു വരുന്ന സമയത്ത് കുറ്റവാളി പിടിക്കപ്പെടണം, ഇനി ഈ വിധമുള്ള അതിക്രമങ്ങൾ ഉണ്ടായിക്കൂടാ എന്ന സംസാരത്തെക്കാൾ 'അവൾ ശരിയല്ല' എന്ന സൂചനയോടെ അവളുടെ വേഷം, ഒരുക്കം, ഭാവങ്ങൾ എല്ലാം അവലോകനം ചെയ്യപ്പെടും. പലപ്പോഴും അവ ചേർത്തുവച്ച് കാരണങ്ങളായി നിരത്തപ്പെടും.

5. ആക്രമിക്കുന്നവനെക്കാൾ അക്രമത്തിനു ഇരയായവൾ നിന്ദിക്കപ്പെടുകയും മാനസിക പീഡ അനുഭവിക്കുകയും ചെയ്യേണ്ടി വരുന്ന സാഹചര്യം നിലനിൽക്കുന്നു. ബലാത്സംഗം ചെയ്യപ്പെട്ടു എന്ന് പുറത്തറിഞ്ഞാൽപ്പിന്നെ അവളെ അപകർഷതാ ബോധത്തിൽ തള്ളിയിടുന്ന തരത്തിലുള്ള പെരുമാറ്റങ്ങളാണ് ചുറ്റുമുള്ളവരിൽ നിന്നും അവൾക്കു ലഭിക്കാറുള്ളത്.

6. പുരുഷ മേധാവിത്ത സാമൂഹ്യ സംവിധാനത്തിൽ (patriarchal social system) പുരുഷൻ ചെയ്യുന്നതൊക്കെ ശരിയാണ് എന്ന് അറിഞ്ഞും അറിയാതെയും പിന്തുണക്കുന്നതിനുള്ള പ്രവണത എടുത്തു പറയേണ്ടതുണ്ട്. പുരുഷന്റെ തെറ്റുകൾക്കെതിരെ ശബ്ദമുയർത്താൻ പരിശീലിപ്പിക്കപ്പെടാത്ത സ്ത്രീ, 'അയ്യോ കഷ്ടം' എന്ന് ഉപദ്രവിക്കപ്പെട്ട പെണ്ണിനെ നോക്കി പരിതപിച്ചുകൊണ്ടു കൊണ്ട് പ്രതികരണം അവിടെ നിർത്തുന്ന അവസ്ഥ. ഒരു പരുവപ്പെടുത്തലിന്റെ തടവറ, ബലാത്സംഗത്തിനെതിരെയുള്ള പ്രതികാര ശേഷിയില്ലായ്മയിലും കാണാം.

(തുടരും)



# പ്രതിദിനധ്യാനം

**ഒക്ടോബർ 17 ശനി**

ഫിലി.2: 5-11

**ക്രിസ്തുയേശുവിലുള്ള ഭാവം**

പൌലോസ് അപ്പോസ്തലൻ തടവറയിൽ നിന്നും എഴുതിയ ലേഖനം. വിശ്വാസികളുടെ ഇടയിൽ ഭിന്നത, വേർതിരിവ്, അഹംഭാവം അതിനുള്ള പ്രതിവിധി- ക്രിസ്തുവിന്റെ ഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ. ദാസന്റെ രൂപം, അടിമയുടെ ജോലി അത് സ്വയം ഏറ്റെടുത്ത നിയോഗമായിരുന്നു. ഉരലിൽ കയറിയിട്ട് ഇടികൊള്ളുന്നു എന്നു പരിഭവിക്കരുത്. ക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിച്ചാൽ ദാസശുശ്രൂഷ തിരഞ്ഞെടുക്കലാണ്. ദൈവം മനുഷ്യനായപ്പോൾ ദരിദ്രരോടും ആലംബഹീനരോടും താദാത്മ്യപ്പെട്ടു. കുഷ്ഠരോഗിയെ സ്പർശിച്ചു. സ്ത്രീയുടെ സ്പർശനം പരസ്യമാക്കി. തൊട്ടുകൂടായ്മ ഒന്നും ഇല്ലായിരുന്നു. അന്ത്യഅത്താഴത്തിൽ തൂവാല അരയിൽ ചുറ്റി ശിഷ്യരുടെ കാൽകഴുകി. ആ ജോലി ചെയ്തിരുന്നതു അടിമകളായിരുന്നു. ദാസരൂപം സ്വീകരിച്ച മദർതെരേസ യഥാർത്ഥ ക്രിസ്തുശിഷ്യയായിരുന്നു. സ്വയം ശൂന്യമാക്കുക. എല്ലാ പദവികളും ത്യജിക്കുക. പിതാവിനോടുള്ള സമത്വം പോലും ഉപേക്ഷിച്ച് ക്രൂശ് സ്വീകരിക്കുക. ഞാൻ എന്ന ഭാവം ഇല്ലാതാക്കുക. അധികാരമല്ല ശുശ്രൂഷയാണ് ദൈവഹിതം. മെഴുകുതിരി പ്രകാശിച്ച് ഇല്ലാതാകും എന്റെ ജീവിതം മറ്റാരെ പ്രകാശിപ്പിക്കും? ക്രൂശിലെ മരണത്തോളം യേശു അനുസരണം ഉള്ളവനായി. ക്രൂശ് ഒഴിവാക്കാമായിരുന്നോ? മറ്റുള്ളവർക്കായി ജീവിതം പങ്കിടുന്നവരുടെ അടയാളമാണ് ക്രൂശ്. ഇന്നു സഭകൾ തമ്മിൽ സംഘർഷമാണ് സഭയ്ക്കുള്ളിൽ കലഹങ്ങളാണ്. കാരണം ക്രിസ്തുവിന്റെ ഭാവം നമുക്കു കൈമോശം വന്നു. സ്വാർത്ഥതയും വിദ്വേഷവും വർദ്ധിക്കുമ്പോൾ നാം ആരുടെ അനുയായി എന്നു സ്വയം ചോദിക്കണം. സ്വയം കേന്ദ്രീകൃത ജീവിതത്തിൽ നിന്നും ക്രിസ്തു കേന്ദ്രീകൃത ജീവിതത്തിലേക്കു നമുക്കു മടങ്ങാം.

***പ്രാർത്ഥന: പ്രിയനാഥാ, എന്നിലെ അഹംഭാവം മാറ്റി നിന്നിലെ ഭാവം എനിക്കു നൽകണമേ, ആമേൻ.***

**ഒക്ടോബർ 18 ഞായർ**

ലൂക്കോ. 10 : 25-28

**യൗവ്വനം വചനാധിഷ്ഠിതം**

തുല്യം വെയ്ക്കാവാനാത്ത കഴിവുകളുടെ കലവറയാണ് മനുഷ്യർ. അതിൽ യൗവ്വനക്കാലം അമിത പ്രാധാന്യവും അർഹിക്കുന്നു. സാധ്യതകളെ നവീന പദ്ധതികളിലൂടെ ആവിഷ്കരിക്കുവാനും അത് ജനനന്മയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തുവാനും പര്യാപ്തമായ സമയമാണ് യൗവ്വനം. എന്നാൽ ദൈവാത്മ പ്രോചോദിതമല്ലാത്ത എല്ലാ പ്രവർത്തികളും നിഷ്ഫലവും വ്യർത്ഥവും എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. കണ്ണഞ്ചിപ്പിക്കുന്നതിനെ കൈക്കുള്ളിലാക്കുവാൻ വെമ്പൽ കൊള്ളുന്ന വേളയാണ് യൗവ്വനം. നീതിന്യായങ്ങളെ സസൂക്ഷ്മം പഠിക്കുവാനും നടപ്പിലാക്കുവാനും ശരിതെറ്റുകളെ അവലോകനം ചെയ്യുവാനും യൗവ്വനക്കാർ ശ്രമിക്കുന്നു. എന്നാൽ മേൽപറഞ്ഞവക്കുവേണ്ടിയുള്ള പരിശ്രമങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പ്രായോഗികമാകാതെ വരുമ്പോൾ പെട്ടെന്ന് നിരാശരാകാനുള്ള സാദ്ധ്യതയും യൗവ്വനത്തിലാണുള്ളത്. എന്നാൽ ദൈവവചനത്തിലുള്ള ശരിയായ അഭ്യസനവും വചനത്തിലെ വരികൾക്കുള്ളിലൂടെയുള്ള പഠനവും അപ്രായോഗികമായവയെ തക്കസമയത്ത് നടപ്പിലാക്കുവാൻ സഹായിക്കും. യൗവ്വനകാലം തിരക്കേറിയതാണ്. വചനപഠനത്തിനും വചനാധിഷ്ഠിത ജീവിതത്തിനും സമയമില്ലാതായിരിക്കുന്നു. യഥാർത്ഥ ഭക്തി നിത്യജീവനു വേണ്ടിയുള്ള യാത്രയാണ്. ന്യായ ശാസ്ത്രിയുടെ ചോദ്യം ഉചിതം തന്നെ. അത് അന്നും ഇന്നും പ്രസക്തമാണ്. നിത്യജീവന് അവകാശി ആരാണ്? യേശു വ്യക്തമായ ഉത്തരവും നൽകുന്നു. ഇന്നും കൂട്ടുകാരനും സഹോദരനും ആരെന്നറിയാതെയുള്ള പ്രയാണമാണ്. നീ എവിടെ? നിൻ സോദരൻ എവിടെ എന്ന ചോദ്യം ഇന്നും മുഴങ്ങുന്നു. തുറന്ന വേദപുസ്തക വായന നമ്മെ യഥാർത്ഥ കൂട്ടുകാരനെ കണ്ടെത്തുവാനും ഈ ഭൂമിയിലെ സഹോദരനെ സ്നേഹിപ്പാനും തുണയ്ക്കുവാനും സഹായിക്കും. പൌലൊസ് അപ്പൊസ്തലൻ തിമൊഥെയോസിനു നൽകുന്ന പ്രബോധനവും ഓർമ്മിക്കേണ്ടതുണ്ട്. (1 തിമൊ.4:7-16) ദൈവഭക്തിക്ക് ഒത്തവണ്ണം അഭ്യാസം ചെയ്യുക. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയാവുക. ദൈവവചനത്തിൽ ശ്രദ്ധ വെയ്ക്കുക, കൃപാവരം ഗൗരവമായി കാണുക. നിന്നെത്തന്നെ സൂക്ഷിച്ചു കൊൾക. യൗവ്വനത്തിൽ തന്നെ സ്രഷ്ടാവിനെ ഓർക്കുവാനും ജീവിതാന്ത്യം വരെ ആ പാത പിൻതുടരുവാനും വചനാധിഷ്ഠിത ജീവിതം സഹായിക്കട്ടെ.

***പ്രാർത്ഥന: ദൈവമേ, ഞങ്ങളുടെ യൗവ്വനം ആരും തുച്ഛീകരിക്കാതിരിപ്പാൻ സഹായിക്കണമേ, ആമേൻ.***

**ഒക്ടോബർ 19 തിങ്കൾ**

മത്താ.25: 1-13

**ഒരുങ്ങിയിരിക്കുക**

കല്യാണവിരുന്ന് ദൈവരാജ്യ പ്രതീകമാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിന് നോക്കിപാർത്തിരിക്കുന്നവർക്കുള്ള ദൂതാണ് ഒരുങ്ങിയിരിക്കുക എന്നത്. യേശുവിന്റെ വരവിന് താമസം ഉണ്ടാകും എന്നു കരുതി അലസരായിരിക്കുന്നവരോടാണ് ഉപമ സംസാരിക്കുന്നത്. തീരെ പ്രതീക്ഷിക്കാത്ത സമയമാണ് അർദ്ധരാത്രി. ഒട്ടും പ്രതീക്ഷിക്കാത്ത സമയത്താകാം കർത്താവ് വരുന്നത്. അതുകൊണ്ട് നിതാന്ത ജാഗ്രതയുള്ളവരായിരിക്കണം. മണവാളനെ യഥോചിതം സ്വീകരിക്കാൻ കാത്തിരിക്കുന്നവരോട് വിരുന്നിനു ക്ഷണം ലഭിച്ചിരിക്കുന്നവരോട് ഒരുങ്ങിയിരിക്കാൻ ആവശ്യപ്പെടുന്നു. സമയവും കാലവും ആർക്കും നിശ്ചയമില്ല. പത്തുകന്യകമാരും പാതിരാത്രിയിൽ മണവാളൻ എത്തുമ്പോൾ ആർപ്പുവിളികളോടെ എതിരേൽക്കാൻ കാത്തിരുന്നവരാണ്. പത്തുപേർക്കും റാന്തലുകളും ഉണ്ടായിരുന്നു. മണവാളന്റെ വരവ് താമസിച്ചപ്പോൾ അവർ മയക്കം പിടിച്ചു. അർദ്ധരാത്രിയിൽ ആർപ്പുവിളികേട്ടു ഉണർന്നു. അഞ്ചുപേരുടെ വിളക്കിൽ എണ്ണ തീർന്നുപോയി. കരിന്തിരികത്തുന്ന വിളക്കുമായി മണിയറയിൽ പ്രവേശനം ഇല്ല. ജാഗ്രത ഇല്ലാതിരുന്ന അഞ്ചു കന്യകമാർ എണ്ണതേടി വ്യാപാരികളുടെ അടുക്കൽപോയി. മടങ്ങിവന്നപ്പോൾ മണിയറ അടച്ചു. തുറന്നു തരണേ എന്ന യാചനയ്ക്കു ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ലെന്ന തിരസ്കരണത്തിന്റെ മറുപടി ലഭിച്ചു. അവർ ദുഃഖിതരായി. എണ്ണ സ്നേഹമാണ്. അതു വറ്റിപ്പോയാൽ വാങ്ങാൻ സാധിക്കത്തില്ല. കമ്പോളത്തിൽ ലഭിക്കുന്നതല്ല ആ മൂല്യം. ക്രിസ്തീയ ജീവിത്തിൽ ജാഗ്രത കുറഞ്ഞുപോയോ? മൂല്യങ്ങൾ കൈവിട്ടോ? ക്രൈസ്തവ ജീവിതം മൂല്യങ്ങളുടെ വിതരണത്തെക്കുറിച്ചും തക്കസമയത്തെ പ്രവർത്തനക്ഷമതയേയും ജാഗ്രതയേയും ആവശ്യപ്പെടുന്നു. അവസരോചിതമല്ലാത്ത പ്രവർത്തനം കതിരിന്മേലുള്ള വളപ്രയോഗം പോലെയാണ്. വിട്ടുകളഞ്ഞ പാരമ്പര്യങ്ങൾ വീണ്ടും സ്ഥാപിക്കാൻ ശ്രമിക്കുകയാണോ? "എപ്പോഴും ഒരുങ്ങിയിരിക്കാൻ" ദൈവം നമ്മെ ഇവിടെ ഓർമ്മപ്പെടുത്തുന്നു.

***പ്രാർത്ഥന: കർത്താവേ, ഞങ്ങളുടെ ജാഗ്രത കുറവു മൂലം ഈ സമൂഹത്തിൽ സംഭവിക്കുന്ന അപജയങ്ങളും ക്രൂരതകളും ഞങ്ങളോടു ക്ഷമിക്കണമേ, ആമേൻ.***

**ഒക്ടോബർ 20 ചൊവ്വ**

1 രാജ. 17: 1-16

**ഏലിയാവിന്റെ ദൈവം**

യിസ്രായേൽ രാജാവായിരുന്ന ആഹാബ് രാജാവിന്റെ ഭരണകാലത്ത് രാജാവിന്റെ വിജാതീയ ഭാര്യയായിരുന്ന ഇസബേൽ രാജ്ഞിയുടെ നേതൃത്വത്തിൽ ബാൽ ആരാധന ശക്തിപ്പെട്ടിരുന്നു. ഏലിയാവിന്റെ നേതൃത്വത്തിലുള്ള യഹോവ ആരാധകരും ബാൽ ആരാധകരും തമ്മിൽ വളരെ സംഘട്ടനം നടന്നു. മഴയേയും കൃഷിവിളയേയും ആശ്രയിച്ചിരുന്ന കനാന്യ ജീവിതം കാർഷികദേവനായ ബാൽ നിയന്ത്രിക്കുന്നു എന്നായിരുന്നു സാധാരണ വിശ്വാസം. അതുകൊണ്ട് കനാനിൽ വന്നു താമസം ഉറപ്പിച്ച യിസ്രായേൽ ജനതയുടെ മേൽ ബാലിനാണോ, മരുഭൂമിയിൽ സീനായിൽ വച്ചു ഉടമ്പടി ചെയ്ത യഹോവയ്ക്കാണോ അധികാരം എന്നതായിരുന്നു പ്രശ്നം. ദൈവജനമായ യിസ്രായേൽ സത്യദൈവമായ യഹോവയെ ഉപേക്ഷിച്ച് ബാൽ വിഗ്രഹങ്ങളെ ആരാധിച്ചു. ദൈവജനത്തിന്റെ വഷളത്വം നിറഞ്ഞ ജീവിതം ദൈവകോപത്തിനു ഇടയാക്കി. ദൈവത്തിന്റെ കല്പന അനുസരിച്ച് ഏലിയാവ് ആഹാബ് രാജാവിനോട് വരാനിരിക്കുന്ന ഭയങ്കരമായ ക്ഷാമത്തേയും വരൾച്ചയെക്കുറിച്ചും പ്രവചിച്ചു. രാജാവിനെ ഭയപ്പെട്ടു പ്രവാചകൻ കെരീതുതോട്ടിനരികെ ഒളിവിൽ കഴിയുന്നു. ഏലിയാവിനെ പോഷിപ്പിക്കുവാൻ കാക്കയോടു യഹോവ കല്പിച്ചു. എന്നാൽ ദേശത്തിലെ വരൾച്ചമൂലം തോട്ടിലെ ജലം വറ്റി. കാക്കയുടെ വരവും നിന്നു. അവിടെ നിന്നും സാരെഫാത്തിലെ വിധവയുടെ അടുക്കലേക്കു ഏലിയാവിനെ ദൈവം അയച്ചു. ദൈവപുരുഷന്റെ കൽപ്പന അനുസരിക്കുന്ന വിധവയുടെ ജീവിതത്തിന്റെ അടഞ്ഞ വാതിൽ ദൈവം തുറന്നു. ഒളിച്ചിരുന്നപ്പോഴും ദൈവം ഏലിയാവിനെ ശക്തിപ്പെടുത്തുന്നു. ദൈവകല്പനയും ദൈവേഷ്ടവും പൂർണ്ണമായി അനുസരിക്കുന്നവരുടെ ജീവിതത്തിൽ ഒരു വാതിൽ അടയുമ്പോൾ മറ്റൊരു വാതിൽ തുറന്നുകിട്ടും. ദൈവത്തിലുള്ള ആഴമായ വിശ്വാസവും ആശ്രയവുമാണ് സാധാരണ മനുഷ്യരുടെ അസാധാരണ ശക്തിയുടെ രഹസ്യം. യിസ്രായേൽ ജനം ദൈവത്തിനുപകരം ബാൽദേവനിലേക്ക് തിരിഞ്ഞതുപോലെ ദൈവത്തെ ഉപേക്ഷിച്ചു മിഥ്യാമൂർത്തികളുടേയും ആൾദൈവങ്ങളുടേയും പിന്നാലെ നാം പോകുകയാണോ? സമ്പത്തിന്റെ ആധിക്യവും സുഖചിന്തകളും നമ്മെ കീഴടക്കിയോ? എങ്കിൽ ദൈവന്യായവിധി നമ്മുടെ മേൽ ഉണ്ടാകും. ക്ഷാമകാലത്ത് ക്ഷേമമായി പോറ്റിയ ഏലിയാവിന്റെ ദൈവത്തിൽ ആശ്രയിച്ചു നമുക്കു ബലപ്പെടാം.

***പ്രാർത്ഥന: നാഥാ, ഒരുവാതിൽ അടയുമ്പോൾ മറ്റൊരുവാതിൽ തുറക്കുന്നതിനായി സ്തോത്രം. പൂർണ്ണമായി അങ്ങയിൽ ആശ്രയിക്കാൻ ഞങ്ങളെ സഹായിക്കണമേ, ആമേൻ.***

**ഒക്ടോബർ 21 ബുധൻ**

ആവ. 3: 26–29

**നീ യോർദ്ദാൻ കടക്കയില്ല**

സീൻ മരുഭൂമിയിൽ എത്തിയ യിസ്രായേൽ ജനം കാദേശിൽ പാർത്തപ്പോൾ അവർക്കു വെള്ളവും ആഹാരവും ഒരു പ്രശ്നമായിരുന്നു. ജനം മോശെയ്ക്കും അഹരോനും വിരോധമായി കൂട്ടംകൂടി, കലഹിച്ചു. അപ്പോൾ മോശെയും അഹരോനും സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ ചെന്നു കവിണ്ണു വീണു. 'നിന്റെ വടിയും എടുത്തു സഹോദരനേയും കൂട്ടി, യിസ്രായേൽ ജനത്തെ വിളിച്ചുകൂട്ടി അവർ കാൺകെ പാറയോടു കല്പിക്ക, വെള്ളം ലഭിക്കും എന്നു പറഞ്ഞു. എന്നാൽ മോശെയും അഹരോനും ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ?" എന്നു പറഞ്ഞ് വടി ഉയർത്തി പാറയെ രണ്ടുപ്രാവശ്യം അടിച്ചു. പാറയിൽ നിന്നു ജലം പുറപ്പെട്ടു. ജനവും കന്നുകാലികളും കുടിച്ചു തൃപ്തരായി. എന്നാൽ പാറയോടു കൽപ്പിക്കാൻ പറഞ്ഞപ്പോൾ പാറയെ അടിച്ചതിനാൽ യഹോവ മോശെയോടു കോപിച്ചു. നിങ്ങൾ ഈ ജനത്തോടുകൂടെ വാഗ്ദത്ത നാട്ടിൽ പ്രവേശിക്കയില്ല എന്നു പറഞ്ഞു. ഇതിനു മുമ്പ് രഫീദിനിൽ വച്ച് (പുറ.17:1–17) പാറയെ അടിച്ച് വെള്ളം ലഭിച്ചത് ഓർത്തുകൊണ്ട് ഇപ്പോഴും തനിക്ക് അതിനു കഴിയും എന്ന അമിത വിശ്വാസമായിരിക്കാം മോശെയെ ഈ പാപത്തിലേക്ക് നയിച്ചത്. അമിത വിശ്വാസവും ആവേശവും നമ്മെ പരാജയത്തിലേക്കു മാത്രമേ കൊണ്ടെത്തിക്കുകയുള്ളു. സഭയുടെ മുമ്പാകെ ദൈവത്തെ ശുദ്ധീകരിക്കാൻ തക്കവണ്ണം മോശെ ദൈവത്തെ വിശ്വസിച്ചില്ല. പാറയിൽ നിന്നുള്ള ജലം പുറപ്പെട്ടതിന്റെ മഹത്വം ദൈവത്തിനു കൊടുത്തില്ല. മോശെ വാഗ്ദത്ത നാടുകാണാൻ അപേക്ഷിച്ചു എങ്കിലും ഈ കാര്യത്തെക്കുറിച്ചു സംസാരിക്കേണ്ട എന്നു യഹോവ കല്പിച്ചു. എങ്കിലും യഹോവ മോശെയോടു പിസ്ഗാ മലമുകളിൽ കയറി തലപൊക്കി പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും നോക്കി കാണാൻ അനുവാദം കൊടുത്തു. ഒരു പാരമ്പര്യരേഖ അനുസരിച്ചു ഈ ദർശനം വഴി മോശെ ആ ദേശത്തെ മനസ്സുകൊണ്ട് കീഴടക്കുകയാണ് ചെയ്യുന്നത്. ദൈവനിർദ്ദേശം പൂർണ്ണമായി സ്വീകരിച്ചു എന്നാണ് മോശെയുടെ നിശബ്ദത വ്യക്തമാക്കുന്നത്. എന്നാൽ മറുരൂപ മലയിൽ യേശുവിനോടു കൂടെ മോശെ വന്നതായി സുവിശേഷത്തിൽ നാം വായിക്കുന്നു. അപ്പോൾ കനാൻ നാട്ടിൽ വന്നു. ദൈവം നമ്മിൽ നിന്നും വിശ്വസ്തത ആഗ്രഹിക്കുന്നു. അതിനുശരിയായ പ്രത്യുത്തരം നൽകാൻ ദൈവം സഹായിക്കട്ടെ.

***പ്രാർത്ഥന: പ്രിയനാഥാ നിന്റെ ഹിതം ഗ്രഹിച്ച് ലോകത്തിൽ ബലപ്പെട്ടു പ്രവർത്തിക്കാൻ സഹായിക്കണമേ ആമേൻ..***

**ഒക്ടോബർ 22 വ്യാഴം**

എഫെ. 3: 14–19

**ദൈവദാനമായ കുടുംബം**

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വകുടുംബത്തിനും പേർ വരുവാൻ കാരണമായ ദൈവസന്നിധിയിൽ ഞാൻ മുട്ടുകുത്തുന്നു. പൌലൊസ് അപ്പൊസ്തലന്റെ പ്രാർത്ഥനയാണ്. ദൈവാത്മാവിനാൽ അകത്തെ മനുഷ്യൻ ബലപ്പെടണം. ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണം. സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായിരിക്കണം. ദൈവസ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും ഗ്രഹിക്കണം. സകല പരിജ്ഞാനത്തേയും കവിയുന്ന ക്രിസ്തുവിൻ സ്നേഹം അറിയണം. ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരണം. എത്ര മനോഹരമായ പ്രാർത്ഥന. ബലഹീനരായ സ്ത്രീ പുരുഷന്മാരിലൂടെ ദൈവഹിതം നിറവേറ്റപ്പെടുന്നതാണ് കുടുംബം. അത് ദൈവം കൂട്ടിച്ചേർക്കുന്ന തക്ക തുണയാണ്. ബന്ധങ്ങളുടെ ദൃഢതയാണ് കുടുംബത്തിന്റെ അടിസ്ഥാനം. ത്യാഗം ചെയ്യുവാനുള്ള മനസ്സാണ് ബന്ധങ്ങളെ ദൃഢമാക്കുന്നത്. വിവാഹത്തെക്കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങളെല്ലാം യഥാർത്ഥ ജീവിതത്തിൽ പൂവണിഞ്ഞു എന്നു വരികയില്ല. അയൽക്കാരന്റെ ആഡംബരങ്ങൾ കണ്ട് ഭ്രമിക്കരുത്. കാറും ആഭരണങ്ങളും കുടുംബജീവിതത്തിൽ ഭദ്രത തരികയില്ല. അതിഥിയെ ദൈവമായി കാണുന്നു. കുടുംബത്തിൽ വരുന്നവർ സമ്പന്നരായാലും പാവങ്ങളായാലും അവരെ ആദരിക്കണം. ആദരവ് കൊടുത്താൽ അതു തിരിച്ചുകിട്ടും. മറ്റു മനുഷ്യരുടെ കുറ്റങ്ങൾ പറയരുത്. പ്രത്യേകിച്ച് നമ്മുടെ കുഞ്ഞുങ്ങളുടെ മുമ്പിൽ. അന്യോന്യം ക്ഷമിക്കുന്നതിലാണ് ബലം. പ്രാർത്ഥന, വിശ്വാസം, പരസ്പരം കരുതൽ ഈ അടിസ്ഥാനത്തിൽ കുടുംബം കെട്ടുപണിയണം. നമുക്കുവേണ്ടി ഒരുപാട് ത്യാഗം സഹിച്ച മാതാപിതാക്കളെ വേദനിപ്പിക്കരുത്. കരുണാലയങ്ങളിൽ ഉപേക്ഷിക്കുകയും അരുത്. പരസ്പരം സ്നേഹം ഒരു പ്രതിബദ്ധതയാണ്. ഭാര്യയും ഭർത്താവും കുഞ്ഞുങ്ങളും മാത്രമല്ല, സഹോദരങ്ങളും അയൽക്കാരും ഇടവകക്കാരും എല്ലാം ചേർന്ന ഒരു കമ്യൂണിറ്റിയിൽ അന്യരുടെ കണ്ണീരൊപ്പാനും ആശ്വസിപ്പിക്കാനും കുടുംബമായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ആ വിളിക്കു യോഗ്യമായി ജീവിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

***പ്രാർത്ഥന: പ്രിയ യേശുവേ അവിടുന്നു ഞങ്ങളുടെ നാഥനും വഴികാട്ടിയും ആയിരിക്കണമേ ആമേൻ.***

### ഒക്ടോബർ 23 വെള്ളി

സംഖ്യ. 6: 22-27

**ആശീർവാദം**

അഹറോനും പുത്രന്മാരും യിസ്രായേൽ മക്കളെ അനുഗ്രഹിച്ചു ചൊല്ലേണ്ടുന്ന വചനങ്ങളാണ് ഈ ഭാഗത്ത് കാണുന്നത്. യഹോവയുടെ നാമത്തിൽ അനുഗ്രഹിക്കണം. യിസ്രായേൽക്കാരുടെ പാരമ്പര്യം അനുസരിച്ച് നാമം ഉടമസ്ഥാവകാശം സൂചിപ്പിക്കുന്നു. ദൈവനാമം വഹിക്കുന്ന വ്യക്തികളേയും (യിര.15:16) സമൂഹങ്ങളേയും (യിര.14:9) തന്റെ സ്വന്തം എന്ന നിലയിൽ ദൈവം സംരക്ഷിക്കുന്നു. ആശീർവാദം വഴി പുരോഹിതൻ ദൈവപരിപാലനം ഉറപ്പാക്കുന്നു. ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു. ലേവ്യരായ പുരോഹിതരെയാണ് യഹോവയുടെ നാമത്തിൽ അനുഗ്രഹിക്കാൻ തിരഞ്ഞെടുത്തിരിക്കുന്നത് (ലേവ്യ 1:5) മിസ്രയീമ്യ അടിമത്തത്തിൽ നിന്നും ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജം കൊണ്ടും ദൈവം യിസ്രായേൽ ജനത്തെ മോചിപ്പിച്ചു. 40 വർഷം മരുഭൂമിയിൽ അലഞ്ഞിട്ടും അവരുടെ വസ്ത്രം ജീർണ്ണിച്ചില്ല, കാൽ വീങ്ങിയില്ല. പകൽ മേഘസ്തംഭവും രാത്രി അഗ്നിതൂണുമായി യഹോവ അവർക്കു മുമ്പായി നടന്നു. അവരെ പരിപാലിച്ചു വാഗ്ദത്തനാട്ടിൽ എത്തിച്ചു. പ്രിയപ്പെട്ടവർക്കോ, അധികാരികൾക്കോ, ധനത്തിനോ തരാൻ കഴിയാത്ത ദൈവിക സംരക്ഷണം വാഗ്ദാനം ചെയ്യുന്ന വലിയവനായ ഈ ദൈവത്തിൽ നമുക്കും പൂർണ്ണമായി ആശ്രയിക്കാം. മോശെ ദൈവത്തോടു കൂടെ പർവ്വതത്തിൽ 40 ദിവസം ചെലവഴിച്ചു മടങ്ങിവന്നപ്പോൾ മോശെയുടെ മുഖം പ്രകാശിച്ചു. ദൈവവചനധ്യാനവും പഠനവും ഈ കൊറോണ കാലഘട്ടത്തിൽ നമ്മെ പ്രകാശിതരാക്കും. ദൈവവചനം കാലിനു ദീപവും പാതയ്ക്കു പ്രകാശവും ആകുന്നു. കൂരിരുട്ടിൽ ദൈവം പ്രകാശം അയച്ച് നമ്മെ വഴിനടത്തും. ദമസ്കോസിന്റെ പടിവാതിലിൽ യേശുവിന്റെ പ്രകാശം ശൗലിനെ പൌലോസാക്കി രൂപാന്തരപ്പെടുത്തി. ദൈവപ്രകാശം നമ്മെ കൂടുതൽ കൃപ ഉള്ളവരാക്കും. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു എന്നു യേശുപറഞ്ഞു. ദൈവസമാധാനം സമ്പൂർണ്ണ ക്ഷേമം നൽകുന്ന ഷാലോമാണ്. യേശുവിന്റെ രാജ്യത്തിൽ നാം രാജകീയ പുരോഹിത വർഗ്ഗമാണ്. ഈ മഹാമാരിയുടെ കാലത്ത് യേശുവിന്റെ നാമത്തിൽ എല്ലാവരേയും അനുഗ്രഹിച്ചു നമുക്കു പ്രാർത്ഥിക്കാം.

***പ്രാർത്ഥന: പ്രിയനാഥാ ഞങ്ങളെ അനുഗ്രഹിച്ചു പ്രകാശിപ്പിച്ചു ദിവ്യസമാധാനം നൽകി, പാലിക്കണമേ ആമേൻ.***

### ഒക്ടോബർ 24 ശനി

യോഹ. 15: 1-7

**മുന്തിരിച്ചെടിയും വള്ളികളും**

യിസ്രായേലാണ് ദൈവത്തിന്റെ മുന്തിരി. യരുശലേം ദേവാലയത്തിൽ മുന്തിരിവള്ളിയുടെ പ്രതീകം കൊത്തിവച്ചിട്ടുണ്ട്. ഞാൻ നട്ട മുന്തിരി, ഫലം വന്നപ്പോൾ കാട്ടുമുന്തിരിയായിപ്പോയെന്നു യെശയ്യാ പ്രവാചകൻ (5:1-10) വിലപിക്കുന്നു. നീ മിസ്രയീമിൽ നിന്നു ഒരു മുന്തിരിവള്ളി കൊണ്ടുവന്നു (സങ്കീ.80:8) എന്ന സങ്കീർത്തനത്തിൽ വായിക്കുന്നു. യിസ്രായേൽ ആകുന്ന മുന്തിരി ജാതികൾക്കു പ്രകാശമായിരിക്കുന്നതിലും രക്ഷ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതിലും മറ്റു രാഷ്ട്രങ്ങൾക്കു അനുഗ്രഹമായിരിക്കുന്നതിലും പരാജയപ്പെട്ടു. അന്യദൈവങ്ങളിൽ ആശ്രയിച്ചു. അവർ ഫലം പുറപ്പെടുവിക്കാത്ത കൊമ്പുകളായിരുന്നു. യേശുവിൽ പുതിയ മുന്തിരിയായി നമ്മെ തിരഞ്ഞെടുത്തു. എന്തിന്? ഫലം കായ്ക്കാൻ. ഫലം പുറപ്പെടുവിക്കുന്നവയെ കൂടുതൽ ഫലം കായ്ക്കാൻ ചെത്തി വെടിപ്പാക്കും. അതിൽ വേദന ഉണ്ട്. എന്നാൽ ശരിക്കു വെട്ടിയാൽ തഴച്ചുവളരും. ദൈവമക്കൾ കൂടുതൽ ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്ന അനുഭവത്തിൽ കൂടി കടന്നു പോകേണ്ടിവരും. ശാഖ തായ്തണ്ടിനോടു ചേർന്നു നിൽക്കുന്നതുപോലെ യേശുവിനോടു ചേർന്നു നിൽക്കുമ്പോൾ അതിനെ അഭിമുഖീകരിച്ച് സമൃദ്ധമായ ഫലം പുറപ്പെടുവിക്കാൻ സാധിക്കും. ബന്ധത്തിലാണ് ഫലം വിരിയുന്നത്. യേശുവിൽ വസിക്കണം. സ്വയമായി ഫലം കായ്ക്കാൻ സാധിക്കുകയില്ല. അവനോടു ചേർന്ന് അവനിൽ ആശ്രയിച്ച് സമർപ്പിക്കുമ്പോൾ ഫലം കായ്ക്കും. ഫലം കായ്ക്കുന്നതിൽ പിതാവ് മഹത്വപ്പെടും. ലോകം നമ്മുടെ ശിഷ്യത്വം തിരിച്ചറിയും. എല്ലാവരേയും സ്നേഹിക്കുക. ദൈവസ്നേഹത്തിൽ വസിക്കുന്നവരുടെ ജീവിതം ഫലദായകമായിരിക്കും. യേശു സ്നേഹിച്ചതുപോലെ, സ്നേഹിതർക്കുവേണ്ടി ജീവൻ കൊടുക്കുന്ന സ്നേഹം എനിക്കു സാധിക്കുമോ? ദൈവമാണ് നമ്മെ തിരഞ്ഞെടുത്തത്. സ്നേഹിക്കാൻ, ശുശ്രൂഷിക്കാൻ, ഫലം കായ്ക്കാൻ, പിതാവിനെ മഹത്വപ്പെടുത്താൻ തിരഞ്ഞെടുത്തു. ഈ വേദഭാഗം നമ്മുടെ ദൗത്യത്തെ ഒരിക്കൽ കൂടെ ഓർപ്പിക്കുകയാണ്.

***പ്രാർത്ഥന: പിതാവാം ദൈവമേ, തിരഞ്ഞെടുപ്പിനു യോഗ്യരായി ജീവിക്കുവാൻ സഹായിക്കണേ, ആമേൻ.***

### ഒക്ടോബർ 25 ഞായർ

ലൂക്കൊ. 19: 1-10

**ക്രിസ്തീയ കുടുംബദിനം**

കുടുംബം ദൈവദാനമാണ്. ദൈവമാണ് സ്ത്രീ-പുരുഷന്മാരെക്കൂട്ടിച്ചേർക്കുന്നത്. കുടുംബം ഒരു ദൈവിക പദ്ധതിയും വിശുദ്ധവുമാണ്. അതുകൊണ്ട് നമ്മുടെ കുടുംബബന്ധങ്ങൾ വിശുദ്ധിയിൽ സൂക്ഷിക്കണം. സൗന്ദര്യം നശിച്ചുപോകും. ആരോഗ്യം നഷ്ടമാകും. പണം കൈവിട്ടുപോകും. എന്നാൽ ഹൃദയ ഐക്യതയിൽ പങ്കിടുന്ന സ്നേഹാലയങ്ങളാണ് കുടുംബം. കുടുംബം പാഠശാലയാണ്. സ്നേഹവും കരുതലും പങ്കിടലും കുഞ്ഞുങ്ങൾ പഠിക്കുന്നതു ഭവനത്തിലാണ്. ആ മൂല്യങ്ങൾ സ്വായത്തമാക്കിയാൽ വൃദ്ധരായ മാതാപിതാക്കൾ ഒരിക്കലും പുറന്തള്ളപ്പെടുകയില്ല. ഭാരത്തിലും രോഗത്തിലും അന്യോന്യം കൈത്താങ്ങലാകണം. ധനവാനും ചുങ്കക്കാരനും കുറിയവനുമായിരുന്ന സക്കായി ഏകാകിയും ദുഃഖിതനുമായിരുന്നു. യേശുവിനെ കാണുവാനും അറിയുവാനും ആഗ്രഹിച്ചു. കാട്ടത്തിമേൽ ഒളിച്ചിരിക്കുകയായിരുന്നോ? യേശു സക്കായിയെ കണ്ടെത്തുന്നു. യേശു സക്കായിയുടെ ഭവനത്തിൽ പാർത്തു. യേശു സാന്നിദ്ധ്യം സക്കായിയുടെ ജീവിത മുൻഗണനകളെ മാറ്റിമറിച്ചു. സമ്പാദിക്കുവാനുള്ള വ്യഗ്രതയിൽ ജീവിച്ച സക്കായി മറ്റുള്ളവരെക്കുറിച്ചു സ്നേഹവും കരുതലും ഉള്ളവനായി. തന്റെ സ്വത്തിൽ പകുതി ദരിദ്രർക്കു ദാനം ചെയ്യാൻ സക്കായി തീരുമാനിച്ചു. യേശു സാന്നിദ്ധ്യത്തിൽ സ്വയം കേന്ദ്രീകൃതമായ ജീവിതശൈലിയിലേക്കു മാറി. ഒരു പുതിയ നീതിബോധം സക്കായിയിൽ ഉണർന്നു. അന്യായമായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലുമടങ്ങു മടക്കിക്കൊടുക്കുമെന്നു പറഞ്ഞു. ക്രിസ്തുസാന്നിദ്ധ്യം നീതിപൂർവ്വമായ ബന്ധങ്ങളിലേക്കു നമ്മെ നയിക്കും. എന്റെ ഭവനത്തിൽ ക്രിസ്തുസാന്നിദ്ധ്യം വേണം. കരുതലും നീതിപൂർവ്വമായ ബന്ധങ്ങളും നമ്മുടെ കുടുംബത്തിന്റെ മൂല്യമായി മാറണം. അതിനു യേശുസാന്നിദ്ധ്യം നമുക്കു ആവശ്യമാണ്. ആർഭാടവും ആർത്തിയുമല്ല, സ്നേഹവും എളിമയുമാണ് യേശു സാന്നിദ്ധ്യം. ദുരന്തങ്ങൾ നിറഞ്ഞ ലോകത്തിൽ അനേകർക്കു ആശ്രയവും അഭയവും നൽകാൻ നമുക്കു കഴിയുമോ? സ്നേഹപ്രകാശം ലോകത്തിനു നൽകാനാണ് ദൈവം നമ്മെ കുടുംബമായി ഓരോ പ്രദേശത്തും നിലനിർത്തിയിരിക്കുന്നതെന്നു നാം മറന്നുപോകരുത്.

***പ്രാർത്ഥന: സ്നേഹവാനായ ദൈവമേ, നിന്റെ സ്നേഹവും കരുതലും നീതിബോധവും പങ്കിടാൻ കുടുംബമായി ഞങ്ങളെ സഹായിക്കണമേ, ആമേൻ..***

### ഒക്ടോബർ 26 തിങ്കൾ

ലൂക്കൊ. 17: 11-19

**എപ്പോഴും നന്ദിയുള്ളവരായിരിക്കുക**

തിരുവചനത്തിൽ കുഷ്ഠരോഗത്തെക്കുറിച്ചും (ലേവ്യ 13), അതിനുള്ള പ്രതിവിധികളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു രോഗി സൗഖ്യം പ്രാപിച്ചാൽ അതു പുരോഹിതനാണ് പ്രഖ്യാപിക്കേണ്ടത്. അതു ന്യായപ്രമാണ നിയമം ആണ്. ഒരാൾ രോഗിയായാൽ അയാൾ സമൂഹത്തിൽ നിന്നും മാറി പാളയത്തിന് പുറത്ത് അധരം മൂടിക്കൊണ്ടിരിക്കുകയും അശുദ്ധൻ അശുദ്ധൻ എന്നു വിളിച്ചു പറയുകയും വേണം. സമൂഹ്യമായ ഒറ്റപ്പെടലും വേദനയും അവർ അനുഭവിക്കണം. യഹൂദാ മനോഭാവത്തിൽ നിന്നും വ്യത്യസ്തമായിരുന്നു യേശുവിന്റെ മനോഭാവവും ഇടപെടലും. യേശു കുഷ്ഠരോഗിയെ തൊട്ട് സൗഖ്യമാക്കി (മർക്കൊ.1:40) കുഷ്ഠരോഗിയായിരുന്ന ശിമോന്റെ ഭവനത്തിൽ യേശു അത്താഴത്തിനുപോയി. യേശു കുഷ്ഠരോഗികളെ ബഹിഷ്ക്കരിക്കുകയല്ല, അംഗീകരിക്കുകയാണ് ചെയ്തത്. യെരുശലേമിലേക്കുള്ള യാത്രയിൽ സംഭവിക്കുന്ന ഒരു രോഗശാന്തിയാണിവിടെ കാണുന്നത്. പത്തു കുഷ്ഠരോഗികൾ യേശുവിനെ കണ്ടപ്പോൾ അകലെ നിന്ന് കരുണയ്ക്കായി യാചിച്ചു. ഒരു രക്ഷാവചനവും പറയാതെ അവരെ പുരോഹിതന്റെ അടുക്കലേക്ക് അയച്ചു. ഈ വിശ്വാസ പരീക്ഷണത്തെ അതിജീവിച്ച അവർ പോകുന്ന വഴിയിൽ തന്നെ സൗഖ്യം പ്രാപിച്ചു. അവരിൽ ഒരുവൻ ഒരു ശമര്യാക്കാരൻ മടങ്ങി വന്ന് യേശുവിനോടു നന്ദിപറഞ്ഞു. ശമര്യാക്കാരന്റെ വിശ്വാസത്തെ യേശു പ്രശംസിച്ചു. സൗഖ്യം പ്രാപിച്ച ഒൻപത് യഹൂദർ തങ്ങൾക്കു ലഭിച്ച സൗഖ്യം തങ്ങളുടെ അവകാശമാണെന്ന് വിചാരിച്ചു കാണും. കാരണം അവർ അബ്രഹാമിന്റെ സന്തതികളാണല്ലോ. ശാരീരിക ആരോഗ്യം ലഭിച്ചതിൽ അവർ സംതൃപ്തരായി. ശമര്യക്കാരന്റെ പ്രവർത്തിയെ യേശു എടുത്തുകാട്ടുന്നത് ശാരീരിക ആരോഗ്യം മാത്രം മതിയാവില്ലെന്ന് കാണിക്കാനാണ്. യഥാർത്ഥ സൗഖ്യം സമസ്ത ആളത്വത്തിന്റെ ദൈവികദാനത്തോടുള്ള പ്രതികരണത്തിലാണ് നാം കാണുന്നത്, അത് വിനയത്തോടെയുള്ള കൃതജ്ഞതാ പൂർണ്ണമായ ആരാധനയാണ്. നമ്മുടെ ജീവിതത്തിൽ ഓരോ ദിവസവും ദൈവം ചെയ്യുന്ന അത്ഭുതങ്ങളേയും നന്മകളേയും കുറിച്ച് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കണം. വിനയപൂർവ്വം കൃതജ്ഞതയോടെ സ്തോത്രങ്ങൾ അർപ്പിക്കണം.

***പ്രാർത്ഥന: പ്രിയ യേശുവേ, എപ്പോഴും സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാൻ ഞങ്ങളെ സഹായിക്കണമേ ആമേൻ.***

**ഒക്ടോബർ 27 ചൊവ്വ**

മത്താ. 18: 21-35

**ക്ഷമയ്ക്ക് അതിരുണ്ടോ?**

രാജാവ് തന്റെ കടക്കാരനോടു മനസ്സലിഞ്ഞു. അവനു കടംവീട്ടാൻ വകയില്ല. ഭാര്യയേയും മക്കളേയും തനിക്കുള്ളതെല്ലാം വിറ്റു കടംവീട്ടണം. അവൻ യജമാനനോടു പറഞ്ഞു. ക്ഷമ തോന്നണം. ഞാൻ തരാം. രാജാവ് മനസ്സലിഞ്ഞ് അവന്റെ കടം ഇളച്ചുകൊടുത്തു. പതിനായിരം ഇളച്ചുകിട്ടിയവൻ നൂറു വെള്ളിക്കാശ് കൊടുക്കാനുണ്ടായിരുന്ന ദാസന്റെ തൊണ്ടയ്ക്കു പിടിച്ചു. കടംവീട്ടുവോളം തടവറയിലാക്കി. അതുകേട്ട യജമാനൻ അവനേയും തടവിലാക്കി. ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളോട് ക്ഷമിക്കണം. നമ്മൾ ക്ഷമിച്ചോ? 1995ൽ സിസ്റ്റർ റാണി മറിയയെ 35 കുത്തുകൾ കുത്തി കൊലപ്പെടുത്തിയ ശകുന്തറിനോട് സിസ്റ്റർ സെലിനും മാതാപിതാക്കളും ക്ഷമിച്ചു. ജയിൽ മോചിതനായ ശകുന്തർ പുല്ലുവഴിയിലെ സിസ്റ്ററിന്റെ വീട്ടിൽ വന്ന് മാതാപിതാക്കളുടെ കാലിൽ വീണ് മാപ്പു പറഞ്ഞു. ഇപ്പോൾ ശകുന്തർ ഒരു സുവിശേഷകനാണ്. തെറ്റ് മാനുഷികം ആണ്. ക്ഷമിക്കുന്നത് ദൈവികമാണ്. നീ വഴിപാടുമായി യാഗപീഠത്തിൽ വരുമ്പോൾ സഹോദരനും നിന്റെ നേരെ വല്ലതും ഉണ്ടെന്നു ഓർമ്മ വന്നാൽ, നിന്റെ വഴിപാട് യാഗപീഠത്തിനു മുമ്പിൽ വച്ചേച്ച് ഒന്നാമത് ചെന്ന് നിന്റെ സഹോദരനോടു നിരന്നു കൊൾക. പിന്നെ വന്ന് വഴിപാട് അർപ്പിക്കുക (മത്താ.6:33-34). ദൈവം ക്ഷമിച്ചതുകൊണ്ടാണ് ഞാനും നിങ്ങളും ദൈവസന്നിധിയിൽ ഇന്ന് എത്തിയിരിക്കുന്നത്. നമ്മൾ ക്ഷമിക്കുമോ? അപ്പനോട്, അമ്മയോട്, കൂട്ടുകാരിയോട്, കൂട്ടുകാരനോട്, മക്കളോട്, ഒറ്റപ്പെടുത്തിയ നിരവധി മനുഷ്യരോട് ഞാൻ ക്ഷമിച്ചോ? ഏഴ് എഴുപതു വട്ടം എന്നുപറഞ്ഞാൽ അനന്തമായ ക്ഷമയാണ്. നാം മറ്റുള്ളവരോട് ക്ഷമിച്ചാൽ നമുക്കു ആന്തരിക സൗഖ്യം ലഭിക്കും. അത് ശരീര സൗഖ്യത്തിലേക്കും നയിക്കും. ഇന്ന് പ്രാർത്ഥനയ്ക്ക് ദൈവമുമ്പാകെ തലകുനിക്കുമ്പോൾ നമ്മുടെ മുറിവുകളെ ദൈവകരങ്ങളിൽ കൊടുത്തു മുറിഞ്ഞുപോയ ബന്ധങ്ങളെ വിളക്കിച്ചേർക്കാൻ ദൈവത്തോടു അപേക്ഷിക്കാം.

***പ്രാർത്ഥന: പ്രിയനാഥാ, ക്ഷമിക്കാനുള്ള വിവേകവും മനസ്സും ദാനം ചെയ്യണമേ ആമേൻ.***

**ഒക്ടോബർ 28 ബുധൻ**

മത്താ. 6 : 25-34

**ആകുലത**

യേശുവിന്റെ പർവ്വത പ്രസംഗത്തിന്റെ ഭാഗമാണ് ഈ വേദഭാഗം. 6:19-24 വരെയുള്ള വേദഭാഗം ഈ ലോകത്തിലെ നിക്ഷേപങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവർക്കുള്ള മുന്നറിയിപ്പാണ്. പണവും മറ്റു വസ്തുക്കളും നമ്മെ രക്ഷിക്കുമെന്നു കരുതി കൂട്ടിവെയ്ക്കുന്നവർക്ക് പണത്തേയും ദൈവത്തേയും ഒരുമിച്ചു സേവിക്കാനാവില്ല. ദൈവ പരപാലനതയിൽ പൂർണ്ണമായി ആശ്രയിക്കുന്നവർക്ക് എന്തു ഭക്ഷിക്കും എന്തു കുടിക്കും എന്നതിനെക്കുറിച്ച് ആകുലത ഇല്ല. ആകുലത വിശ്വാസികൾ എന്ന് അഭിമാനിക്കവരെപ്പോലും ബാധിച്ചിരിക്കുന്ന ഒരു രോഗമണ്. ആകുലത ഭയമാണ്. സ്നേഹത്തിന്റെ അഭാവമാണ്. സമസ്തവും ദൈവദാനമാണ്. മൂല്യമുള്ളതെല്ലാം ദൈവം ദാനമായി തന്നതല്ലേ? പാടാനും പ്രസംഗിക്കാനും എഴുതാനും വായിക്കാനും നൃത്തം ചെയ്യാനും ഉള്ള കഴിവ് ദൈവദാനം തന്നെ. ചുറ്റുമുള്ള പ്രപഞ്ചത്തിൽ പറവകൾ ആകുലപ്പെടുന്നില്ല. പട്ടിണി കിടക്കാറുമില്ല. ദൈവം പുലർത്തുന്നു. പുഴകളും അരുവികളും മലയും കാടും വായുവും എല്ലാം സൗജന്യമല്ലേ? ആകുലപ്പെട്ടാൽ നീളം കൂടുമോ? ആയുസ്സിന്റെ നീളം കൂടുമോ? ഒന്നും ഇല്ല. ആകുലതകൾ തികച്ചും അർത്ഥശൂന്യമാണ്. പകർച്ചവ്യാധികളുടെ നടുവിൽ നമ്മുടെ ആകുലത കൊണ്ട് എന്തുപ്രയോജനം? പകർച്ചവ്യാധിയിൽ ആയിരംപേർ മരിച്ചാൽ അതിന്റെ ആകുലതയിൽ അതിന്റെ പത്തിരട്ടി മരിക്കും. ആകുലതയുടെ നടുവിൽ ഈശ്വരനിലേക്ക് തിരിയുക. പ്രകൃതിയെ അവൻ എത്ര മനോഹരമായി അലങ്കരിച്ചിരിക്കുന്നു. ആഹാരവും ജലവും വസ്ത്രവും ദൈവത്തിന്റെ ദാനമാണ്. നാളെ എന്തു സംഭവിക്കും എന്നോർത്ത് ഇന്ന് വിഷമിക്കേണ്ടതില്ല. ദൈവരാജ്യവും നീതിയും അന്വേഷിക്കുക. ആവശ്യങ്ങളൊക്കെ ദൈവത്തിനു വിട്ടുകൊടുക്കുക. അവൻ കരുതും. ഈ മഹാമാരി കാലത്തും അതു കഴിഞ്ഞും നാം ദൈവകരത്തിലാണ്. ആകുലതയും നിരാശയുമല്ല വിശ്വാസവും പ്രത്യാശയുമാണ് നമ്മുടെ അടിസ്ഥാനം.

***പ്രാർത്ഥന: പ്രിയനാഥാ, പ്രകൃതിയിലെ ദൈവകരുതൽ കാണാൻ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമേ, ആമേൻ.***

### ഒക്ടോബർ 29 വ്യാഴം

മത്താ. 5: 13-16

**ഉപ്പും വെളിച്ചവും**

ഈ വേദഭാഗം പർവ്വത പ്രസംഗത്തിന്റെ ഭാഗമാണ്. ഉപ്പും വെളിച്ചവും മനുഷ്യ ജീവിതത്തിൽ അനിവാര്യമായ ഘടകങ്ങളാണ്. ഈ രണ്ട് പ്രതീകങ്ങളിലൂടെയാണ് ലോകത്തിൽ ക്രൈസ്തവ സാക്ഷ്യം അടയാളപ്പെടുത്തിയിരിക്കുന്നത്. ഉപ്പ് സ്വയം അലിഞ്ഞില്ലാതാകുന്നതിലൂടെ രുചി പകരുന്നു. മദർതെരേസ്സ ഭാരതത്തിലെ ദരിദ്രരുടെ സുവിശേഷത്തിനു രുചി പകർന്നതുപോലെ നാം ഇടപെടുന്ന ഇടങ്ങളെല്ലാം രുചിയുള്ളതാക്കി തീർക്കണം. ഉപ്പ് വസ്തുക്കളെ കേടില്ലാതെ സൂക്ഷിക്കുന്നു. ഉപ്പിന്റെ ശുദ്ധീകരണശേഷി വസ്തുക്കളെ അണുവമുക്തമാക്കുന്നു. അതൊരു അദൃശ്യ സാന്നിദ്ധ്യമാണ്. ഉപ്പ് വളമാണ്. അതു വൃക്ഷങ്ങളെ സമൃദ്ധമാക്കും. കാരം ഇല്ലാത്ത ഉപ്പ് എന്താണ്? ആ കാലത്ത് അടുപ്പിന്റെ തറയോടിന്റെ അടിയിൽ ഉപ്പ് ഇടുമായിരുന്നു. തറയോടിന്റെ ചൂട് നിലനിർത്താൻ അതു സഹായിക്കും. എന്നാൽ കുറേ നാൾ കഴിയുമ്പോൾ തറയോടിന്റെ ചൂടുനിലനിർത്താനുള്ള കഴിവ് നഷ്ടപ്പെടുമ്പോൾ തറയോടു പൊക്കി പഴയ ഉപ്പ് മാറ്റി പുതിയ ഉപ്പ് നിക്ഷേപിക്കും. പഴയതു വഴിയിൽ വിതറും. അതു മനുഷ്യൻ ചവുട്ടി നടക്കും. കാരം നഷ്ടപ്പെട്ട ഉപയോഗശൂന്യമാണ്. മൂല്യങ്ങൾ സംരക്ഷിക്കാൻ നമുക്കു കഴിയാതെ വന്നാൽ നാം സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെടും. ഉപ്പ് ഔഷധവുമാണ്. നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. വെളിച്ചം അന്ധകാരത്തിൽ പ്രകാശിക്കണം. ജാതികൾക്കു പ്രകാശമായിരിക്കാൻ ദൈവം യിസ്രായേലിനെ വിളിച്ചു. നാം ലോകത്തിനു പ്രകാശം നൽകേണ്ട ദൈവ പ്രതിനിധികളാണ്. മലമേൽ ഇരിക്കുന്ന പട്ടണമാണ് നമ്മൾ. നാം ചരിത്രത്തിൽ വെറും കാഴ്ചക്കാരല്ല. ദൈവത്തിന്റെ രക്ഷാകരമാർഗ്ഗം തിരിച്ചറിയുന്നവരാണ്. നമ്മുടെ ജീവിതം കണ്ട് മറ്റു മനുഷ്യർ ദൈവത്തിനു മഹത്വം കൊടുക്കുമോ? വഴിയിൽ അപകടത്തിൽ ഗുരുതര പരുക്കേറ്റ് ഒരാൾ കിടന്നു. പലരും കണ്ടു കടന്നുപോയി. ഒരു എട്ടാം ക്ലാസ്സുകാരൻ ഒരു നേഴ്സിന്റെ സഹായത്തോടെ ഓട്ടോപിടിച്ച് ആശുപത്രിയിലാക്കി. സമയത്ത് ആശുപത്രിയിൽ എത്തിച്ചതുകൊണ്ട് രക്ഷപെട്ടു. ആ കുട്ടിയുടെ പേര് കണ്ണൻ എന്നാണ്. കണ്ണൻ എന്നാൽ കണ്ണുള്ളവൻ എന്ന് മനോരമ എഡിറ്റോറിയൽ എഴുതി. നാം ഉപ്പായി വെളിച്ചമായി ദൈവരാജ്യ ശുശ്രൂഷയിൽ പങ്കാളികളാകാൻ ദൈവം സഹായിക്കട്ടെ.

***പ്രാർത്ഥന: പ്രിയദൈവമേ, മൂല്യങ്ങൾ സംരക്ഷിക്കുവാനും സമൂഹത്തിൽ പ്രകാശം പകരാനും ഞങ്ങളെ അവിടുത്തെ കരങ്ങളിൽ ഉപകരണമാക്കേണമേ ആമേൻ.***

### ഒക്ടോബർ 30 വെള്ളി

സങ്കീ. 1: 1-6

**നീതിമാന്മാരുടെ വഴി**

ജീവന്റെ വഴിയും നാശത്തിന്റെ വഴിയും നമ്മുടെ മുമ്പിലുണ്ട്. ഏതു തിരഞ്ഞെടുക്കും? ലക്ഷ്യമാണ് വഴിയെ തിരഞ്ഞെടുക്കുന്നത്. പാപികളുടെ വഴി വിശാലം. അതു നാശത്തിലേക്കു നയിക്കും. നീതിമാന്റെ വഴി ഇടുക്കവും ഞെരുക്കവുമുള്ളത് അത് ജീവങ്കലേക്ക് നയിക്കും. നാം തെരഞ്ഞെടുത്തിരിക്കുന്ന വഴി നമ്മുടെ യേശുവാണ്. നീതിമാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണ്. അവൻ പാപത്തോടും പാപികളോടും വേർപെട്ട് ജീവിക്കണം. അവൻ വചനത്തിൽ ആഴമായി പോരാടി ജീവിതം വചനത്താൽ നിറയ്ക്കണം. അവൻ മലിനപ്പെടതെ സ്വയം സൂക്ഷിക്കുന്നതിനാൽ വേർപെട്ടവനാണ്. അവൻ ദുഷ്ടന്റെ ആലോചനയിൽ നടക്കരുത്. പാപിയുടെ വഴിയിൽ നിൽക്കരുത്. പരിഹാസിയുടെ ഇരിപ്പിടത്തിൽ ഇരിക്കരുത്. ദുഷ്ടൻ ദൈവത്തോടും സഹമനുഷ്യരോടും തനിക്കു ഒരു കടപ്പാടും ഇല്ല എന്നു ചിന്തിക്കുന്നവനാണ്. അതുകൊണ്ട് ദൈവകല്പനകൾ ഗണ്യമാക്കാതെ അവർ തിന്മ ചെയ്യും. പരിഹാസി ആത്മീയ മൂല്യങ്ങളെ പുച്ഛിക്കുന്നവനാണ്. അതുകൊണ്ട് വിശ്വാസി ദുഷ്ടന്റെ കൂടെ നടക്കുകയോ, പാപിയോടൊത്ത് നില്ക്കുകയോ പരിഹാസിയോടൊത്ത് ഇരിക്കുകയോ ചെയ്യരുത്. അവരോടുള്ള ഐക്യതയും പങ്കിടലും സഹവാസവും അപകടകരമാണ്. ദുഷ്ടന്റെ ആലോചന ദൈവവിരുദ്ധമാണ്. അത് മരണത്തിലേക്കു നയിക്കും. എന്നാൽ നീതിമാൻ വചനത്തിൽ വേരുറച്ചതിനാൽ സന്തോഷിക്കും. ആറ്റുതീരത്ത് നട്ട് പരിപാലിച്ച് തക്കകാലത്ത് ഫലം തരുന്ന വൃക്ഷം പോലെയാണ് നീതിമാൻ. ഫലം കായ്ക്കുന്നതു ദൈവിക നിയോഗമാണ്. അവന്റെ ജീവിതത്തിൽ ഇല വാടുകയില്ല. ദുഷ്ടന്റെ വഴി നീതിമാന്റെ അനുഭവത്തിനു വിരുദ്ധമാണ്. ന്യായവിസ്താരസഭയിൽ ദൈവാഭിമുഖമായി നിവർന്നു നിൽക്കാൻ അവനു കഴിയുകയില്ല. കാരണം അതിനു വേണ്ട പ്രതിരോധവും പ്രത്യാശയും അവനില്ല. എന്നാൽ നീതിമാന്റെ വഴി ദൈവം അറിയുന്നു. ആ വഴിയിൽ സഞ്ചരിച്ച് ദൈവത്തിന്റെ രക്ഷാകര പ്രവർത്തി അവർ തുടരുന്നു. നമുക്കും ജീവന്റെ വഴി തെരഞ്ഞെടുത്തു ദൈവത്തിന്റെ രക്ഷാകര പ്രവർത്തി തുടരാം.

***പ്രാർത്ഥന: പ്രിയ യേശുവേ, വഴിയും സത്യവും ജീവനുമായ നിന്നെ അനുഗമിക്കുവാൻ ഞങ്ങളെ സഹായിക്കണമേ, ആമേൻ.***

**ഒക്ടോബർ 31 ശനി**

ഉല്പത്തി. 33 : 1-14

**ദൈവത്തിന്റെ മുഖം**

വേദപുസ്തകത്തിലെ അതിമനോഹരവും അസാധാരണവുമായ ഒരു കൂടിക്കാഴ്ചയാണ് യാക്കോബും ഏശാവും തമ്മിലുള്ള സംഗമം. യാക്കോബ് ജ്യേഷ്ഠാവകാശവും അപ്പന്റെ അനുഗ്രഹങ്ങളും കബളിപ്പിച്ചു വാങ്ങി. അമ്മ അതിനു ഒത്താശ ചെയ്തു. എന്നാൽ യാക്കോബ് ഏശാവിനെ ഭയന്നു ഹാരാനിലേക്ക് ഓടിപ്പോയി. അവിടെ അമ്മയുടെ സഹോദരനായ ലാബാന്റെ മക്കളായ ലേയയേയും റാഹേലിനേയും വിവാഹം കഴിച്ചു ഇരുപതുവർഷക്കാലം അവിടെ പാർത്തു. തനിക്കു ലഭിക്കാമായിരുന്നതൊക്കെ സ്വരുക്കൂട്ടി ഭാര്യമാരോടും ദാസിമാരോടും മക്കളോടും ആടുമാടുകളോടും സമ്പത്തോടും കൂടെ തിരികെ വന്നു. യാബോക്ക് നദീതീരം കടന്ന് ഏശാവിനെ അഭിമുഖീകരിക്കുവാൻ യാക്കോബ് ഭയപ്പെട്ടു. ഏശാവിന്റെ മനോഭാവം എന്തായിരിക്കും? പ്രതികാരവുമായി കാത്തിരിക്കുകയാണോ? ആ രാത്രി ദൈവദൂതനുമായി മല്ലടിച്ചു. ഉള്ളിലെ സംഘർഷങ്ങളിൽ തളർന്നു. ജ്യേഷ്ഠനു സമ്മാനങ്ങൾ അയച്ചു. ഏശാവ് 400 ആളുകളുമായി വരുന്നു എന്നു കേട്ടു ഭയപ്പെട്ടു ഭാര്യമാരേയും ദാസികളേയും മക്കളേയും വിഭാഗിച്ചു നിർത്തി. ഏശാവ് അടുത്തുവന്നു. അനുജനെ കെട്ടിപ്പിടിച്ചു. കരഞ്ഞു ചുംബിച്ചു. കുലീനമായ വരവേൽപ്പിൽ മനം നിറഞ്ഞ യാക്കോബ് പറഞ്ഞു. നിന്റെ മുഖം ദൈവത്തിന്റെ മുഖം പോലെ ഞാൻ കാണുന്നു. ക്ഷമിച്ച് സഹോദരബന്ധങ്ങൾ പുതുക്കുമ്പോൾ നമ്മുടെ മുഖവും ദൈവമുഖമായി പ്രകാശിക്കും. അന്യോന്യം ക്ഷമിക്കുക. സാഹോദര്യബന്ധങ്ങൾ വീണ്ടെടുക്കുക. അതാണ് ദൈവം നമ്മിൽ നിന്നു ആഗ്രഹിക്കുന്നത്. സഹോദരൻ, സഹോദരി, അമ്മ, അപ്പൻ, മക്കൾ ആരുമായെങ്കിലും ബന്ധത്തിൽ അകൽച്ച ഉണ്ടോ? എങ്കിൽ ഇന്നു തന്നെ ക്ഷമിച്ചു ബന്ധങ്ങൾ പുനഃസ്ഥാപിക്കുക അതിനു ദൈവം കൃപനൽകട്ടെ.

***പ്രാർത്ഥന: ക്ഷമിക്കാനും പൊറുക്കാനും സ്നേഹിക്കാനുമുള്ള കൃപ ഞങ്ങൾക്കു നൽകണമേ, ആമേൻ.***

**നംവബർ 1 ഞായർ**

യോഹ. 6: 1-14

**വിശ്വാസാചാരങ്ങളുടെ പഠനവും പരിശീലനവും**

യേശു തന്റെ ശുശ്രൂഷയിൽ കാൽനടയായി സഞ്ചരിച്ച് പ്രസംഗിച്ചും പഠിപ്പിച്ചും രോഗികളെ സൗഖ്യമാക്കിയും ദൈവരാജ്യ ശുശ്രൂഷ ചെയ്തു. യേശുവിന്റെ പ്രസംഗം കേൾക്കാൻ വന്ന ഒരു ബാലന് അവന്റെ സ്നേഹനിധിയായ അമ്മ ഒരു പൊതി കൊടുത്തുവിട്ടു. ബാലന്റെ കൈയ്യിലെ പൊതി അഞ്ചപ്പവും രണ്ടു മീനും എന്നു അന്ത്രെയാസ് കണ്ടെത്തി. സ്ഥലം നിർജ്ജന പ്രദേശം. അവിടെ മന്നാ നൽകിയവനാണ് ദൈവം. പച്ചപ്പുൽപ്പുറത്ത് പന്തി പന്തിയായി ഇരുത്തി. ദൈവത്തിന്റെ യുഗാന്ത്യ വിരുന്നു പോലെ. പിന്നെ സമൃദ്ധിയായി ആഹാരം. ശേഷിച്ചതൊന്നും നഷ്ടമാകാതെ ശേഖരിക്കുന്നു. അത് പന്ത്രണ്ട് കുട്ട നിറച്ചെടുത്തു. സമൃദ്ധിയായ ആഹാരം ദൈവരാജ്യ അനുഭവമാണ്. ദൈവരാജ്യത്തിന്റെ ഒരു മുന്നനുഭവമാണ് ഈ അടയാളം. സ്വന്തം ആവശ്യത്തിനായി കൊണ്ടുവന്നത് മറ്റുള്ളവർക്കായി വിട്ടുകൊടുക്കാൻ കഴിയുക എത്ര മഹത്തരമാണ്. ഈ ബാലനു സ്വന്തഭവനത്തിൽ ലഭിച്ച ശിക്ഷണം നമുക്കെല്ലാം ഒരു മാതൃകയാണ്. കുഞ്ഞുങ്ങളെല്ലാം പഠിച്ച് ഔന്നത്യത്തിൽ എത്തണമെന്നും നല്ല ശമ്പളം വാങ്ങി ജീവിക്കണമെന്നും എല്ലാം മാതാപിതാക്കളും ആഗ്രഹിക്കും. ഭൗതിക ജീവിതം മാത്രമല്ല, കുഞ്ഞുങ്ങളുടെ ആന്തരിക മനസ്സും പക്വത പ്രാപിക്കണം. അത് ചെറുപ്രായത്തിൽ തന്നെ യേശുവുമായുള്ള ബന്ധത്തിൽ ലഭ്യമായി വളരണം. അതിനാണ് സണ്ടേസ്കൂൾ. നിരവധി ക്രിസ്തീയ കുടുംബങ്ങളിൽ മാതാപിതാക്കളേയും സഹോദരങ്ങളേയും പണം മോഹിച്ചു കൊലപ്പെടുത്തുന്ന നിരവധി വാർത്തകൾ നാം കാണുകയും കേൾക്കുകയും ചെയ്യുന്നു. അവരിൽ പലരും വിദ്യാസമ്പന്നരാണ്. എന്നാൽ ആത്മീക മൂല്യങ്ങൾ അവക്കു ലഭിച്ചില്ല. 1780 ൽ ഇംഗ്ലണ്ടിലെ വ്യവസായിക വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ പകലന്തിയോളം പണി ചെയ്തു കിട്ടുന്ന പണമെല്ലാം മദ്യത്തിനു ചെലവഴിച്ച് അടിപിടി ഉണ്ടാക്കി ജയിലിൽ കിടന്ന ടീനേജേഴ്സിനെ മാനസാന്തരപ്പെടുത്താനാണ് റോബർട്ട് റെയ്ക്സ് ആദ്യം ശ്രമിച്ചത്. കുട്ടികളായിരുന്നപ്പോൾ ഈ നല്ലകാര്യങ്ങൾ ഗ്രഹിച്ചിരുന്നു എങ്കിൽ ഞങ്ങളാരും ജയിലിൽ എത്തുകയില്ലായിരുന്നു എന്നു ഒരു കുട്ടി പറഞ്ഞു. അങ്ങനെയാണ് കുട്ടികളുടെ ഇടയിലെ പ്രവർത്തനം ആരംഭിച്ചത്. ഇന്ന് സണ്ടേസ്കൂളിനു നാം പ്രാധാന്യം കൊടുക്കുന്നുണ്ടോ? കുഞ്ഞുങ്ങൾക്കു മൂല്യങ്ങൾ പകർന്നു നൽകുന്ന ഇടമായിത്തീരണം ഭവനങ്ങൾ. യേശുവുമായുള്ള ബന്ധത്തിൽ കുഞ്ഞുങ്ങളെ വളർത്താൻ ദൈവം സഹായിക്കട്ടെ.

***പ്രാർത്ഥന : പ്രിയനാഥാ, സണ്ടേസ്കൂൾ ശുശ്രൂഷയിൽ പങ്കാളികളാകാനും കുഞ്ഞുങ്ങളെ യേശുവുമായുള്ള ബന്ധത്തിൽ വളർത്താനും ഞങ്ങളെ സഹായിക്കണമേ ആമേൻ.***

### നംവബർ 2 തിങ്കൾ

യെശ. 40 : 27-31

### കാത്തിരിപ്പ്

കാത്തിരിപ്പ് മടുപ്പുളവാക്കും. വഴിവക്കിൽ, വരുമെന്നു പറഞ്ഞ സ്നേഹിതരെ കാത്തിരുന്ന് നാം എത്ര മുഷിഞ്ഞിട്ടുണ്ട്. ക്ഷീണവും മടുപ്പും അക്ഷമയും തോന്നും ഓരോ കാത്തിരിപ്പും. മത്തായി 25 ൽ മണവാളനെ എതിരേൽക്കാൻ കാത്തിരുന്ന പത്തു കന്യകമാരുടെ കഥ നമുക്കറിയാം. അവർ മയക്കം പിടിച്ചു. പെട്ടെന്നു മണവാളനെ എതിരേൽക്കാൻ എഴുന്നേറ്റപ്പോൾ അഞ്ചുപേരുടെ വിളക്കുകൾ കത്തിയില്ല. അവർ എണ്ണ വാങ്ങിവന്നപ്പോഴേക്കും കതകടഞ്ഞു; പുറന്തള്ളപ്പെട്ടു. നാം നിതാന്ത ജാഗ്രതയോടെ കാത്തിരിക്കണം. കാത്തിരുന്നു മുഷിയുമ്പോൾ സ്വന്തം പദ്ധതികൾ നമ്മൾ നടപ്പാക്കാൻ ശ്രമിച്ചു പരാജയപ്പെടും. അബ്രഹാമും സാറയും ദൈവവാഗ്ദാനത്തിനായി കാത്തിരുന്നു. കാത്തിരുന്നു മടുത്തപ്പോൾ ഹാഗാറിനെ വാടകയ്ക്ക് എടുത്തു. ആ കുറുക്കുവഴി ദൈവിക വഴിയല്ലായിരുന്നു. ഹാഗാറും മകനും പുറന്തള്ളപ്പെട്ടു. ഹാഗാറിന്റെ നിലവിളി നമുക്കു ചുറ്റും ഉയരുന്നു. 'നിന്നെ കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചു പോകയില്ല' (സങ്കീ. 25:3-21). 25-ാം സങ്കീർത്തനം കാത്തിരിപ്പിന്റെ സന്ദർശനമാണ്. ശത്രുവിന്മേലുള്ള ജയത്തിനായി (1-3) ദൈവിക നടത്തിപ്പിനായി (4,5, 9-12, 12-14,) പാപമോചനത്തിനായി (6-8, 11,18), സമ്പൂർണ്ണ വിടുതലിനായി (വാ.15-22) ദാവീദ് കാത്തിരുന്നു, ദൈവസന്നിധിയിൽ വിശ്വാസത്തോടും പ്രത്യാശയോടും കാത്തിരുന്ന ദാവീദ് വിജയം വരിച്ചു. ഭൗതിക കാത്തിരിപ്പ് മടുപ്പ് ഉളവാക്കുമ്പോൾ യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. ബാല്യക്കാരും യൗവ്വനക്കാരും ക്ഷീണിച്ചു തളരുമ്പോൾ യഹോവയെ കാത്തിരിക്കുന്നവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും. യഹോവയ്ക്കായി പ്രാർത്ഥനയോടെ നമുക്ക് കാത്തിരിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

***പ്രാർത്ഥന: സ്നേഹത്തിന്റെ ഉറവിടമായ ക്രിസ്തുവേ, ജാഗ്രതയോടെ തിരിതെളിച്ച് കാത്തിരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ ആമേൻ.***

### നംവബർ 3 ചൊവ്വ

ലൂക്കോ. 4 : 14-21

### നസ്രേത്തിലെ പ്രസംഗം

യേശു ആത്മനിറവിൽ നസ്രേത്തിലെ സുനഗോഗിൽ പതിവുപോലെ ആരാധനയ്ക്കു ചെന്നു. വചനം വായിക്കാനും വ്യാഖ്യാനിക്കാനും അവസരം ലഭിച്ചു. യെശയ്യാ പ്രവാചകന്റെ പുസ്തകം അറുപത്തിയൊന്നാം അദ്ധ്യായത്തിൽ നിന്നു വായിച്ചു. വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവർത്തി വന്നു എന്നു പറഞ്ഞു. അഞ്ചു കാര്യങ്ങളാണ് ദൈവരാജ്യപ്രമാണമായി യേശു അവതരിപ്പിച്ചത്. (1) ദരിദ്രരോട് സുവിശേഷം അറിയിക്കുക. ദരിദ്രരാണ് ലോകത്തിന്റെ കേന്ദ്രം. അവഗണിക്കപ്പെട്ടവരും, പ്രാന്തസ്ഥിതരും, അതിർ നിശ്ചയിക്കപ്പെട്ടവരുമാണ് ദൈവരാജ്യ അവകാശികൾ. അവർക്കാണ് സുവിശേഷം പ്രസംഗിക്കേണ്ടത്. (2) കടം വാങ്ങിയിട്ട് തിരികെ കൊടുക്കാൻ നിവർത്തിയില്ലാത്തവരാണ് തടവറയിൽ. അവർക്കു വിടുതൽ കൊടുക്കുന്നത് ദൈവരാജ്യ ലക്ഷ്യമാണ്. (3) തടവറയിലെ ഇരുട്ടിൽ കിടന്ന് വെളിച്ചം കാണാതെ കണ്ണിനു കാഴ്ച നഷ്ടപ്പെട്ടവർക്കു യേശു സൗഖ്യം വാഗ്ദാനം ചെയ്യുന്നു. കാണേണ്ടതുപോലെ കാണാൻ മനുഷ്യരെ പ്രാപ്തമാക്കണം. (4) പീഡിതരെ വിടുവിക്കണം. അവർ ദരിദ്രരും അഗതികളും ഭൂരഹിതരുമണ്. ജന്മികളും ഭൂവുടമകളും അവരെ പീഡിപ്പിക്കുന്നു. അവരുടെ വിടുതൽ ദൈവരാജ്യ താല്പര്യമാണ്. (5) കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുക. അത് യോവേൽ സംവത്സരമാണ്. ശബ്ബത്തിനോടു ബന്ധപ്പെട്ട നിയമമാണ്. (ലേവ്യ 25). ഏഴ് ഏഴ് അതായത് 49 വർഷം കഴിഞ്ഞ് 50-ാം വർഷം പ്രസാദവർഷം. അന്ന് കടങ്ങൾ ഇളച്ചു കൊടുക്കണം. അടിമകളെ സ്വതന്ത്രരാക്കണം. ഭൂമി വീണ്ടും തുല്യമായി വീതിച്ചു നൽകണം. 50-ാം വർഷം എല്ലാവരും തുല്യരായി, വലിപ്പ ചെറുപ്പം ഇല്ലാതെ ദൈവസന്നിധിയിൽ നിൽക്കണം. യേശുവിന്റെ ശുശ്രൂഷ ആരംഭിച്ചത് ഒരു യോവേൽ സംവത്സരത്തിലായിരുന്നു എന്നു ചിന്തിക്കുന്നവരുണ്ട്. എല്ലാ മനുഷ്യരുടേയും അന്തസ്സ് അംഗീകരിക്കപ്പെടുന്ന ഒരു ലോകമാണ് യേശു പ്രഖ്യാപിച്ച ദൈവരാജ്യം. ആ അനുഭവം സഭയിൽ ഇന്നു നമുക്കു അനുഭവിക്കാൻ കഴിയുന്നുണ്ടോ? ആ മൂല്യങ്ങൾ യാഥാർത്ഥ്യമാകാൻ നമുക്കു ശ്രമിക്കാം.

***പ്രാർത്ഥന: പ്രിയനാഥാ ദൈവരാജ്യമൂല്യങ്ങൾ തിരിച്ചറിയാൻ ഞങ്ങളുടെ കണ്ണുകളെ തുറക്കണമേ. ആമേൻ.***

### നംവബർ 4 ബുധൻ

മത്താ. 20 : 1-16

### ദൈവത്തിന്റെ രാജ്യം

19-ാം അദ്ധ്യായത്തിലെ ധനവാനായ ചെറുപ്പക്കാരനുമായുള്ള സംഭാഷണത്തിനു ശേഷമാണ് സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ഉപമ യേശു പറയുന്നത്. ഈ ഉപമയെ അധികരിച്ച് റഷ്യൻ എഴുത്തുകാരനായ റസ്കിൻ എഴുതിയ "ഈ അവസാനത്തവൻ വരെയും" എന്ന പുസ്തകമാണ് ഗാന്ധിജിക്കു സർവ്വോദയം എന്ന ആശയം ലഭിക്കുവാൻ ഇടയാക്കിയത്. രാവിലെ ആറു മണിക്കും ഒൻപതു മണിക്കും 12 മണിക്കും ഉച്ചകഴിഞ്ഞ് 3 മണിക്കും അഞ്ചുമണിക്കും വേലക്കാരെ കണ്ടെത്തി തോട്ടത്തിൽ ജോലിക്കു അയയ്ക്കുന്നു. ഒരു കാശ് പറഞ്ഞൊത്താണ് രാവിലെ ജോലിക്കാരെ വിളിച്ചത്. 9 മണിക്കും 12 മണിക്കും 3 മണിക്കും 5 മണിക്കും വഴിയിൽ മിനക്കെട്ടു നിൽക്കുന്ന ജോലി ലഭിക്കാതെ നിന്നവരെ വിളിച്ചപ്പോൾ ന്യായമായതു തരാം എന്നാണ് പറഞ്ഞത്. ജോലിയില്ലാത്തവരെയെല്ലാം തന്റെ മുന്തിരിത്തോട്ടത്തിൽ വിളിച്ചാക്കുന്ന ഉടയവൻ ഒരു വിശാല ഹൃദയനാണ്. കൂലി കൊടുത്തു തുടങ്ങിയപ്പോൾ ഒരു മണിക്കൂർ ജോലി ചെയ്തവർക്ക് ഒരു വെള്ളിക്കാശ് കിട്ടി. 3 മണിക്കൂർ ചെയ്തവർക്കും 6 മണിക്കൂർ ചെയ്തവർക്കും 9 മണിക്കൂർ ചെയ്തവർക്കും 12 മണിക്കൂർ ചെയ്തവർക്കും ഒരേ കൂലി, ഓരോ വെള്ളിക്കാശ് കൊടുത്തു. കൂടുതൽ സമയം പണി ചെയ്തവർ പിറുപിറുത്തു. അവർ കൂടുതൽ പ്രതീക്ഷിച്ചു. പകലത്തെ ഭാരവും ചൂടും സഹിച്ചവരാണ്. ഉടയവൻ പറഞ്ഞു. ഞാൻ അന്യായം ചെയ്തില്ല. ഞാൻ നല്ലവനായതിൽ നിങ്ങൾ അസൂയപ്പെടരുത്. മുമ്പന്മാർ പിമ്പന്മാരാകും, പിമ്പന്മാർ മുമ്പന്മാരാകും എന്ന തത്വവും ഇവിടെ കാണാം. എല്ലാ മനുഷ്യർക്കും ജോലി. ആവശ്യം അനുസരിച്ചു കൂലി. അങ്ങനെ ഒരു സമൂഹം നമ്മൾ സ്വപ്നം കാണുമോ? ദൈവത്തിന്റെ ഔദാര്യത്തിന്റേയും നീതിയുടേയും ശക്തീകരണമാണിവിടെ കാണുന്നത്. അന്ത്യന്യായവിധിയിൽ പുറന്തള്ളപ്പെട്ടവരാണെന്നു കരുതുന്നവർ പുറജാതിക്കാരും ചുങ്കക്കാരും ദളിതരും- നമുക്കു മുന്നമേ ദൈവരാജ്യത്തിൽ സ്ഥാനം പിടിക്കുമോ? ദൈവത്തിന്റെ നീതിയും കൃപയും നമ്മുടെ ചിന്തയ്ക്ക് അതീതമാണ്.

***പ്രാർത്ഥന: യേശുവേ, നീതിബോധം ഞങ്ങൾക്കു നൽകണമേ ആമേൻ.***

### നംവബർ 5 വ്യാഴം

ഉല്പ. 41 : 50-52

### മനശ്ശെ

പഴയനിയമത്തിലെ ഏറ്റം ഹൃദയസ്പർശിയായ കഥയാണ് ജോസഫിന്റെ കഥ. ഗോത്രപിതാവായ യാക്കോബിന്റെ 12 മക്കളിൽ 11-ാമൻ. അപ്പനും അമ്മയ്ക്കും അവനോടുള്ള അമിതവാത്സല്യം സഹോദരന്മാർക്കവനെ വെറുക്കപ്പെട്ടവനാക്കി. അവർ പീഡിപ്പിച്ചു, പൊട്ടക്കിണറ്റിൽ തള്ളി. 20 വെള്ളിക്കാശിന് മിസ്രയീമ്യ കച്ചവടക്കാർക്കു വിറ്റു. പോത്തീഫറിന്റെ ഭവനത്തിൽ സത്യസന്ധത മൂലം അവൻ തടവറയിലായി. ദൈവവും കാലവും അവനെ കൈവിട്ടില്ല. സ്വപ്നം വ്യാഖ്യാനിക്കാൻ ദൈവം നൽകിയ കഴിവ് അവനെ ഉന്നതങ്ങളിലേക്കു കൈപിടിച്ചുയർത്തി. വിധി അവനെ ഈജിപ്തിന്റെ അധിപതിയാക്കി. തന്റെ ബാല്യം കവരുകയും മാതാപിതാക്കളിൽ നിന്നും അന്യപ്പെടുത്തുകയും ചെയ്തവർ അഭയാർത്ഥികളായി ജോസഫിന്റെ മുമ്പിൽ എത്തി. പകരം ചോദിക്കാം, അപമാനിക്കാം, തലകൊയ്യാം. തന്നെ അടിച്ചോടിച്ച സഹോദരങ്ങൾ കരഞ്ഞ് കാൽക്കൽ വീണപ്പോൾ ജോസഫ് അവരെ നെഞ്ചോടു ചേർത്തു പിടിച്ചു. പിന്നെ ഉള്ളിലെ കാർമേഘങ്ങൾ ഒഴിയുന്നതുവരെ ഒരു കുഞ്ഞിനെപ്പോലെ കരഞ്ഞു. അവന്റെ ഉള്ളിലെ നന്മയുടെ തിരിവെട്ടം കത്തിനിന്നു. മനശ്ശെ, എന്റെ കഷ്ടതയും പിതൃഭവനം ഒക്കെയും മറക്കുമാറാക്കി, എന്നു തന്റെ മൂത്ത പുത്രനു പേരിട്ടു. മറക്കുക, ക്ഷമിക്കുക അവിടെയാണ് ജീവിതം സന്തോഷകരമാകുന്നത്. നമ്മോടു തന്നെ പൊറുക്കാൻ കഴിയണം. അപ്രിയ അനുഭവങ്ങൾ തന്നവരോടു ക്ഷമിക്കാൻ കഴിയുക. നമ്മുടെ നിരാശാജനകമായ അനുഭവങ്ങൾക്ക് ദൈവത്തോട് പരിഭവം ഇല്ലാതിരിക്കുക. ആരോടും പരിഭവം ഇല്ലാതാകുമ്പോൾ ജീവിതം ഒരു തീർത്ഥയാത്രയാകും. കാലവും പ്രകൃതിയും ദൈവവും ചേർന്ന് ദുരിതാനുഭവങ്ങളെ മറക്കാൻ സഹായിക്കും. ഹിറ്റ്ലറിന്റെ കോൺസ്ൻട്രേഷൻ ക്യാമ്പിൽ ഒരു വൈദികൻ ഡയറിയിൽ ഇങ്ങനെ എഴുതിയിരുന്നു. "ഇന്നലെ രാത്രി എനിക്കൊരു ദർശനം ഉണ്ടായി. ദർശനത്തിൽ ക്രിസ്തുവിന്റെ മുറിവുകളുടെ ആഴം കണ്ടു. പിന്നെ എന്റെ മുറിവുകൾ എന്നെ കരയിച്ചില്ല". സ്വന്തം മുറിവുകളുടെ ആഴം കുരിശിൽ കാണാൻ സാധിച്ചാൽ ഏതൊരുവനും സുഖപ്പെടും. മനശ്ശെ മറക്കാൻ സഹായിക്കണേ.

***പ്രാർത്ഥന: യേശുവേ, ഞാൻ കടന്നു പോന്ന ക്രൂരതയുടെ അനുഭവങ്ങൾ മറക്കാൻ എന്നെ സഹായിക്കണമേ, ആമേൻ.***

### നവംബർ 6 വെള്ളി

ലൂക്കൊ. 10 : 1–9

**സഭകളുടെ ഐക്യവും പുതുക്കവും**

സഭകൾ പരസ്പരം കുടി ഒഴിപ്പിച്ചും പള്ളികൾ പിടിച്ചെടുത്തും ക്രൈസ്തവ സാക്ഷ്യം നഷ്ടമായ ഒരു സമൂഹത്തിൽ, ആത്മനൊമ്പരത്തോടു കൂടെ മാത്രമേ സഭാ ഐക്യത്തെക്കുറിച്ചു നമുക്കു ചിന്തിക്കാനാവൂ. കൊയ്ത്തു വളരെ ഉണ്ട്. വേലക്കാരോ ചുരുക്കം എന്നാണ് കർത്താവ് പറഞ്ഞത്. സുവിശേഷീകരണത്തിനു ഒരു തിടുക്കബോധം വേണം. യേശു സന്ദർശിക്കാൻ ആഗ്രഹിച്ച പട്ടണങ്ങളിലേക്ക് എഴുപതു പേരെ ഈരണ്ടായി അയയ്ക്കുന്നതാണ് വേദഭാഗത്തിന്റെ പശ്ചാത്തലം. ലഭ്യമാകുന്നതു ഭക്ഷിച്ചും, രോഗികളെ സൗഖ്യമാക്കിയും ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു പറയാനുമാണ് ഈ മനുഷ്യരെ അയയ്ക്കുന്നത്. ദൈവശുശ്രൂഷകർ പരിമിത സാഹചര്യങ്ങളിൽ സംതൃപ്തി കണ്ടെത്തണം. രോഗശാന്തി സുവിശേഷത്തിന്റെ ഭാഗമാണ്. വെല്ലൂർ ആശുപത്രിയിലൂടെ ലഭ്യമാകുന്ന ക്രൈസ്തവസാക്ഷ്യം ഭാരതത്തിൽ മാത്രമല്ല, ലോകമെങ്ങും പ്രസിദ്ധമാണ്. യേശുവിൽ ദൈവരാജ്യം സമീപിച്ചു എന്നായിരുന്നു അവർ പ്രസംഗിച്ചതെങ്കിൽ, യേശുവിൽ ആരംഭിച്ച ദൈവരാജ്യത്തിന്റെ സാക്ഷികളാണ് ഇന്നു നമ്മൾ. സഭകൾക്കു വിശ്വാസ്യത ഉണ്ടെങ്കിൽ മാത്രമേ പ്രസംഗം ഫലവത്താകുകയുള്ളൂ. ഭാരതത്തിൽ രണ്ടര ശതമാനം മാത്രമുള്ള ക്രൈസ്തവസഭകൾ ഭിന്നിച്ചു നിന്നാൽ ഏതു സാക്ഷ്യം നിർവ്വഹിക്കാൻ കഴിയും? കഴിഞ്ഞ ഒരു നൂറ്റാണ്ട് സഭാ ഐക്യത്തിന്റെ നൂറ്റാണ്ടാണ്. ഭാരതത്തിൽ മാർത്തോമ്മാ സഭ, സി.എസ്.ഐ സഭ, സി.എൻ.ഐ സഭ ഇവ മൂന്നും തമ്മിൽ ദൗത്യമേഖലകളിൽ ഒരുമിച്ചു പ്രവർത്തിക്കാൻ ഒരു ഐക്യം രൂപപ്പെട്ടു. ഏകദേശം 50 വർഷക്കാലത്തെ ആലോചനകളുടേയും ചർച്ചകളുടേയും അടിസ്ഥാനത്തിലാണ് ആ ഐക്യം രൂപപ്പെട്ടത്. ഓരോ സഭയും അതിന്റെ പാരമ്പര്യവും സ്വത്വവും നിലനിർത്തിക്കൊണ്ട് പരസ്പര സമ്പർക്കത്തിൽ ഒരുമിച്ചു വളരുന്നു. പ്രാദേശികതലങ്ങളിൽ ഈ ഐക്യം ബലപ്പെടുത്തി ദൈവരാജ്യപ്രഘോഷണത്തിൽ നമുക്കു പങ്കാളികളാകാം. ഭാരതത്തിലെ ഇന്നിന്റെ പ്രത്യേക സാഹചര്യത്തിൽ ഐക്യത്തോടെ സാക്ഷ്യപാതയിൽ മുന്നേറാം.

***പ്രാർത്ഥന: പ്രിയ യേശുവേ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കണമെന്ന് അവിടുന്നു ആഗ്രഹിച്ചു. സ്നേഹത്തിന്റെ ആത്മാവിൽ ഐക്യതയോടെ മുന്നേറാൻ ഞങ്ങളെ സഹായിക്കണമേ, ആമേൻ.***

### നവംബർ 7 ശനി

ലൂക്കൊ. 16 : 19–31

**ധനവാനും ലാസറും**

ഈ ഉപമയിൽ ഒരു കഥാപാത്രത്തിനു പേരുണ്ട്. ലാസർ. എലെയാസർ എന്ന പേരിന്റെ ചെറുരൂപമാണ് ലാസർ. ദൈവസഹായം എന്നാണ് വാക്കിന്റെ അർത്ഥം. ഉപമയ്ക്ക് മൂന്ന് പ്രധാന രംഗങ്ങളുണ്ട്. (1) ഭൂമിയിലെ ജീവിതം: പട്ടുടയാടകളും ധൂമ്രവസ്ത്രവും ധരിച്ച് വിശിഷ്ട ആഹാരവും കഴിച്ചു ആഡംബര സുഖലോലുപ ജീവിതം നയിക്കുന്ന ധനവാൻ, വ്രണം പിടിച്ച് ശരീരത്തിന്റെ ചേതന നഷ്ടപ്പെട്ട ദരിദ്രൻ പടിപ്പുരയ്ക്കൽ കിടക്കുന്നു. നായ്ക്കൾ അവന്റെ വ്രണങ്ങൾ നക്കിയിരുന്നു. അവബോധം നഷ്ടപ്പെട്ട ധനവാനും സംവേദന ക്ഷമത നഷ്ടപ്പെട്ട ലാസറും ഈ കഥാപാത്രങ്ങളിൽ ആരോടാണ് നാം താദാത്മ്യപ്പെടുന്നത്. (2) മരണാനന്തര ജീവിതം: ലാസർ മരിച്ചു. പട്ടിയെപ്പോലെ അടക്കി. സ്വർഗ്ഗത്തിൽ അബ്രഹാമിന്റെ മടിയിൽ ഇരിക്കുന്നു. ധനവാൻ ദിവംഗതനായി. ആഡംബരമായി അടക്കി. കരയാൻ പ്രത്യേക ഗായക സംഘം ഉണ്ടായിരുന്നു. മരണാനന്തരം പാതാളത്തിൽ നരകയാതന അനുഭവിക്കുന്നു. (3) ധനവാൻ അപേക്ഷിക്കുന്നു: ലാസറിനെ ഒന്ന് അയയ്ക്കണേ. പാതാളത്തിൽ നിന്നും കയറാനും അങ്ങോട്ടു വരാനും സാദ്ധ്യമല്ല. പിന്നെ എന്തു ചെയ്യും? ധനവാൻ നല്ല സഹോദര സ്നേഹം ഉള്ളവനായിരുന്നു. ലാസറെ ഭൂമിയിലേക്ക് അയച്ചാൽ അവർ മാനസാന്തരപ്പെടും അബ്രഹാം പിതാവു പറഞ്ഞു. അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ട്. മരിച്ചവരിൽ ഒരാൾ വന്നാൽ വിശ്വസിക്കും. മരണത്തിൽ നിന്നും തിരികെ വന്ന ലാസറിനെ ജനം വിശ്വസിച്ചില്ല എന്നു മാത്രമല്ല കല്ലെറിയാനും ശ്രമിച്ചു. സ്വർഗ്ഗവും നരകവും അടുത്താണെന്നു പറയുന്ന ഉപമയല്ല ഇത്. മറിച്ച് സ്വർഗ്ഗത്തിലെത്താൻ എങ്ങനെ ജീവിക്കണമെന്നു പറയുകയാണ്. ധനത്തെപ്പറ്റി ശരിയായ കാഴ്ചപ്പാടു വേണം. ദരിദ്രനേയും രോഗിയേയും ഭവനരഹിതനേയും അവഗണിക്കരുത്. ധനം പൂഴ്ത്തിവെയ്ക്കാനല്ല, പ്രയോജനകരമായി ചെലവഴിക്കാനാണ് ദൈവം നമുക്കു നൽകിയിരിക്കുന്നത്. അതു മറന്നാണോ നാം ജീവിക്കുന്നത്.

***പ്രാർത്ഥന: പ്രിയ യേശുവേ, ചുറ്റും പാർക്കുന്ന മനുഷ്യരോട് സചേതനമായി പ്രതികരിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ ആമേൻ.***

**നവംബർ 8 ഞായർ**

മർക്കൊ. 7 : 31 -37

**സകലവും നന്നായി ചെയ്തു**

രോഗവും രോഗശാന്തിയും എപ്പോഴും നമ്മെ അത്ഭുതപ്പെടുത്തും. ഹിസ്കിയ രാജാവ് മനമുരുകി പ്രാർത്ഥിച്ച് ജീവിതം 15 വർഷം നീട്ടികിട്ടി എന്നു രാജാക്കന്മാരുടെ പുസ്തകത്തിൽ നാം കാണുന്നു. ആയുസ്സിന്റെ മേൽ നമുക്കു നിയന്ത്രണമില്ല. എന്നാൽ ആയുസ്സ് നീട്ടിത്തരാൻ ദൈവത്തിനു കഴിയും. പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിച്ചാൽ രോഗസൗഖ്യം ലഭിക്കുമെന്നു യാക്കോബ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. വിക്കനും ചെകിടനുമായ ഒരു മനുഷ്യനു സൗഖ്യം നൽകുന്ന സംഭവമാണ് ഇന്നത്തെ വേദഭാഗം. കേഴ്‌വിയും സംസാരവും പരസ്പരം ബന്ധപ്പെട്ടതാണ്. കേൾക്കാൻ സാധിക്കുന്നതുകൊണ്ടാണ് നാം സംസാരിക്കുന്നത്. അവൻ ശരിയായി സംസാരിച്ചു. സംസാരം ആശയവിനിമയമാണ്. അത് ശരിയായി നിർവ്വഹിക്കാൻ കഴിയണം. യേശു തുപ്പൽ പുരട്ടി സൗഖ്യം നൽകി. ശരിയായി സംസാരിക്കുക എന്നതു വളരെ പ്രാധാന്യം അർഹിക്കുന്നു. മർക്കൊസ് സുവിശേഷകൻ അവൻ സകലവും നന്നായി ചെയ്തു എന്നു യേശുവിനെക്കുറിച്ചു എഴുതിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും യേശു നന്നായി ചെയ്തു. നമുക്കും അതു സാധിക്കണം. നമ്മെ ഏല്പിച്ചിരിക്കുന്ന എല്ലാ ഇടങ്ങളും അടുക്കള മുതൽ അൾത്താര വരെ എല്ലാം നന്നായി ചെയ്യാൻ നമുക്കു കഴിയണം. യേശു ആ വ്യക്തിയുടെ ആളത്വം വീണ്ടെടുത്തു. കേൾക്കാനും സംസാരിക്കാനും പ്രാപ്തനാക്കി. പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ തുടങ്ങിയത് കേൾക്കാനും സംസാരിക്കാനുമുള്ള അവകാശം ശക്തിപ്പെടുത്താനായിരുന്നു. ഓരോ രോഗശാന്തിയും ദൈവകൃപയാണ്. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരെല്ലാം രോഗശാന്തി ശുശ്രൂഷകരാണ്. ഇന്ന് ശരീരാത്മദേഹികളുടെ സൗഖ്യമാണ് നമുക്കു ആവശ്യമായിരിക്കുന്നത്. പ്രാർത്ഥനയോടെ സകലവും നന്നായി ചെയ്യാൻ കഴിയുന്നവന്റെ കൈകളിൽ നമുക്കു നമ്മെ സമർപ്പിക്കാം.

***പ്രാർത്ഥന: സൗഖ്യദായകനായ പിതാവേ, ഞങ്ങളോടു മനസ്സലിഞ്ഞു ഞങ്ങളെ സൗഖ്യമാക്കണമേ ആമേൻ.***

**നവംബർ 9 തിങ്കൾ**

ലൂക്കൊ. 15 : 25-32

**ആദ്ധ്യാത്മികത**

യേശു ആദ്ധ്യാത്മികതയെക്കുറിച്ചു പറഞ്ഞ മനോഹര ഉപമകളിൽ ഒന്നാണ് ഇന്നത്തെ വേദവാക്യം. ഈ കഥയിലെ ഏതു കഥാപാത്രത്തോടാണ് നമ്മൾ താദാത്മ്യപ്പെടുന്നത്? അപ്പന്റെ സ്നേഹവലയത്തിൽ നിന്നും ഓടിപ്പോയ നഷ്ടപ്പെട്ട മകനാണോ, മകളാണോ ഞാൻ? അപ്പനെ അനുസരിക്കുന്ന, വയലിൽ കൃഷി നോക്കി നടത്തുന്ന, പള്ളി, യുവജനസഖ്യം, സേവികാസംഘം ഇവയിലെല്ലാം ചിട്ടയായി പങ്കെടുക്കുന്ന മൂത്ത സഹോദരനോ സഹോദരിയോ ആണോ ഞാൻ? നമുക്കു സമാനമായ കഥാപാത്രം അയാൾ തന്നെ. മൂത്തമകൻ വയലിൽ നിന്നു വരുമ്പോൾ വീടിനുള്ളിൽ സംഗീതവും നൃത്തവും ഉയരുന്നു. ആ മുടിയനായ അനുജൻ പോയതിൽ പിന്നെ വീട്ടിൽ ഇതൊന്നും ഇല്ലായിരുന്നല്ലോ എന്നയാൾ ഓർത്തു. അവൻ വീട്ടിൽ കയറാതെ വഴിയിൽ തന്നെ നിന്നു. മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ പൊള്ളയാണ്. യേശു ശാസ്ത്രിമാരോടും പരീശന്മാരോടുമാണ് ഈ ഉപമ പറഞ്ഞത് (15:2). അപ്പനോട് സംസാരിക്കാൻ സ്വാതന്ത്ര്യമുള്ള മകൻ ബാല്യക്കാരിലൂടെ വിവരം തേടി. പിന്നെ അപ്പനോടു കണക്കുപറഞ്ഞു. (1) ചങ്ങാതിമാരോടു കൂടെ ആഹ്ലാദിക്കാൻ ആട്ടിൻകുട്ടിയെ തന്നോ? പ്രതിഫലം ആഗ്രഹിക്കുന്ന ഭക്തി. (2) നിന്റെ മകൻ വന്നു. സഹോദരനെ സഹോദരനായി കാണാൻ കഴിയാത്ത ആദ്ധ്യാത്മികത (3) വേശ്യമാരോടു കൂടെ മുതൽ തിന്നു കളഞ്ഞവൻ. അവൻ പണം നാനാവിധമാക്കി. എന്നാൽ ഈ ആരോപണം കഥയിൽ ഇല്ല. ഈ മൂത്ത സഹോദരൻ സ്വന്തം മനസ്സ് സഹോദരനിൽ ആരോപിക്കുകയാണ്. ഞാനാണ് കേമൻ എന്നാണ് അയാളുടെ ചിന്ത. ഈ ജ്യേഷ്ഠൻ നാം ഓരോരുത്തരിലും ഉണ്ടെന്നു തിരിച്ചറിയുമ്പോൾ നാം ദൈവസന്നിധിയിൽ വിനയാന്വിതരാകണം. ശാസ്ത്രിമാരും പരീശന്മാരും ഈ ജ്യേഷ്ഠ സഹോദരനെപ്പോലെയാണ്. നാം ആദ്ധ്യാത്മികതയുടെ വിധികർത്താക്കളല്ല. നമ്മൾ ദൈവകരുണയുടെ കരങ്ങളാണ്. അതായിരിക്കണം നമ്മുടെ ആദ്ധ്യാത്മികത.

***പ്രാർത്ഥന: പ്രിയ യേശുവേ, സഹോദരൻ എവിടെ എന്ന ചോദ്യത്തിനു ഉത്തരം നൽകാൻ ഞങ്ങളെ സഹായിക്കണമേ, ആമേൻ.***

### നവംബർ 10 ചൊവ്വ

പുറ. 4 : 10-20

### രൂപപ്പെടുത്തുന്ന ദൈവം

യിസ്രായേൽ ചരിത്രത്തിലെ ഒരു നിർണ്ണായഘട്ടത്തിലായിരുന്നു മോശെയുടെ ജനനം. ആൺകുഞ്ഞുങ്ങളെ നശിപ്പിച്ചു കളയാനുള്ള ഫറവോയുടെ കല്പന നിലനിന്ന സമയം ഒരു നിശ്ചയവും ഇല്ലാത്ത മാതാപിതാക്കൾ. എന്നാൽ ദൈവനിശ്ചയം വ്യത്യസ്തമായിരുന്നു. ഫറവോയുടെ കല്പന ലംഘിച്ച് മോശെക്കുഞ്ഞിനെ എടുത്തു വളർത്തിയത് ഫറവോന്റെ പുത്രി (രാജകുമാരി) തന്നെ. ഭാവിയിൽ ഏറ്റെടുക്കേണ്ട ചുമതലകൾക്കുള്ള പരിശീലനം ചെറുപ്പത്തിൽ കൊട്ടാരത്തിൽ നിന്നു ലഭിച്ചു. മിസ്രയീമ്യ പാരമ്പര്യങ്ങൾ ഗ്രഹിച്ചു. അവരുടെ സകല ജ്ഞാനവും അഭ്യസിച്ചു. മോശെ എന്ന പേരിട്ടത് വെള്ളത്തിൽ നിന്നും വലിച്ചെടുത്തു എന്ന അർത്ഥത്തിലാണ്. കൊട്ടാരത്തിൽ വളർന്നെങ്കിലും എബ്രായ ജനതയുടെ കഷ്ടത മോശെയെ അസ്വസ്ഥനാക്കി. ഒരു മിസ്രയീമ്യനും എബ്രായനും തമ്മിൽ ശണ്ഠകൂടിയപ്പോൾ മോശെ മിസ്രയീമ്യനെ കൊന്നു. ആ വാർത്ത പരന്നപ്പോൾ മോശെ ഭയപ്പെട്ടു കൊട്ടാരം വിട്ടു ഓടി. മിദ്യാനിലെത്തിയ മോശെ യിത്രോവിന്റെ മകളെ വിവാഹം കഴിച്ച് യിത്രോവിന്റെ ആടുകളേയും നോക്കി നടന്നപ്പോൾ കത്തുന്ന മുൾപ്പടർപ്പിൽ നിന്നും ദൈവം സംസാരിച്ചു. കത്തിയെങ്കിലും മുൾപടർപ്പ് വെന്തു പോയില്ല. മിസ്രയീമിലെ അടിമത്വത്തിൽ നിന്നു യിസ്രായേൽ ജനത്തെ മോചിപ്പിക്കാനുള്ള ദൗത്യം ഏറ്റെടുക്കാൻ ദൈവം ആവശ്യപ്പെട്ടു. തനിക്ക് എന്തു യോഗ്യത? തനിക്കു കഴിവുണ്ടോ? വിക്കനായ തനിക്കു സംസാരിപ്പാൻ എങ്ങനെ സാധിക്കും? ജനം വിശ്വസിക്കുമോ? മറ്റ് ആരെയെങ്കിലും അയയ്ക്കാൻ മോശെ ദൈവത്തോടു ആവശ്യപ്പെട്ടു. ഏതു ബലഹീനനേയും ബലവാനായി രൂപാന്തരപ്പെടുത്താൻ ദൈവത്തിനു കഴിയും. മോശെ ചരിത്രത്തിൽ ശക്തനായ നേതാവായി മാറിയ കഥ നാം വായിക്കുന്നു. ദൈവിക നിയന്ത്രണങ്ങൾക്ക് വിധേയപ്പെട്ടാൽ പരാജയഭീതി ഒട്ടും വേണ്ട. സന്തോഷമല്ലാത്ത സാഹചര്യങ്ങളിലേക്ക് ദൈവം വിളിച്ചാൽ നമ്മൾ എങ്ങനെ പ്രതികരിക്കും? ബലഹീന മനുഷ്യരിലൂടെയാണ് ദൈവം ചരിത്രത്തെ രൂപപ്പെടുത്തുന്നത്. മോശെയെ രൂപപ്പെടുത്തിയ ദൈവത്തിനു എന്നെയും രൂപപ്പെടുത്താനും രൂപാന്തരപ്പെടുത്താനും കഴിയും. ദൈവവിളിയ്ക്കായി കാതോർക്കാം. അനുകൂലമായി പ്രതികരിക്കാം.

***പ്രാർത്ഥന: ചരിത്രത്തിന്റെ നായകാ, ബലഹീനരായ ഞങ്ങളെ ബലപ്പെടുത്തി അവിടുത്തെ വിമോചന പ്രക്രിയയിൽ പങ്കാളികളാകാൻ സഹായിക്കണമേ, ആമേൻ.***

### നവംബർ 11 ബുധൻ

ആവ. 5 : 12-15

### ദൈവത്തോടു കൂടെ വിശ്രമം

ദൈവം സ്രഷ്ടാവാണ്. ചരിത്രത്തെ ദൈവം നിയന്ത്രിക്കുന്നു. സമയം ദൈവത്തിന്റേതാണ്. 24 മണിക്കൂറും 7 ദിവസവും 12 മാസവും ദൈവത്തിന്റേതാണ്. ആദ്യ ജാതനെ അർപ്പിച്ചാൽ മുഴുവൻ ദൈവത്തിനും നൽകുന്നതുപോലെ ആഴ്ചയിൽ ഒരു ദിവസം ദൈവത്തിനു കൊടുത്താൽ മുഴുവൻ ദിവസവും ദൈവത്തിന്റേതാണ് എന്നു സമ്മതിക്കുകയാണ്. പുറപ്പാട് 20:8-11 വാക്യങ്ങളിൽ ദൈവം വിശ്രമിച്ചതിന്റെ അടിസ്ഥാനത്തിൽ ദൈവത്തോടു കൂടെയുള്ള വിശ്രമമാണ് ശബ്ബത്ത്. ആവർത്തന ഗ്രന്ഥത്തിൽ പഴയ അടിമത്വത്തിന്റെ വെളിച്ചത്തിലാണ് ദൈവത്തോടു കൂടെയുള്ള വിശ്രമം ഉറപ്പാക്കുന്നത്. പഴയ മിസ്രയീം അടിമത്തം ഓർക്കുക. യഹോവയുടെ നീട്ടിയ കൈയ്യും ബലമുള്ള ഭുജവും അതിലൂടെ ലഭിച്ച വിടുതലും ഓർക്കുക. ജീവിതത്തിൽ തിരിഞ്ഞു നോക്കി ദൈവം ചെയ്ത കരുണകളെ ഓർക്കുക. ഇനിയും അടിമത്തം ഉണ്ടാകരുത്. വേലക്കാരനും വേലക്കാരത്തിയും അന്യനും പരദേശിയും വിശ്രമിക്കണം. അവർക്കു വിശ്രമം ഉറപ്പാക്കുന്നതിലാണ് നിന്റെ ദൈവബന്ധം ലോകം അറിയുന്നത്. നിന്റെ സഹോദരന്റെ വിശ്രമം ഉറപ്പാക്കാൻ ഏതറ്റം വരെ നീ പോകും? ദൈവ-മനുഷ്യ- പ്രകൃതി ബന്ധങ്ങളുടെ ശരിയായ സമീപനമാണ് ശബ്ബത്ത്. ഏദനിൽ ദൈവം സ്ഥാപിച്ച ആ ബന്ധം തകർന്നുപോയി. മനുഷ്യൻ ദൈവത്തിൽ നിന്നും ഓടി ഒളിച്ചു. മനുഷ്യൻ പേരിട്ടു അധീശപ്പെടുത്തിയ പാമ്പ് ശത്രുവായി. കിളയ്ക്കാനും കാപ്പാനും നൽകിയ ഭൂമി മുള്ളും പറക്കാരയും നൽകി. ഈ ദൈവം മനുഷ്യ പ്രകൃതി ബന്ധങ്ങളിലെ അന്യവൽക്കരണങ്ങളെ ഇല്ലാതാക്കുന്നതാണ് ശബ്ബത്ത്. നിന്റെ ദൈവ ആരാധനയിൽ എല്ലാ മനുഷ്യർക്കും വിശ്രമം നൽകി നീ പ്രപഞ്ചത്തിന്റെ കാവൽക്കാരനാകുകയാണ് ആഴ്ചയിൽ ഒരു ദിവസം വിശ്രമം ലോകം മുഴുവൻ അംഗീകരിച്ചിരിക്കുന്ന തൊഴിൽ നിയമമാണ്. ലേവ്യാ പുസ്തകത്തിൽ 7-ാം അദ്ധ്യായത്തിൽ ഏഴാംവർഷം ഭൂമിക്കു വിശ്രമവും ശബ്ബത്തിന്റെ വിപുലീകരണവുമാണ്. ശബ്ബത്ത് ബന്ധങ്ങളുടെ പുനരാവിഷ്കാരമാണ്. സന്ധ്യയും ഉഷസ്സും ഇല്ലാത്ത, രാത്രിയില്ലാത്ത പുതിയ യെരുശലേമിന്റെ മുന്നനുഭവമാണ്. ദൈവവിശ്രമത്തിൽ പങ്കാളിയായി ലോകത്തെ ദൈവരാജ്യമാക്കി നമുക്കു രൂപാന്തരപ്പെടുത്താം.

***പ്രാർത്ഥന: പ്രിയ ദൈവമേ, നിന്നോടു ചേർന്നു വിശ്രമിക്കാൻ ഞങ്ങളെ സഹായിക്കണമേ, ആമേൻ.***

**നവംബർ 12 വ്യാഴം**

അപ്പൊ.പ്രവ. 16 : 19-34

**വെളിച്ചം എവിടെ?**

ഭാവിഫലം പ്രവചിക്കുന്ന ഒരു അടിമപെൺകുട്ടിയെ സുബോധത്തിലേക്ക് നയിക്കാൻ പൌലൊസിനു സാധിച്ചു. ഭാവി പറയിച്ചു പ്രതിഫലം വാങ്ങിയിരുന്നവർ ആദായം നഷ്ടപ്പെട്ടപ്പോൾ പൌലോസിനും ശീലാസിനും എതിരെ ആരോപണങ്ങൾ ഉന്നയിച്ചു. റോമാക്കാർക്ക് സ്വീകാര്യമല്ലാത്ത ആചാരങ്ങളും പഠനങ്ങളും അവർ പ്രചരിപ്പിക്കുന്നു എന്നായിരുന്നു ആരോപണം. പ്രതിയോഗികൾ അവരെ പ്രഹരിച്ചു തടവറയിലാക്കി. താൻ സഹിച്ച പീഡനങ്ങളുടെ പട്ടികയിൽ (2 കൊരി. 11:23) പൌലോസ് ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്. പീഡനങ്ങൾ സഹിക്കാൻ സാധിച്ചതിൽ അവർ സന്തോഷിച്ചു. അവർ ദൈവത്തെ പാടി സ്തുതിച്ചു. തടവറയിൽ നിന്നും ദൈവം അവരെ വിസ്മയകരമായി രക്ഷിച്ചു. ആ പ്രദേശങ്ങളിൽ സാധാരണ സംഭവിക്കുന്നതാണ് ഭൂമികുലുക്കം. അതവരുടെ മോചനത്തിനു മുഖാന്തരമായി. ചങ്ങലകൾ അഴിഞ്ഞു വീണു തടവുകാർ രക്ഷപെട്ടിരിക്കും എന്ന ഭയത്തിൽ കാരാഗൃഹ പ്രമാണി ജീവനൊടുക്കാൻ ഒരുങ്ങി. "ഞങ്ങളെല്ലാം ഇവിടെ ഉണ്ടെന്ന്" പൌലോസ് വിളിച്ചു പറഞ്ഞു. വെളിച്ചം എവിടെ എന്നു ചോദിച്ചു പ്രമാണി അവരുടെ മുമ്പിൽ വീണു. ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനെ പെലൊസ് കാരാഗൃഹ പ്രമാണിക്കു നൽകി. അവർ കുടുംബമായി യേശുവിൽ വിശ്വസിച്ചു, സ്നാനം ഏറ്റു. പിന്നെ അവർക്കു ഭക്ഷണം നൽകി ഭവനത്തിൽ സ്വീകരിച്ചു. ക്രിസ്തുവാണ് ലോകത്തിന്റെ വെളിച്ചം. പൌലോസും ശീലാസും തങ്ങളുടെ ജീവിതശൈലിയിലൂടെ ആ വെളിച്ചത്തിനു സാക്ഷ്യം വഹിച്ചപ്പോൾ അവർ ക്രിസ്തുവിനെ സ്വീകരിച്ചു. "നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്നു ക്രിസ്തു പറഞ്ഞു. നമ്മൾ ആ പ്രകാശം പ്രസരിപ്പിച്ച് ജനങ്ങളെ ആകർഷിക്കുന്നുണ്ടോ? നമ്മുടെ കൂടെ ജോലി ചെയ്യുന്നവർ, അയൽക്കാർ, സഹപാഠികൾ, ഒരേ തീവണ്ടിയിലും ബസിലും ഒക്കെ യാത്ര ചെയ്യുന്നവർ, നമ്മെ കണ്ടിട്ട് യേശുവിനെ അന്വേഷിക്കുമോ? അന്ധകാരത്തിനു ശക്തി വർദ്ധിച്ചു വരുന്ന ലോകത്തിൽ കൂടുതൽ വെളിച്ചം പകരാൻ ദൈവം നമ്മെ സഹായിക്കട്ടെ.

***പ്രാർത്ഥന: പ്രിയ യേശുവേ, നിനക്കായി നിരന്തരം പ്രകാശിക്കാൻ ഞങ്ങളെ സഹായിക്കണമേ ആമേൻ.***

**നവംബർ 13 വെള്ളി**

ഉല്പ. 18 : 16-33

**അബ്രഹാമിന്റെ മദ്ധ്യസ്ഥത**

മൂന്നു അപരിചിതർ വഴിയേ വന്നപ്പോൾ അബ്രഹാം മമ്രേയുടെ തോപ്പിൽ അവരെ ആദരപൂർവ്വം സ്വീകരിച്ചു ഭക്ഷണം നൽകി. അവർ ദൈവദൂതന്മാരായിരുന്നു. സാറായ്ക്കു ഒരു പുത്രൻ ജനിക്കുമെന്നവർ വാഗ്ദാനവും നൽകി. ആ ദൈവപുരുഷന്മാർ സോദോം ഗൊമോരയിലേക്ക് പോകുകയാണെന്നും അവരുടെ ദുഷ്ടതയ്ക്കു ദൈവത്തിന്റെ ശിക്ഷാവിധി ഉണ്ടാകുമെന്നും ദൂതന്മാർ വെളിപ്പെടുത്തി. അവർ പോയി. അബ്രഹാം ദൈവസന്നിധിയിൽ നിന്നു അബ്രഹാമിന്റെ സഹോദരപുത്രൻ ലോത്തും കുടുംബവും പാർക്കുന്ന സ്ഥലമാണ് ന്യായവിധിക്കു ഇരയായിത്തീരുന്നത്. ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തത് നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് ദൈവവഴിയിൽ നടന്ന് എല്ലാ മനുഷ്യർക്കും അനുഗ്രഹമായിത്തീരാനാണ്. അബ്രഹാം ദൈവവുമായി ഒരു സംവാദത്തിൽ ഏർപ്പെട്ടു. ഈ സംഭാഷണത്തിൽ അബ്രഹാമിന്റെ എളിമയും സാഹസികതയും സ്വാതന്ത്ര്യവും എല്ലാ പ്രകടമാകുന്നു. നീതിമാന്മാർക്കും വേണ്ടി മദ്ധ്യസ്ഥത ചെയ്യുന്ന അബ്രഹാമിന്റെ ചോദ്യം ദുഷ്ടരോടു കൂടെ നീതിമാന്മാരേയും നശിപ്പിക്കുമോ എന്നതാണ്. സർവ്വഭൂമിക്കും ന്യായാധിപനായിരിക്കുന്നവർ നീതി പ്രവർത്തിക്കാതിരിക്കുമോ? പൊടിയും വെണ്ണീറുമായ താൻ കർത്താവിനോടു സംസാരിപ്പാൻ തുനിഞ്ഞല്ലോ. കർത്താവു കോപിക്കരുതേ എന്നും അബ്രഹാം പറഞ്ഞു. 50 നീതിമാന്മാർ, 45 നീതിമാന്മാർ, 40 നീതിമാന്മാർ, 30 നീതിമാന്മാർ, 20 നീതിമാന്മാർ, 10 നീതിമാന്മാർ ഉണ്ടെങ്കിൽ പട്ടണത്തെ നാശത്തിൽ നിന്നു രക്ഷിക്കാം എന്നു ദൈവം പറഞ്ഞു. ദൈവത്തിന്റെ നീതിബോധത്തോടു അബ്രഹാമിന്റെ ആത്മസംഘർഷത്തിൽ നിന്നും ഉയരുന്ന ചോദ്യങ്ങളാണ് ഉന്നയിക്കപ്പെട്ടത്. പാപികൾക്കുവേണ്ടി നീതിമാനായ ദൈവത്തോടു അബ്രഹാം കരുണ യാചിക്കുകയാണ്. എന്നാൽ 10 നീതിമാന്മാർ പോലും അവിടെ ഇല്ലായിരുന്നു. അതിഥികളെ ഭോഗിക്കാൻ ശ്രമിച്ച് അന്ധത പിടിപെട്ടവരാണവർ. അവിടെ ന്യായവിധി ഉണ്ടായി. ലോത്തിന്റെ കുടുംബം രക്ഷപെട്ടു. മോശെ യിസ്രായേൽ ജനത്തിനു വേണ്ടി മദ്ധ്യസ്ഥത ചെയ്തു. ഈ ലോകത്തിനു വേണ്ടി, സഭയ്ക്കുവേണ്ടി, വിശ്വാസികൾക്കു വേണ്ടി ഈ മഹാമാരിയുടെ കാലത്ത് മദ്ധ്യസ്ഥത ചെയ്യാനുള്ള ഉത്തരവാദിത്വം നമ്മെ ഏല്പിച്ചിരിക്കുന്നു എന്നു നാം വിസ്മരിക്കരുത്. അതിനു ദിവസവും നാം സമയം കണ്ടെത്തണം.

***പ്രാർത്ഥന: പ്രിയ യേശുവേ, അവിടുന്നു ഞങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുന്നതിനായി നന്ദിയോടെ സ്തോത്രം ആമേൻ.***

**നവംബർ 14 ശനി**

ലൂക്കൊ. 11 : 5-13

**നിസ്സഹായതയുടെ രാത്രി**

40-50 വർഷങ്ങൾക്കു മുമ്പുള്ള നമ്മുടെ ഗ്രാമത്തിന്റെ ഒരു നേർചിത്രമാണ് ഈ ഉപമ. രാത്രിയിൽ ചൂട്ടുകറ്റയുമായി ദീർഘയാത്ര പോകുന്നതും ഇടയ്ക്ക് പരിചിത ഭവനങ്ങളിൽ കയറി ക്ഷീണം മാറ്റി യാത്ര തുടരുന്നതും ഒരു സാധാരണ സംഭവമായിരുന്നു. രാത്രിയിൽ ഒരു സ്നേഹിതൻ വന്നു. ഭവനത്തിൽ അതിഥിക്കു കൊടുക്കാൻ ഒന്നും ഇല്ല. നിസ്സഹായതയുടെ രാത്രി. വിഭവ ശൂന്യതയുടെ രാത്രി. സ്വാതന്ത്ര്യം ഉള്ളതുകൊണ്ടാണ് അതിഥി വീട്ടിൽ എത്തുന്നത്. അയൽവീട്ടിൽ പോയി 3 അപ്പം വായ്പ വാങ്ങാം. പണ്ട് നാട്ടിൻപുറങ്ങളിൽ അടുത്ത വീടുകളിൽ നിന്നും എന്തു സാധനങ്ങളും കടം വാങ്ങുമായിരുന്നു. അയൽക്കാരന്റെ വീട്ടിൽ ഉണ്ട്; ചോദിച്ചാൽ തരും. ആവശ്യങ്ങൾ വരുമ്പോൾ എല്ലാ വിഭവങ്ങളുടേയും ഉടയവനായ ദൈവത്തോടു ആദ്യം ചോദിക്കണം. അയൽക്കാരന്റെ മനസ്സലിയുമോ എന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ നമ്മുടെ വിശപ്പ് കണ്ട് കുഷ്ഠരോഗിയെ കണ്ട്, പുരുഷാരത്തെ കണ്ട് മനസ്സലിയുന്ന ഒരു ദൈവം നമുക്കുണ്ടെന്നു മറക്കരുത്. അയൽക്കാരന്റെ ഗേറ്റ് എപ്പോഴും പൂട്ടിക്കിടക്കുകയാണോ? പട്ടി കടിക്കും എന്ന ബോർഡ് ഉണ്ടോ? എപ്പോഴും നമുക്കും കടന്നു ചെല്ലാമോ? ഏതു രോഗത്തിലും ദുഃഖത്തിലും നമ്മുടെ കരം പിടിക്കാൻ സന്നദ്ധനായ ഒരു ദൈവം ഉണ്ട് എന്നു നാം മറക്കരുത്. ഞങ്ങൾ നേരത്തെ ഉറങ്ങി. ശല്യപ്പെടുത്തരുത്. കുഞ്ഞുങ്ങൾ കൂടെ കിടക്കുന്നു. അവരെ ഉണർത്താൻ വയ്യ. മക്കൾക്കാണ് പ്രാധാന്യം. കതക് കല്ല് ഉരുട്ടിവച്ച് അടച്ചു. അതു എടുത്തുമാറ്റി തുറക്കാൻ പ്രയാസം. ഇതെല്ലാം കേട്ടിട്ടും സ്നേഹിതൻ മുട്ടി വിളിച്ചു കൊണ്ടിരിക്കും. അവന്റെ ആവശ്യവും നിസ്സഹായവസ്ഥയും അത്ര ശോചനീയമാണ്. അവിടെ ഉണ്ട്. ലഭിച്ചേ മതിയാകൂ. സ്നേഹതിൻ കതകു തുറന്നു വേണ്ടുവോളം കൊടുത്തു. യാചിക്കുക, അന്വേഷിക്കുക, മുട്ടുക. ദൈവം അപ്പം മാത്രമല്ല, പരിശുദ്ധാത്മാവിനേയും തരും എന്നു പറഞ്ഞാണ് ഉപമ അവസാനിക്കുന്നത്. നമ്മുടെ പ്രാർത്ഥനകൾക്കു ദൈവം ഉത്തരം നൽകും. അവൻ നല്ല അയൽക്കാരനാണ്. നാം ചോദിക്കുന്നതല്ല ദൈവം തരുന്നത്. നമ്മുടെ ആവശ്യം അറിഞ്ഞ് സമൃദ്ധിയായി തരും. ഈ നല്ല അയൽക്കാരനിലുള്ള ആശ്രയത്തിൽ നമുക്കു ജീവിക്കാം.

***പ്രാർത്ഥന: പ്രിയ യേശുവേ, നിസ്സഹായതയുടെ രാത്രിയിൽ അവിടുന്നു ഞങ്ങളുടെ സ്നേഹിതനായിരിക്കുന്നതിനായ് നന്ദിയോടെ സ്തോത്രം ആമേൻ.***

**നവംബർ 15 ഞായർ**

ലൂക്കൊ. 1 : 5-23

**സെഖര്യാവിനോടുള്ള അറിയിപ്പ്**

സെഖര്യാവും എലീശബെത്തും നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരുമായിരുന്നു. അവർക്കു കുഞ്ഞുങ്ങളില്ലായിരുന്നു. സെഖര്യാപുരോഹിതന് അതിവിശുദ്ധ സ്ഥലത്ത് ധൂപം കാട്ടുവാൻ അവസരം കിട്ടി. അവിടെ കർത്താവിന്റെ ദൂതൻ പ്രത്യക്ഷനായി. എലീശബെത്ത് നിനക്കൊരു മകനെ പ്രസവിക്കും എന്നൊരു സുവാർത്ത നൽകി. പ്രതീക്ഷിച്ച സ്ഥലത്താണ് ദർശനം. എന്നിട്ടും സെഖര്യാവ് സംശയിച്ചു. ഈ വാർദ്ധകൃത്തിൽ എലീശബെത്തിനു അതു കഴിയുമോ? യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റെ കരുണ എന്നാണ്. പൈതലിന്റെ ജനനം വരെ സെഖര്യാവ് മൗനിയായി പാർത്തു. ദൈവത്തിന്റെ മനുഷ്യാവതാരം ഒരു മിസ്റ്ററിയാണ്. സെഖര്യാവിന്റെ ദർശനം, മറിയയുടെ ദർശനം, ജോസഫിന്റെ ദർശനം, ആട്ടിടയരുടെ ദർശനം, വിദ്വാൻമാരുടെ ദർശനം. നിരവധി ദർശനങ്ങളാണ് ഈ ക്രിസ്തുമസ് കാലത്തെ ധന്യമാക്കുന്നത്. ദൈവം പൈതങ്ങളെ ദാനം ചെയ്യുമ്പോൾ മാതാപിതാക്കൾക്കും വലിയ ഉത്തരവാദിത്വം ഉണ്ട്. ദൈവഹിതം ഗ്രഹിച്ചു അവരെ വളർത്തണം. ലോകദൃഷ്ടിയിലല്ല ദൈവസന്നിധിയിൽ മക്കൾ വലിയവരാകണം. ഒരുക്കമുള്ളോരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കുവാൻ നാസീർ വ്രതത്തിൽ മകനെ വളർത്താൻ ഗബ്രിയേൽ ദൂതൻ സെഖര്യാവിനെ ഏല്പിക്കുന്നു. വാർദ്ധകൃത്തിലുള്ള മാതാപിതാക്കൾ, യോഹന്നാന്റെ ബാല്യത്തിലേ മരിച്ചുപോയതുകൊണ്ട് മരുഭൂമിയിലുള്ള കുമ്രാൻ സമൂഹത്തിൽ യോഹന്നാൻ വളർന്നു എന്നാണ് പാരമ്പര്യരേഖകൾ വ്യക്തമാക്കുന്നത്. നീതിബോധവും ദൈവവിശ്വാസവും നിലനിർത്തി രക്തസാക്ഷിയായ മകനിൽ മാതാപിതാക്കളുടെ ദർശനം നമുക്കു കാണാൻ കഴിയും. കർത്താവ് തന്നിരിക്കുന്ന കുഞ്ഞുങ്ങളുടെ ഭൗതികതയിലല്ല, ആത്മീകതയിൽ അടിമത്തം ഉറപ്പിച്ച് വളർത്തിയെടുക്കാൻ നമുക്കു ശ്രമിക്കാം.

***പ്രാർത്ഥന: യേശുകർത്താവേ, കുഞ്ഞുങ്ങൾ ദാനം ആണെന്നറിഞ്ഞ് അവരെ നീതിപാതകളിൽ അഭ്യസിപ്പിക്കാൻ ഞങ്ങളെ സഹായിക്കണമേ, ആമേൻ.***

**നവംബർ 16 തിങ്കൾ**

ഉല്പ. 11 : 1-9

**ബാബേൽ**

ഇത് സൃഷ്ടിയുടെ വീഴ്ചയുടെ കഥയാണ്. ദൈവ സ്നേഹത്തിന്റേയും മനുഷ്യന്റെ മറുതലിപ്പിന്റേയും കഥയാണ്. രക്ഷകര ചരിത്രത്തിന്റെ ആരംഭവുമാണ്. ഒരേ ഭാഷ, ഒരേ സംസ്കാരം സ്വർഗ്ഗത്തോളം എത്തുന്ന മഹാസൗധം. അവർ കിഴക്കോട്ടു യാത്ര ചെയ്തു ശിനാറിൽ എത്തി. സംസ്കാരം, സാങ്കേതിക ജ്ഞാനം, വാസ്തുവിദ്യ ഇവ ഉപയോഗിച്ചു ദൈവനാമം ഇല്ലാതെ സ്വർഗ്ഗത്തോളം എത്തുന്ന ഗോപുരം മനുഷ്യന്റെ അഹങ്കാരമാണ്. നമുക്കു ഒരു പേരുണ്ടാക്കാം. ആഗോളവത്കരിക്കപ്പെട്ട ആധുനിക ലോകത്തിന്റെ ചിന്തയാണിത്. ഭാഷയും സംസ്കാരവും ചേർന്ന് ഒരു ഏകാധിപത്യം അടിച്ചേൽപ്പിക്കുകയാണ്. നാനാത്വത്തിനു സ്ഥാനമില്ല. രാഷ്ട്രീയ-ധാർമ്മിക- മത മേഖലകളെ ഒരേ അധികാരത്തിൻ കീഴിലാക്കുകയാണ് ഭാരതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും അതാണ്. സ്വർഗ്ഗത്തോളം എത്തുന്ന ഗോപുരം പണിയണം. ദൈവത്തോടു സമന്മാരായിത്തീരണം. തോട്ടത്തിൽ വിലക്കപ്പെട്ട കനി തിന്നതും ദൈവത്തെപ്പോലെയാകുവാനാണ്. ബാബേൽ, ദൈവശാപത്താൽ ലോകം ചിതറിക്കപ്പെട്ട കഥ കൂടിയാണ്. പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മ ശക്തിയിൽ എല്ലാവരും അവരുടെ ഭാഷയിൽ പത്രോസിന്റെ പ്രസംഗം കേൾക്കുന്നതിലൂടെയാണ് മനുഷ്യൻ ദൈവപദ്ധതിയിലേക്കു കൂട്ടിച്ചേർക്കപ്പെട്ടത്. എന്നാൽ ആശ്വാസരഹിതമായ ബാബേൽ കഥയുടെ അന്ത്യം അബ്രഹാമിന്റെ കഥയുടെ തുടക്കമാണ്. ചിതറിക്കലിനു മറുപടി 12-ാം അദ്ധ്യായത്തിൽ അബ്രഹാമിൽ തുടങ്ങി ഇന്നും ചരിത്രത്തിൽ തുടരുകയാണ്. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ദൈവത്തെ നിഷേധിച്ച ബാബേൽ സംസ്കാരത്തിൽ നിന്നും ദൈവാനുഗ്രഹത്തിന്റെ കാണിപ്പാനിരിക്കുന്ന ലോകത്തിലേക്കാണ് അബ്രഹാമിന്റെ യാത്ര. സാംസ്കാരികവും രാഷ്ട്രീയവും ഭാഷാപരവുമായി വിഭജിക്കപ്പെട്ട ഒരു ലോകത്തോടുള്ള പ്രതികരണമായിട്ടാണ് രക്ഷാചരിത്രം അബ്രഹാമിൽ ആരംഭിക്കുന്നത്, ആശയവിനിമയം നഷ്ടപ്പെട്ട ലോകത്തിലാണ് ദൈവം പ്രവേശിക്കുന്നത്. അന്യോന്യം മനസ്സിലാക്കാത്ത മനുഷ്യർക്ക് അനുഗ്രഹമായി രക്ഷാ ചരിത്രം തുടങ്ങുന്നു. ആധുനിക ലോകത്തിൽ രക്ഷാകര ചരിത്രത്തിന്റെ കണ്ണികളായി ദൈവസ്നേഹത്തിന്റെ പുതിയ തുരുത്തുകൾ പണിയാൻ ദൈവം നമ്മെ സഹായിക്കട്ടെ.

***പ്രാർത്ഥന: പ്രിയനാഥാ ആധുനിക വിനിമയങ്ങൾ സുഗമമാക്കി സ്നേഹത്തിന്റേയും ഐക്യത്തിന്റേയും പാതയിൽ നിന്നോടു കൂടെ യാത്ര ചെയ്യാൻ ഞങ്ങളെ സഹായിക്കണമേ ആമേൻ.***

**നവംബർ 17 ചൊവ്വ**

അപ്പൊ. പ്രവ. 1 : 6-11

**യേശു വീണ്ടും വരും**

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനു ശേഷം 40 ദിവസത്തോളം യേശു ശിഷ്യന്മാർക്കു പ്രത്യക്ഷനായി. ദൈവ രാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ ജീവിച്ചിരിക്കുന്നു എന്ന അനേകം ദൃഷ്ടാന്തങ്ങളാൽ ശിഷ്യന്മാർക്കു കാണിച്ചുകൊടുത്തു. യേശു എപ്പോഴാണ് യിസ്രായേലിനു രാജ്യം യഥാസ്ഥാനമാക്കി കൊടുക്കുന്നതു എന്നായിരുന്നു ശിഷ്യരുടെ അന്വേഷണം. യിസ്രായേലിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം യേശു പുനഃസ്ഥാപിക്കുമെന്നു യഹൂദന്മാർ പൊതുവേ ചിന്തിച്ചിരുന്നു. എന്നാൽ യേശുവിന്റെ സ്വപ്നം യിസ്രായേലിന്റെ ഭൗതിക വിമോചനവും രാജത്വവും അല്ലെന്നു ശിഷ്യർ ഗ്രഹിച്ചില്ല. കാലങ്ങളേയും സമയങ്ങളേയും സംബന്ധിച്ചു പിതാവു മാത്രം അറിയുന്നു. പരിശുദ്ധാത്മദാനം അവർക്കു ലഭിക്കുമ്പോൾ ശക്തി പ്രാപിച്ച് യരുശലേമിലും യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം അവർ സാക്ഷികൾ ആകും എന്നു യേശു പറഞ്ഞു. സ്വർഗ്ഗാരോഹണം പിതാവിന്റെ സന്നിധിയിലേക്കുള്ള മടക്കയാത്രയാണ്. മേഘം ദൈവമഹത്വത്തെ സൂചിപ്പിക്കുന്നു. യേശു ദൈവമഹത്വത്തിലേക്ക് പ്രവേശിക്കുകയാണ്. അവൻ പോയതുപോലെ വീണ്ടും വരും എന്നു ദൂതന്മാർ ശിഷ്യരെ ധൈര്യപ്പെടുത്തുന്നു. പൌലോസ് അപ്പോസ്തലൻ വിശുദ്ധ കുർബ്ബാനയെക്കുറിച്ച് കൊരിന്ത്യർക്കെഴുതിയപ്പോൾ 'ഇതു കഴിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയക്കായി ചെയ്‌വീൻ' എന്നു പറഞ്ഞു. "ഇങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" എന്നു പറഞ്ഞു (1 കൊരി 11:26) എല്ലാ വിശുദ്ധ കുർബ്ബാന ശുശ്രൂഷയിലും അവൻ വരും എന്നുള്ള പ്രത്യാശ നാം പുതുക്കുകയാണ്. അതു ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയാണ്. അതുവരെ പരിശുദ്ധാത്മ ശക്തിയിൽ സാക്ഷികളായി നാം ജീവിക്കണം, വീണ്ടും വരുന്ന യേശു നമ്മുടെ പ്രത്യാശയാണ്. അതു സുനിശ്ചിതവുമാണ്.

***പ്രാർത്ഥന: കർത്താവേ, സമയവും കാലവും ഞങ്ങൾക്കു നിശ്ചയമില്ല. അവിടുന്നു എപ്പോൾ വന്നാലും സ്വീകരിക്കാൻ പ്രത്യാശയോടെ കാത്തിരിക്കാൻ ഞങ്ങളെ സഹായിക്കണമേ ആമേൻ.***

---

പ്രതിദിനധ്യാനം തയ്യാറാക്കിയത്

**ലത ജോർജ്ജ്**, അഞ്ചേരി


Karuvatta Salem


Noida Immanuel


Muttom


Navi Mumbai Centre


Pandalam


Karthikapally


Muthukulam



Cheriyapally Pallipadu


Ramapuram


Chunkathara Salem


Vithura



Enathu Marthoma Church


Gudalur St. Thomas


Kurichimuttom St. Johns


Mannady St. Thomas


Panamon Immanuel


Kuriyathi


Vazhikkadavu Bethel


Kizhakkupuram Bethel


Delhi St. Peter's

*Change of Address of Suffragan Metropolitan*

**Rt. Rev. Dr. Geevarghese Mar Theodosius Suffragan Metropolitan**

Mar Thoma Centre, Mandiram P.O., Ranny - 689 672
Pathanamthitta District
Ph: 04735-227487(O), 227760(P), 7045875688(M)
Email: mtcmartheo@yahoo.com.ph

Licence No.RN No.35990/79, Postal Reg.No.KL/TLA-41/2018-20
Licenced to post without pre-payment Licence No.KL/TLA/WPP/84/2018-20

Published on 01-10-2020 **October 2020** Posted at RMS Thiruvalla Price Rs. 10

# Riyadh Mar Thoma Congregation Sevika Sangham

## Saudi Arabia

# 1ST SAUDI MARTHOMITES Women Conference 2020



**Rt. Rev. Dr. Abraham Mar Paulose Episcopa**
(President, Marthoma Suvishesha Sevika Sangham)



**Siji George Cherian**
(RMTC President)



**Manju Anish**
(Convenor)



**Rejo Roy George**
(RMTC Secretary)



Mrs. Mini Joys Thomas (General Secretary, Marthoma Suvishesha Sevika Sangham)

Mrs. Marykutty George (Vice President, Marthoma Suvishesha Sevika Sangham)

Mrs. Mini T. Alex (Treasurer, Marthoma Suvishesha Sevika Sangham)

## Conference Participants

Riyadh Marthoma Parish | Riyadh Carmel Marthoma Congregation | Riyadh Central Marthoma Congregation | Dammam Marthoma Congregation | Jeddah Marthoma Congregation | Al Hassa Marthoma Congregation | Jubail Marthoma Congregation | Jubail St. Thomas Marthoma Congregation | Rastanura Marthoma Congregation | Burayda Christos Marthoma Congregation | Al Kharj Marthoma Congregation

Published by Prof. Dr. Achamma Mathew Printed by Mr.Biju John on behalf of Vanitha Bodhini Publication Board .
Printed at S.V.S Printers Manjadi, Thiruvalla – 689105. Published from Vanithabodhini Mar Thoma Suvisesha Sevika Sanghom Campus Manjadi P.O., Thiruvalla -. 689105. Editor: Prof. Dr. Achamma Mathew.